

*Young visitors evinced keen interest in the exhibits.* Photo by V. ARUTIUNOV

'KIEV, the Scientific and Indus[illegible] Capital of the Soviet Ukraine" exhibition was inaugurated by the then Mayor of Delhi Mr. M.S. Sa[illegible] at the House of Soviet Science, Culture and Art on January 5.

The exhibition, which was the first of its kind in India, displayed the latest scientific developments in various branches of the national [illegible]nomy and introduced viewers to [illegible] dynamic world of scien[illegible] and [illegible]try and to the specific [illegible] [illegible]de by the U[illegible] [illegible] [illegible]g the exhibition [illegible] of both the countries. Underlining the ongoing cooperation between the scientists of the Soviet Union and India he said that it would immensely benefit India.

Among the participants in the exhibition were the Ukrainian Academy of Sciences, one of the major Soviet scientific centres, Yevgeny Paton Electrical Welding Institute, the Institute of Superhard Materials, the Kiev Polytechnic and the Institute of Civil Engineering, to name just a few.

[illegible] scientists of Kiev are taking [illegible] a major development [illegible] me[illegible] CMEA [illegible] low-waste and energy-saving technologies.

The industries section in the exhibition displayed a series of tools, products and equipment manufactured in Kiev, including model aircraft representing the designs of the Soviet Union's leading aircraft named after Antonov, photo cameras made at the "Arsenal" plant, industrial and consumer products of Korolov and electrical appliances made by industrial amalgamations and different types of medical equipment.

Visitors to the exhibition were [illegible]ed the opportunity to take

A. 2011

240570

PUBLIC LIBRARY
KOZHIKODE
240570

# [illegible]

കിഷൻചന്ദ്

SENGUPTA PUBLIC LIBRARY
KOZHIKODE-4.

# അവിശ്വാസി

# AVISWASI

## (KISHAN CHAND)

Translated by

P. M. Kumaran Nair

Publishers:

P. K. Brothers, Calicut.

# അവിശ്വാസി

(കിഷൻ ചന്ദ്)

വിവത്തനം:

പി. എം. കുമാരൻ നായർ

പ്രസാധകന്മാർ:
പി.കെ.ബ്രദേർസ്
കോഴിക്കോട്ട്.

ഒന്നാം പതിപ്പ്
മെയ് 1964
കോപ്പി 1000

പകർപ്പവകാശം
പ്രസാധകന്മാർക്ക്

വില: 2ക.

5897

അച്ചടി
സരോജ് പ്രസ്സ്,
കോഴിക്കോട്ട്.

SENGUPTA PUBLIC LIBRARY • KOZHIKODE-4.
A. 2011

1947 ആഗസ്റ്റ് 2-ാംനു ഞാൻ എൻെറ മാതൃഗൃഹത്തിലായിരുന്നു. ലാലാഗ്രാമത്തിലാണു് എൻെറ മാതൃഗൃഹം. സോദാസിംഗ് കോട്ട എന്ന റെയിൽവേസ്റ്റേഷനു സമീപമാണു് ലാലാഗ്രാമം; സ്റ്റേഷനിൽനിന്നു് ഒരു നാഴികയോളമുണ്ടാവും. ലാലാഗ്രാമത്തിൽ ബ്രാഹ്മണരായ ഞങ്ങളാണു് കൂടുതലുള്ളതു്. പിന്നീടു് ക്ഷത്രിയരാണു്. ഏററവും കുറവു് മുസൽമാന്മാരാണു്. എൻെറ മാതൃഗൃഹത്തിന്നു് ഗുരുഗോസായീമന്ദിരം എന്നാണു് പേർ. ബ്രാഹ്മണരിൽവെച്ചു് ഞങ്ങൾ ഏററവും ഉയർന്നവരാണു്. ആയിരക്കണക്കിൽ കൊല്ലങ്ങളായി ഞങ്ങളുടെ വീട്ടുകാർ ഈ ഗ്രാമത്തിലാണു്. ആ പ്രദേശം മുഴുവൻ ഒരുകാലത്തു് ഞങ്ങളുടേതായിരുന്നുവെന്നു് പറയപ്പെടുന്നുണ്ടു്. ഇന്നും ലാലാഗ്രാമത്തിലെ ഏററവും ഉയർന്ന ഗൃഹത്തിന്നു് കൊട്ടാരമെന്നാണു് പറയുന്നതു്. പരമാൽ ബ്രാഹ്മണർ പ്രഭാവശാലികളായിരുന്ന കാലത്തു നിർമ്മിച്ച കെട്ടിടമാണു് അതു്. അതിഗംഭീരനായ ഒരു

കെട്ടിടം. പഴയകാലത്തെ ഒരു കോട്ടയായിരുന്നു അതു്. അതിൻെറ വടക്കും പടിഞ്ഞാറും മണൽക്കുന്നുകളുടെയും ഉരുളൻകല്ലുകൾ നിറഞ്ഞ ഭൂമിയുടെയും ഒരു നിരയായിരുന്നു. അവിടെ മുള്ളുള്ള ഒരുതരം ചെടികൾ മാത്രമേ വളൎന്നിരുന്നുള്ളു. കൂടാതെ ചൂൽ പുല്ലുകളും വളൎന്നുനിന്നിരുന്നു.

കാററടിച്ചാൽ അവ ഒരററംമുതൽ മറേറ അററംവരെ മൎമ്മരം പുറപ്പെടുവിച്ചുകൊണ്ടു് ആടിക്കളിക്കും. നിൎജ്ജനമായ സമതലത്തിൽ കാട്ടുകോഴികൾ കൂട്ടം കൂട്ടമായി ഓടിപ്പോകുന്ന ഒരു പ്രതീതിയാണു് അപ്പോൾ നമുക്കുണ്ടാവുക. ചൂൽപ്പുല്ലുകളുടെ ഈ കൂട്ടം എനിക്കു് വളരെ ഇഷ്ടമാണു്. ഞാനും ഷാദാമും ഉച്ചസമയത്തു് അവിടെ വെച്ചാണു് കണ്ടുമുട്ടാറുള്ളതു്. അപ്പോൾ അവളുടെ അമ്മ ഉറങ്ങുകയായിരിക്കും. കൊട്ടാരത്തിൻെറ പ്രധാനകവാടം കടന്നാൽ ചോളവയലുകളുടെ മദ്ധ്യത്തിൽക്കൂടി പോകുന്ന ഒരു വഴിയാണുള്ളതു്. ഞാൻ പറയാൻപോകുന്ന സംഭവം നടക്കുന്നകാലത്തു് ചോളച്ചെടികൾ യൗവ്വനാവസ്ഥയിൽ നീണ്ടുനിവൎന്നു നില്ക്കുകയായിരുന്നു. പച്ചപിടിച്ച അവയുടെ ശരീരം നിരവധി പ്രേമികൾക്കു് താങ്ങും തണലുമായി നിലകൊണ്ടു. എന്നാൽ എനിക്കും ഷാദാമിന്നും അധികം ഇഷ്ടമായതു് ചൂൽപ്പുല്ലുകളുടെ കാടാണു്. ഞങ്ങൾ വളരെനേരം വൎത്തമാനങ്ങൾ പറഞ്ഞിരുന്നു് ഒടുവിൽ നിശ്ശബ്ദരായിത്തീരും. ഷാദാമിൻെറ ചുരുണ്ട മുടിയിഴ അവളുടെ വെളുത്ത നെററിത്തടത്തിലേക്കു് ഞാന്നുകിടക്കുകയും അവളുടെ വലിയ വലിയ കണ്ണുകളിൽ പരിഭ്രമവും അസ്വാസ്ഥ്യവും നിഴലിക്ക

കയും ചെയ്യുമ്പോൾ മുൾച്ചെടികളേയും ചൂൽപ്പുല്ലുകളേയും തഴുകിക്കൊണ്ടു് വരുന്ന കാററു് വിചിത്രമായ എന്തോ ചിലതു് ഞങ്ങളുടെ ചെവിയിൽ മന്ത്രിക്കും. അതിന്റെ മന്ദമധുരമായ ശബ്ദങ്ങളിൽ വിചിത്രമായ ഒരു സ്വപ്നത്തിൻെറ ചിലമ്പൊലി കേൾക്കാമായിരുന്നു.

മൃദുലമായ അതിൻെറ മർമ്മരങ്ങൾ സുന്ദരമായ കഥകൾ പറയാൻ തുടങ്ങും. പ്രേമം സവ്വഭിത്തികളും വേലികളും കിടങ്ങുകളും ചാടിക്കടന്നു് അന്ധകാരനിബിഡമായ ചക്രവാളത്തിൽ വർണ്ണാങ്കിതമായ ഒരു രേഖപോലെ തിരതല്ലുകയായിരുന്നു. ചൂൽപ്പുല്ലുകളോടു് കാററു് മധുരമായി സംസാരിക്കുമ്പോൾ ചോളവയലുകളോടു് അതു് ഗൗരവം പാലിക്കുകയാണു്. സമുദായത്തോടും ധർമ്മത്തോടും പഴയ വിചാരങ്ങളോടും അതിന്നു് എന്തോ ഒരു ഭയമുള്ളതുപോലെ. കാററുപോലും ഭയന്നുനില്ക്കുന്ന ഒരു സ്ഥലത്തു് പ്രേമം എങ്ങിനെ തഴച്ചുവളരും? അതുകൊണ്ടാണു് ഞങ്ങൾ ചൂൽപ്പുല്ലുകളുടെ കാടു് തിരഞ്ഞെടുത്തതു്. കാഴ്ചക്കു് അത്യന്തം മനോഹരവും മൃദുലവുമായിത്തോന്നുന്ന അവ ഞങ്ങളുടെ പ്രേമത്തോടു് സദാ അനുഭാവം പ്രദർശിപ്പിച്ചിട്ടുണ്ടു്.

ആഗസ്റ്റു് രണ്ടാംതിയ്യതി ഉച്ചക്കു് നടന്ന സംഭവമാണു്. ഞങ്ങളുടെ പിന്നിൽ ചൂൽപ്പുല്ലുകളുടെ കാടും അതിന്നു പിന്നിൽ ഗ്രാമവുമാണു്. മുമ്പിൽ നോക്കിയാൽ നോക്കെത്താത്ത തരിശുഭൂമി. രാവിലെ മഴ പെയ്തിരുന്നു. ആകാശത്തിൽ വെള്ളമേഘങ്ങൾ പൂവ്വൻകോഴികളെപ്പോലെ തലയുയർത്തിപ്പിടിച്ചു് വെള്ളത്തുള്ളികളേയും വഹിച്ചു

കൊണ്ടു് അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കാററിൽ വെള്ളത്തിൻെറ ശീതളതയുണ്ടായിരുന്നു. നനഞ്ഞ മണ്ണിൻെറ മണം വരുന്നുണ്ടു്. വിദൂരതയിലുള്ള പശ്ചിമചക്രവാളത്തിൽ പ്രകടമായ ക്ഷീണവും നിമ്മലവുമായ പ്രകാശരേഖ കണ്ടാൽ അതു് ഉരുകി ഒരു മഴവില്ലായിത്തീരുമോ എന്നു സംശയിച്ചുപോകും.

എൻെറ കയ്യ് ഷാദാമിൻെറ കയ്യിലായിരുന്നു. ഞങ്ങൾ രണ്ടുപേരും ആ ചക്രവാളത്തെ ആ വഴിയെ വരുന്ന ഒരു പാന്ഥനെന്നപോലെ നോക്കിക്കൊണ്ടുനിന്നു.

ഞാൻ ഷാദാമിൻെറ കൈ പതുക്കെ അമർത്തിക്കൊണ്ടു് ചോദിച്ചു: "നീ ഒരു ദിവസം എന്നെ മറക്കും ഇല്ലേ?"

ഷാദാമിൻെറ മാറിടം ഒരു ദീർഘനിശ്വാസത്താൽ വിജൃംഭിതമായി. അവൾ യാതൊന്നും പറഞ്ഞില്ല. അല്ലെങ്കിൽ അതിന്നു് എന്തു പറയാനാണു്! ആദികാലംതൊട്ടു് പുരുഷൻ സ്ത്രീയോടും സ്ത്രീ പുരുഷനോടും പലവുരു ചോദിച്ചിട്ടുള്ള ഒരു ചോദ്യമാണിതു്. എത്ര പഴയ ഒരു ചോദ്യം! എന്നാൽ ഓരോ തവണയും അതിന്നു് ഒരു പുതുമയുണ്ടു്. അന്നു് ആദ്യമായി ചോദിച്ച ഒരു ചോദ്യമാണതെന്നു് എനിക്കു് തോന്നി,

ഞാൻ വീണ്ടും പറഞ്ഞു: "ഒരുദിവസം നിൻെറ വിവാഹം നടക്കും."

അവളുടെ ദൃഷ്ടി അപ്പോഴും ആ ചക്രവാളത്തിൽ

പതിഞ്ഞിരിക്കുകയായിരുന്നു. അവൾ സാവധാനത്തിൽ എൻെറനേരെ നോക്കാതെ പറഞ്ഞു:

"അതെ, എൻെറ വിവാഹം നടക്കും. നിങ്ങളുടെ വിവാഹം നടന്നില്ലേ? അപ്രകാരംതന്നെ."

"കുട്ടിക്കാലത്തു് മാതാപിതാക്കൾ നടത്തിയ വിവാഹമാണു് എൻേറതു്." ഞാൻ എതിപ്പ്് പ്രകടിപ്പിച്ചുകൊണ്ടു് പറഞ്ഞു.

ഷാദാം പറഞ്ഞു: "എൻെറ ഇഷ്ടപ്രകാരമായിരിക്കും എൻെറ വിവാഹം നടക്കുക എന്നാണോ നിങ്ങൾ കരുതുന്നതു്?"

ഞാൻ തലതാഴ്ത്തിനിന്നു. ഷാദാം ചക്രവാളത്തിൽ നിന്നു് ദൃഷ്ടിതിരിച്ചു. അവൾ നിരാശപ്പെട്ടതുപോലെ തോന്നി. പിന്നീടവൾ ദുഃഖംകൊണ്ടു് കുനിഞ്ഞ എൻെറ മുഖം കൈകൊണ്ടു് പൊക്കി തൻെറ റോസാപ്പൂപോലുള്ള കവിൾത്തടം എൻെറ കവിൾത്തടത്തോടു് ചേർത്തുവെച്ചു. അതിനുശേഷം അത്യധികം സ്നേഹത്തോടും ആത്മവിശ്വാസത്തോടുംകൂടി ഇപ്രകാരം പറഞ്ഞു: "എന്റെ വിവാഹം കഴിയും. എനിക്കു് സന്താനങ്ങളുമുണ്ടാകും. കുട്ടികൾക്കു് നല്ലൊരമ്മയായും ഭർത്താവിന്നു് വിശ്വസ്തയും പതിവ്രതയുമായ ഒരു പത്നിയായും ഞാൻ ജീവിക്കും. എനിക്കും ഒരു കുടുംബമുണ്ടാകും. ഒരു സ്ത്രീ ജീവിതത്തിൽ ആഗ്രഹിക്കുന്ന എല്ലാ സുഖങ്ങളും എനിക്കു് ലഭിക്കുകയും ചെയ്യും. എന്നാൽ എൻെറ ഉള്ളിൽ, ഉള്ളിൻെറ ഉള്ളിൽ, കരളിന്നും അപ്പുറത്തു്, ഒരു സ്ത്രീയുടെ ആത്മാവു് സ്ഥിതി

ചെയ്യുന്നതെവിടെയോ അവിടെ നിങ്ങൾ സദാ ഉണ്ടായിരിക്കും.''

"അപ്പോൾ നീ എന്നെ ഓർമ്മിക്കും അല്ലേ?'' ഷാദാം എന്തോ പറയാൻ ഭാവിച്ചപ്പോഴേക്കും ദൂരത്തെവിടേനിന്നോ ചൂൽപ്പുല്ലുകളുടെ ഇടയിൽ ഒരു ശബ്ദം കേട്ടു. അവൾ പെട്ടെന്ന് നിശ്ശബ്ദയായി. ഞങ്ങൾ രണ്ടുപേരും ശ്വാസമടക്കിക്കൊണ്ട് ആ ധ്വനി കേൾക്കുവാൻ തുടങ്ങി. ഞങ്ങൾക്ക് അതീവഭയവും ആശ്ചര്യവുമുണ്ടായി. എന്തെന്നാൽ ആ സമയത്ത് ആ വഴിയെ ആരും വരാറുണ്ടായിരുന്നില്ല.

ശബ്ദം അടുത്ത് വന്നു തുടങ്ങിയപ്പോൾ ഞങ്ങൾ ശബ്ദമുണ്ടാക്കാതെ ഒരു പൊന്തയുടെ ഉള്ളിലേക്ക് മാറി നിന്നു.

പെട്ടെന്ന് ഒരു പ്രധാന സ്ഥലത്തുവെച്ച് ശബ്ദം നിലച്ചു. ആ ഭാഗത്തുനിന്ന് ആരോ പറയുന്നതുകേട്ടു: "അസ്സലാം അലെയ്ക്കും''

മറുപടിയായി മറെറാരാൾ പറഞ്ഞു: "വ അലെയ്ക്കും അസ്സ്ലാം.'' ഷാദാം രണ്ടാമത്തെ ശബ്ദം തിരിച്ചറിഞ്ഞു. അവൾ ഉറക്കെ നിലവിളിക്കാൻ ഭാവിച്ചു. പെട്ടെന്ന് ഞാൻ അവളുടെ വായ പൊത്തി. ആ ശബ്ദം എനിക്കും മനസ്സിലായി. അത് അവളുടെ ജ്യേഷ്ഠൻ ഉഫൈലിൻെറതായിരുന്നു. ഉഫൈലും ഷാദാമും ലാഹോർ കോളേജിലായിരുന്നു പഠിച്ചിരുന്നത്. മദ്ധ്യവേനൽ ഒഴിവുകാലത്ത് ഗ്രാമത്തിൽ വന്നതാണ് അവർ.

ആദ്യം സംസാരിച്ച മനുഷ്യൻ പറഞ്ഞു:- "അലി പൂർ സൈഭയിലെ പീർജമായത്ത് അലീഷായാണ് എന്നെ ഇങ്ങോട്ടയച്ചത്."

തുഫേൽ: ഏതു് ജമായത്ത് അലീഷയാണ്?

മറെറ ആൾ: ധീർ ഗഞ്ചിലെ പീർ ജമായത്ത് അലീഷ.

തുഫേൽ: എന്താണ് വിശേഷം?

മറെറ ആൾ: ഇവിടുത്തെ നമ്പർദാർ സർബുള ന്തിൻെറ പേരിൽ ഒരു കത്തുണ്ട്.

തുഫേൽ: സർബുളന്തിൻെറ മകനാണ് ഞാൻ.

അപരിചിതൻ അല്പനേരം ഒന്നും സംസാരിക്കാതെ നിന്നശേഷം സാവധാനത്തിൽ പറഞ്ഞു: "ലാലാഗ്രാമത്തിൽ ഇതുവരെ നിങ്ങൾ ആ പരിപാടി തുടങ്ങീട്ടില്ലെന്നു് പീർ ജമായത്ത് അലീഷ ഓമ്മിപ്പിച്ചിരിക്കുന്നു. ഇതു ശരിയായിട്ടില്ലെന്നും ആഗസ്റ്റ് 15-ാംതിയ്യതിക്കുള്ളിൽ എല്ലാ കാര്യങ്ങളും ചെയ്യുതീക്കണമെന്നും അദ്ദേഹം പറഞ്ഞയച്ചിരിക്കുന്നു."

തുഫേൽ: എന്തു കാര്യങ്ങൾ?

അപരിചിതൻ: ആഗസ്റ്റ് പതിനഞ്ചാംതിയതി ആവുമ്പോഴേക്കു് ഗ്രാമത്തിലുള്ള എല്ലാ ഹിന്ദുയുവാക്കളേയും വധിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ടു്. ഹിന്ദു ഗൃഹങ്ങളിലെ എല്ലാ യുവതികളേയും പിടിച്ച് അധീനത്തിൽ വെക്കണമെന്നും വൃദ്ധരായ സ്ത്രീപുരുഷ

ന്മാരേയും കുട്ടികളേയും വിട്ടുകളയണമെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

ഷാദം എൻെറ മാറിലേക്കമെന്നു. ഞങ്ങളുടെ ഹൃദയങ്ങൾ ശക്തിയായി മിടിക്കാൻ തുടങ്ങി. ഞങ്ങൾ അന്യോന്യം നോക്കുകയും ആലിംഗനബദ്ധരായി നില്ക്കുകയും ചെയ്തു.

അല്പസമയം കഴിഞ്ഞപ്പോൾ തുഫെൽ പറഞ്ഞു: "നിങ്ങളുടെ പീർ ജമാ അത് അലീഷായുടെ പേരിൽ എൻെറ പിതാവും ഒരു സന്ദേശം നൽകീട്ടുണ്ട്."

അപരിചിതൻ: എന്താണതു്?

തുഫെൽ: ഈ പ്രവൃത്തി ഞങ്ങൾക്കാവില്ലെന്നും വളരെ വളരെ കൊല്ലങ്ങളായി ഞങ്ങൾ ഈ ഗ്രാമത്തിൽ ഒന്നിച്ചു ജീവിച്ചുവരികയാണെന്നും എൻെറ പിതാവ് പറഞ്ഞയച്ചിട്ടുണ്ട്.

"എന്നാൽ അലീപൂർ സൗദക്കാരായ ഞങ്ങൾതന്നെ ഇവിടെവന്നു് ആ കാര്യം നിർവ്വഹിച്ചുകൊള്ളും." അപരിചിതൻ അല്പം ഭീഷണിസ്വരത്തിൽ പറഞ്ഞു.

തുഫെൽ ഒന്നും മിണ്ടിയില്ല. വളരെനേരത്തോളം ആ വിജനപ്രദേശം നിശ്ശബ്ദതയിലാണ്ടു. ഒടുവിൽ മൗനം ഭഞ്ജിച്ചുകൊണ്ടു് അപരിചിതൻ പറഞ്ഞു: "എന്നാൽ ഞാൻ പോകട്ടെ."

രണ്ടു മനുഷ്യരും ആ കാട്ടിനുള്ളിലൂടെ രണ്ടുവഴിക്കു പോയി. അവർ ഞങ്ങളിൽനിന്നു് വളരെ അകന്നു.

അല്പസമയം കഴിഞ്ഞപ്പോൾ വീണ്ടും അവിടെ നിശ്ശബ്ദത വ്യാപിച്ചു.

ഞാൻ വേഗത്തിൽ ഷാദാമിനെ എൻെറ മാറിടത്തിൽനിന്നു് വേർപെടുത്തിക്കൊണ്ടു് പറഞ്ഞു: "നീ ഉടൻതന്നെ വീട്ടിലേക്കു പോകണം."

അവൾ എന്നെ ശക്തിയായി കെട്ടിപ്പിടിച്ചുകൊണ്ടു് പറഞ്ഞു: "ഇല്ല; ഞാൻ പോവില്ല. നിങ്ങൾ പോകുന്നേടത്തു് ഞാനും വരും."

ഞാൻ മങ്ങിയ ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു: "നീ എല്ലാം കേട്ടില്ലേ?"

അവൾ ഭയചകിതയായി എന്നെനോക്കി പറഞ്ഞു: "ഇല്ല, ഇല്ല; അവർ അങ്ങിനെ ചെയ്യില്ല. അവർക്കതു് സാദ്ധ്യമല്ല; തീച്ച. നമ്മളെല്ലാവരും ഈ ഭൂമിയുടെ മക്കളാണു്."

ഞാൻ: ഷാദാം, ഭൂമി ഒരിക്കലും വിഷം തുപ്പുകയില്ല. ഭൂമിയിൽ ഹരിതവർണ്ണത്തിലുള്ള സസ്യങ്ങൾ മാത്രമാണു് വിളയുന്നതു്. എന്നാൽ പുറമേനിന്നു് വിഷക്കാററടിച്ചാൽ സസ്യശ്യാമളമായ വയലുകൾ മുഴുവൻ ഉണങ്ങുന്നതു് നീ കണ്ടിട്ടുണ്ടായിരിക്കും. ഇതു് ഭൂമിയുടെ കുററമല്ല.

ഷാദാം തലകുനിച്ചു. ഞാൻ അവളെ എന്നിൽനിന്നു് വേർപെടുത്തിക്കൊണ്ടു് പറഞ്ഞു: "നീ വേഗത്തിൽ വീട്ടിൽ പോകണം. ഇല്ലെങ്കിൽ ആപത്തുണ്ടാ

ദ്ധം. എത്രയോ ഹത്യകൾ നടത്തീട്ടും ഇതിന്നു് ഒരവസാനം കണ്ടിട്ടില്ല. അതുകൊണ്ടു് ആശക്കു് വഴിയില്ല. ഷാദാം. അവർ സൂത്രക്കാരാണ്. നമ്മുടെ രാജ്യത്തെ വെട്ടിമുറിക്കാൻ പോകയാണവർ. ഒന്നാമതായി അവർ നമ്മുടെ മനസ്സുകളെ വെട്ടിമുറിച്ചു. ഭാഗമുണ്ടാവുന്നതു് ആദ്യം മനസ്സിൽവെച്ചാണു്.

ഷാദാം അല്പം പരിഭവത്തോടുകൂടി പറഞ്ഞു: "നിങ്ങൾ എന്തിനാണു് ഇതെല്ലാം എന്നോടു് പറയുന്നതു്?"

ഞാൻ: നിന്നോടല്ല, ഈ കാടിനോടാണു് ഞാൻ സംസാരിക്കുന്നതു്. എന്നെ സംബന്ധിച്ചേടത്തോളം എല്ലാ ആശകളും നശിച്ചിരിക്കയാണു്. നീ ഉടനെ വീട്ടിൽ പോകു. ഞാൻ കൊട്ടാരത്തിൽചെന്നു് ഈ വിവരം കൊടുക്കട്ടെ.

ഷാദാം കരഞ്ഞുകൊണ്ടു് അവിടെനിന്നു് പോയി. ഞാൻ കൊട്ടാരത്തിൽചെന്നു് വിവരമെല്ലാം പറഞ്ഞു. ലാലാഗ്രാമത്തിൽ അയൽഗ്രാമങ്ങളിൽനിന്നു് വിവാഹം ചെയ്തുകൊണ്ടുവന്ന നിരവധി ബ്രാഹ്മണയുവതികളും ക്ഷത്രിയയുവതികളും വളരെക്കാലമായി ജീവിച്ചുവരികയാണു്. ഇതു് കേട്ട ഉടനെ അവിടെ ഒരു കൂട്ടനിലവിളി തന്നെയുണ്ടായി. അല്പസമയത്തിനുള്ളിൽ നമ്പർദാർ സർബുളന്തു് ഓടിക്കിതച്ചു് ഞങ്ങളുടെ വീട്ടിലെത്തി. ആയാൾ എൻെറ മുത്തശ്ശി ഈശാർകൗറിനെ വളരെ ബഹുമാനിച്ചിരുന്നു. ഗ്രാമത്തിൽവെച്ചു് ഏററവും പ്രായം ചെന്ന സ്ത്രീയായിരുന്നു അവർ. ഗ്രാമത്തിലെ ഹിന്ദുക്ക

ളും മുസൽമാന്മാരും സിക്കുകാരുമെല്ലാം അവരെ ബഹുമാനിച്ചിരുന്നു. 85 വയസ്സ് പ്രായമുണ്ടായിരുന്നു അവർക്ക്. പക്ഷെ, കാഴ്ചക്ക് നൂറുവയസ്സ് തോന്നിച്ചിരുന്നു. അവർ നമ്പർദാരെ ഒരുപടി ശകാരിച്ചു. അവർ ക്രുദ്ധയായി നമ്പർദാരോട്ട് പറഞ്ഞു:

"എടാ, സർബുലന്ത്. എന്താണ് ഞാൻ ഈ കേൾക്കുന്നത്? നിങ്ങളെല്ലാം നശിച്ചുപോകുമെടാ."

സർബുലന്ത് അടുത്തുവന്ന് ഈശ്വർകൗറിനോട്ട് പറഞ്ഞു: "അമ്മാ, ഞങ്ങൾ നിങ്ങളുടെ മക്കളാണ്. ഞങ്ങൾക്ക് ജീവനുള്ളേടത്തോളം കാലം അലിപൂർസൗദക്കാർ ഈ ഗ്രാമത്തിലെ അമ്മപെങ്ങന്മാരുടെനേരെ തലയുയർത്തി നോക്കില്ല. ഗ്രാമത്തിലെ മുസൽമാന്മാർ മുഴുവൻ ഈ തീരുമാനത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്."

അവരുടെ ചുക്കിച്ചുളിഞ്ഞ മുഖം പുഞ്ചിരിയാൽ പ്രസന്നമായി. സർബുലന്ത് നമ്പർദാർ ഒരിക്കലും കളവുപറയുകയില്ലെന്ന് ഈശ്വരകൗറിന്നറിയാം. അവർ നിശ്ചിന്തരായിത്തീർന്നു. അവർക്ക് സമാധാനമായപ്പോൾ ബാക്കി എല്ലാവർക്കും സമാധാനമായി. കെട്ടുകെട്ടിയ സാധനങ്ങൾ വീണ്ടും അഴിച്ച് സ്വസ്ഥാനത്ത് പ്രതിഷ്ഠിച്ചു. വീട്ടമ്മമാർ അടുപ്പിൽ തീ പൂട്ടുവാൻ തുടങ്ങി; യുവതികൾ കണ്ണാടിനോക്കി കണ്ണുകളിൽ മഷിയെഴുതി; സ്വന്തം സൗന്ദര്യത്തിൽ ലജ്ജിച്ച് അവർ മൂട്ടപടത്തിന്നുള്ളിലേക്ക് ഒളിച്ചു.

രണ്ടുമൂന്നുദിവസം യാതൊരു കുഴപ്പവുമില്ലാതെ കഴിഞ്ഞു. ഒരപകടവുമുണ്ടായില്ല. ഹിന്ദുക്കളും മുസൽമാന്മാരും ചേൎന്ന് ഗ്രാമത്തിന്നു് കാവൽ നിന്നു. എന്നാൽ പരിഭ്രമിക്കത്തക്ക ഒരു കാര്യമുണ്ടായതെന്തെന്നാൽ അയൽഗ്രാമങ്ങളിൽനിന്നു് ധാരാളം ബ്രാഹ്മണ-ക്ഷത്രിയ കുടുംബങ്ങൾ ലാലാഗ്രാമത്തിൽ അഭയംതേടിവന്നിരുന്നു എന്നതാണു്. എവിടെയും ലഹളയൊന്നുമുണ്ടായില്ല. എന്നാൽ കൊടുങ്കാററ് വരുന്നതിന്നുമുമ്പ് പക്ഷികൾ മണത്തറിഞ്ഞു് കൂടുവിട്ടു് പല ദിക്കുകളിലേക്കും പറന്നുപോകുന്നതുപോലെയാണു് ലാലാഗ്രാമത്തിൽ ഹിന്ദുക്കൾ കൂട്ടം കൂട്ടമായി വന്നുനിറഞ്ഞതു്.

എന്നാൽ ആഗസ്റ്റ് അഞ്ചാംതിയ്യതി അലിപ്പൂർ സൌദാഗ്രാമത്തിൽനിന്നു് ചെണ്ട മുട്ടുന്ന ശബ്ദം കേട്ടു. ചെണ്ടയുടെ ശബ്ദം ഉച്ചത്തിലായി അടുത്തുകൊണ്ടിരുന്നു. കൊട്ടാരത്തിനുള്ളിൽനിന്നു് സ്ത്രീകളുടെ നിലവിളി പൊന്തി. വളരെ സ്ത്രീകൾ ബോധരഹിതരായി. കുട്ടികൾ കരഞ്ഞുകരഞ്ഞു് ബഹളമുണ്ടാക്കി. ആ സമയത്തു് നമ്പർദാർ സർബ്ബുലന്ത് വന്നു് ഇപ്രകാരം പറഞ്ഞു:

"അലീപൂർ സൗദയിൽനിന്നു് അഞ്ഞൂറു് മുസൽമാന്മാരുടെ ഒരു സംഘം ഇങ്ങോട്ടു് വരുന്നുണ്ടു്. അവരെ തടുക്കുവാൻ ഞങ്ങൾ അൻപതുപേരേയുള്ളു. എനിക്കു് നിങ്ങളെ രക്ഷിക്കാനാവില്ല. അതുകൊണ്ടു് അവനവൻെറ രക്ഷ നോക്കുന്നതാണു് നല്ലതു്."

സർബ്ബുലന്ത് പോയശേഷം അവിടെ നടന്ന പരാക്രംപാച്ചിൽ വിവരിക്കുക സാദ്ധ്യമല്ല. അമ്മ മകളെ

മറന്നു; മകൾ അച്ഛനേയും അച്ഛൻ മകനേയും വിസ്മരിച്ചു. ഓരോരുത്തരും കണ്ടവഴിക്കു് ഓടുവാൻ തുടങ്ങി. അല്പസമയത്തിനുള്ളിൽ ആ വലിയ കൊട്ടാരം മുഴുവൻ ശൂന്യമായിത്തീൎന്നു. മുത്തശ്ശിഅമ്മ മാത്രം ഇരുളടഞ്ഞ ഒരു മൂലയിൽ ഒരു കട്ടിലിന്മേൽ നിശ്ശബ്ദയായിക്കിടക്കുന്നുണ്ടു്. ഞാൻ അവരുടെ അടുത്തുചെന്നു. അവർ എന്നേനോക്കി പറഞ്ഞു: "എടാ കുരുത്തംകെട്ടവനേ, നീ പോയില്ലേ?"

ഞാൻ: മുത്തശ്ശി, നിങ്ങളേയുംകൊണ്ടു് പോകാനാണു് ഞാൻ വന്നതു്.

മുത്തശ്ശി: എങ്ങിനെയാണു് കൊണ്ടുപോകുന്നതു്! എനിക്കു് നടക്കാൻ വയ്യല്ലൊ!

ഞാൻ: ഞാൻ നിങ്ങളെ ചുമലിൽ എടുത്തു് കൊണ്ടുപോകാം.

വൃദ്ധ നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു; "എന്റെ മക്കൾ എന്നെ കൊണ്ടുപോയില്ലല്ലോ. പിന്നെ എന്തിനാണു് നീ വന്നതു്?"

ഞാൻ: ഞാൻ കൊണ്ടുപോകാം.

ഇത്രയും പറഞ്ഞു് അവരെ ചുമലിൽ എടുത്തുവെക്കുവാൻവേണ്ടി ഞാൻ അടുത്തേക്കുചെന്നു.

അവർ പറഞ്ഞു: "മാറിനില്ക്കു്; എന്നെ തൊടരുതു്. ഞാൻ ഇവിടെ കിടന്നോളാം."

ചെണ്ടയുടെ ശബ്ദം അടുത്തടുത്തു് വരാൻ തുടങ്ങി. ഞാൻ പറഞ്ഞു: "മുത്തശ്ശീ, നിങ്ങൾ കേട്ടില്ലേ ചെണ്ട

യുടെ ശബ്ദം അടുത്തുവരുന്നത്? അവർ സമീപത്തെ ത്തിക്കഴിഞ്ഞു.''

മുത്തശ്ശി: ഞാൻ അത് നല്ലവണ്ണം കേൾക്കട്ടെ. മേലിൽ അത് കേൾക്കാതിരിക്കാൻ ഈശ്വരാനുഗ്രഹമു ണ്ടാകട്ടെ; നീ പൊയ്ക്കൊള്ളൂ. ഞാൻ ഇവിടെ കിടന്നോ ളാം. അവർ എന്നെ ഒന്നും ചെയ്യില്ല. പീർ ജമായ ത്ത് അലിഷാ! അവൻ എൻെറ മുമ്പിൽ വരട്ടെ, അ വൻ ജനിക്കുന്നതിന്നു മുമ്പ്, അവൻെറ അമ്മയുടെ വി വാഹം നടന്നപ്പോൾ ഞാൻ അലീപൂർ സൗദയിൽ പോ യി അവൻെറ അമ്മക്ക് വിവാഹസമ്മാനം കൊടുത്തവ ളാണ്. അവൻ എൻെറ മുമ്പിലേക്ക് ഒന്നു വരട്ടെ.

ഞാൻ: പക്ഷെ, മുത്തശ്ശി... ...

മുത്തശ്ശി: നീ പൊയ്ക്കൊള്ളൂ. എൻെറ മുമ്പിൽ വെച്ച് നീ ജീവൻ കളയേണ്ട. എനിക്കധികം സംസാ രിക്കാൻ വയ്യ.

മുത്തശ്ശി കട്ടിലിൽ ഒന്ന് തിരിഞ്ഞുകിടന്നു, മുഖം തിരിച്ചു, ഞാൻ നിശ്ശബ്ദനായി കൊട്ടാരത്തിൽനിന്നു് ഇറങ്ങിപ്പോകയും ചെയ്തു.

ഞാൻ പുറത്തിറങ്ങി ചോളവയലിൻെറ മധ്യ ത്തിൽക്കൂടി പോകുന്ന വഴിയിലേക്കാണ് ആദ്യം തിരി ഞ്ഞത്. പിന്നീട് എനിക്ക് പെട്ടെന്ന് ഒരു കാര്യം ഓർമ്മവന്നതിനാൽ ആ വഴി വിട്ട് കൊട്ടാരത്തിൻെറ പിന്നിലുള്ള പുൽപ്പുൽക്കാട്ടിലൂടെ മുമ്പോട്ട് നടന്നു. അ പ്പോൾ ചെണ്ടയുടെ ശബ്ദത്തോടൊപ്പം അല്ലാഹോ

അക്ബർ എന്ന മുദ്രാവാക്യവും കേൾക്കാൻ തുടങ്ങി. അ ല്ലാഹോ അക്ബർ, അതായതു് ദൈവം മഹാനാണു്; മ നുഷ്യനാകട്ടെ തുച്ഛനും സങ്കുചിതനും നീചനും വെറുപ്പി ൻെറ സൃഷ്ടിയുമാണു്. സഭ്യതയുടെ ഉയൎന്ന കൊടുമുടി യിൽ കയറിയിട്ടുപോലും തൻെറ നീചപ്രകൃതിയെ പ്രദ ശിപ്പിക്കാതിരിപ്പാൻ അവന്നു് കഴിയുന്നില്ല. കാരണം, അവൻ മനുഷ്യനാണു്; ദൈവമല്ല. അതുകൊണ്ടു് ആ മുദ്രാവാക്യത്തിന്നു് ഞാൻ അത്ര മഹത്വമൊന്നും കല്പിച്ചി ല്ല. അങ്ങിനെ ഞാനും ഷാദാമും ഉച്ചക്കു് ഒന്നിച്ചിരി ക്കാറുള്ള ആ സ്ഥലം അവസാനമായി ഒന്നു കാണുവാൻ വേണ്ടി കാട്ടിലൂടെ നടന്നു. ഞാൻ അത്യന്തം മമതയോ ടെ ആ സ്ഥലം വീക്ഷിച്ചു. അവിടെ വിശേഷവിധി യായി യാതൊന്നുമുണ്ടായിരുന്നില്ല. ഒരു മണൽതിട്ടു ണ്ടു്, അതിൻെറ മുകളിലാണു് ഞങ്ങൾ ഇരിക്കാറുള്ളതു്. മുൻഭാഗത്തു് തരിശുനിലം. ചക്രവാളം ചെമ്മണ്ണിന്റെ നിറമുള്ള മേഘങ്ങളാൽ മൂടപ്പെട്ടിരുന്നു. അവിടെ യാ തൊന്നുമുണ്ടായിരുന്നില്ല. സസ്യശ്യാമളമായ വയലുക ളോ ഫലങ്ങൾ നിറഞ്ഞ വൃക്ഷങ്ങളോ സുന്ദരമായ പുഷ്പ ങ്ങളോ വൎണ്ണശബളമായ ചക്രവാളമോ അരുവിയോ പ ൎവ്വതമോ വെള്ളമോ തടാകമോ ഒന്നുംതന്നെ അവിടെയു ണ്ടായിരുന്നില്ല. ആ ഭൂമിയെപ്പറ്റി ഒരു കവിത രചി ക്കാനും സാദ്ധ്യമല്ലായിരുന്നു. എന്നിരുന്നാലും ആ സ്ഥ ലം എനിക്കു് സ്വൎഗ്ഗമായിരുന്നു.

"ഷാദാം! ഷാദാം!" ഞാൻ ഒച്ചയിട്ടു വിളിച്ചു. ഞങ്ങൾതമ്മിൽ കണ്ടുമുട്ടിയിരുന്ന സമ്പ്രദായമിതായിരു ന്നു. അവൾ ചുൾപ്പുല്ലുകൾക്കിടയിൽ ഒളിച്ചിരിക്കും.

ഞാൻ വന്നാൽ അവളെ വിളിക്കും. അവൾ കാട്ടിൽനിന്ന് പുറത്തേക്കുവന്ന് എൻെറ കഴുത്തിൽ കെട്ടിപ്പിടിക്കും. അപ്പോൾ അവൾ അവിടെയില്ലെന്ന് എനിക്കറിയാം. എന്നിട്ടും എൻെറ മനസ്സ് മന്ത്രിച്ചു: 'ഷാദാം; ഷാദാം!'

എന്നാൽ അവിടെ ആരുമുണ്ടായിരുന്നില്ല. കാട്ട് നിശ്ചലമായിരിക്കുകയാണ്. ചൂൽപ്പുല്ലുകളുടെ ശിരസ്സിൽ സന്ധ്യയുടെ കറുപ്പ് കുറേശ്ശെ ബാധിച്ചുതുടങ്ങീട്ടുണ്ട്. ഞാൻ അതിവേഗം അവിടെനിന്ന് ഓടി. സോഭാസിംഗ്കില സ്റ്റേഷനിലേക്കാണ് ഓടിയത്. രാത്രി എട്ടരമണിക്കുള്ള വണ്ടിയിൽ നാറോവാളിൽ എത്താൻ കഴിഞ്ഞാൽ അവിടെനിന്ന് എനിക്ക് ലാഹോർവണ്ടി കിട്ടും. ലാഹോറിലാണ് എൻെറ അച്ഛൻ താമസിച്ചിരുന്നത്.

സുമാർ മുക്കാൽ മണിക്കൂറിനുശേഷം ഞാൻ ചുററിത്തിരിഞ്ഞു് കിലാസോദാസിംഗ് സ്റ്റേഷനിൽ എത്തി. അപ്പോഴേക്കും നല്ലപോലെ ഇരുട്ടായിരുന്നു. സ്റ്റേഷന്നട്ടുത്തു് ഒരു വലിയ ആൽവൃക്ഷമുണ്ട്. അതിൻെറ വേട്ടുകൾ നിലത്തേക്ക് ഞാന്നുകിടന്നിരുന്നു. അവിടെ കൂരിരുട്ടാണ്. ആ ഇരുട്ടിൽ നിഴലുകൾ ഭയാനകമായ ലീലകൾ ചെയ്യുകയായിരുന്നു. ഓരോ കാൽവെപ്പും മരണത്തോടടുപ്പിക്കുകയാണെന്നു് തോന്നി. ഞാൻ ധൈര്യപൂർവ്വം മുമ്പോട്ടുനടന്നു. പെട്ടെന്നു് വടവൃക്ഷത്തിൻെറ പിന്നിൽനിന്നു് ഒരു നിഴൽ എൻെറ നേർക്ക് ചാടി. ഞാൻ പെട്ടെന്നു് തിരിഞ്ഞു് കൈകൾ ഉയർത്തി. ഉടൻതന്നെ

ഷാദാം എൻെറ ബാഹുവലയത്തിൽ അകപ്പെട്ടു. അവളുടെ കമ്മീസിൻെറ കൈകൾ കീറിയിരുന്നു. കാലിൽ ചെരുപ്പില്ലാതെയാണ് അവൾ ഓടി വന്നിരുന്നത്, അവൾ ഉടനെ പറഞ്ഞു:

"ഞാൻ തുഫേലിനോട്ട് സർവ്വവിവരങ്ങളും പറഞ്ഞിട്ടുണ്ട്. അയാൾ നിങ്ങളെ ലാഹോറിൽ സുരക്ഷിതമായി എത്തിക്കും."

ഞാൻ: തുഫേൽ എന്നെ കൊല്ലുകയൊന്നുമില്ലല്ലൊ.

ഷാദാം: ഒരിക്കലും ഇല്ല. ഞാൻ ആയാളോട്ട് വാഗ്ദത്തം ചെയ്തിട്ടുണ്ട്, അയാളുടെ സുഹൃത്തായ ആഫ്താബിനെ കല്യാണം കഴിക്കാമെന്ന്. അയാൾ വളരെ കാലമായി എന്നെ വിവാഹം ചെയ്‌വാൻ ആഗ്രഹിച്ചിരിക്കുകയാണ്,

അവൾ ബദ്ധപ്പെട്ട്, പരിഭ്രാന്തയായിട്ടാണ് ഇതെല്ലാംപറഞ്ഞത്. അവളുടെ തൊണ്ടയിൽ വെള്ളം വററിപ്പോകുന്നതായിതോന്നി.

ഞാൻ: തുഫേൽ എവിടെയുണ്ട്?

അവൾ: സ്റ്റേഷനിൽ നിങ്ങളെയും കാത്തുനില്ക്കയാണ്. ലാഹോറിൽ എത്തിയശേഷം നിങ്ങളുടെ കയ്യക്ഷരത്തിലുള്ള കത്ത് എനിക്കു കൊണ്ടുവന്നു തരാമെന്നാണ് ഏററിട്ടുള്ളത്. കത്തു കൊണ്ടുവന്നില്ലെങ്കിൽ ഞാൻ എൻെറ പ്രാണൻ കളയും.

പെട്ടെന്നവൾ നിർത്തി. ഒരു ദീർഘനിശ്വാസം ചെയ്തുകൊണ്ട് പറഞ്ഞു:— "നിങ്ങൾ പോകൂ." ഭൂമി എൻെറ

പാദങ്ങൾക്കു താഴെനിന്നു് വഴുതിപ്പോയതായി എനിക്കു തോന്നി. എൻെറ കാലുകൾ കുഴഞ്ഞു. ഞാൻ നില ത്തിരുന്നു് ഷാദാമിൻെറ കാലുകൾ കെട്ടിപ്പിടിച്ചു് കരയു വാൻ തുടങ്ങി.

ഞാൻ: നിന്നെ വിട്ടു ഞാൻ എങ്ങിനെ പോകും? ഷാദാം, ഇല്ല, ഞാൻ പോവില്ല.

അവൾ: എഴുന്നേല്ക്കൂ, നിങ്ങൾക്ക് ഭാര്യയും കുട്ടി കളുമുണ്ടെന്നോക്കണം. അച്ഛനും അമ്മയും സഹോദര ന്മാരും സഹോദരിമാരും എല്ലാമുണ്ടു് നിങ്ങൾക്ക്. അ വരുടെയെല്ലാം മേൽനോട്ടം വഹിക്കേണ്ടവനാണ് നി ങ്ങൾ.

ഞാൻ: അവരെല്ലാം പോയി തുലയട്ടെ. ഞാൻ ഇവിടെത്തന്നെ താമസിക്കും. ഇസ്ലാംമതം സ്വീകരിച്ച് നിന്നെ വിവാഹം ചെയ്യും.

ഷാദാം: പിന്നെ ഞാൻ നിങ്ങളെ ബഹുമാനിക്കു കയുണ്ടാവില്ല.

അവൾ കുനിഞ്ഞുനിന്നു് വളരെ സ്നേഹത്തോടുകൂ ടി എന്നെ പിടിച്ചെഴുന്നേല്പിക്കുകയും ഒരു കുട്ടിയെപ്പോ ലെ മാറോടണച്ച് കോമളമായ തൻെറ കൈകൊണ്ടു് എ ൻെറ കണ്ണുനീർ തുടക്കുകയും ചെയ്തു. അവളുടെ നനഞ്ഞ കണ്ണുകൾ എന്നോട്ടു് ഇപ്രകാരം അർത്ഥിക്കുകയായിരുന്നു.

"വരൂ, ഇന്നു് ഞാൻ അവസാനമായി എൻെറ കൈകൾകൊണ്ടു് നിങ്ങളുടെ കണ്ണീർ തുടക്കട്ടെ. മേ

ലിൽ എനിക്ക് ഇതിന്ന് സാദ്ധ്യമാവുകയില്ല. ജീവിതം മുഴുവൻ നിങ്ങൾ എന്നേയും ഞാൻ നിങ്ങളേയും ഓർത്ത് ദുഃഖിച്ചിരിക്കാം. നമ്മുടെ ഒഴുകുന്ന കണ്ണുനീർ ഒരു വലിയ പ്രവാഹമായി നമ്മേ രണ്ടുപേരേയും അകററുന്നതായിരിക്കും. എന്നാൽ എത്രതന്നെ ദൂരത്തായാലും സൌന്ദര്യത്തിൻെറയും പ്രേമത്തിൻെറയും സ്നേഹത്തിൻെറയും നിങ്ങളിൽ അങ്കുരിക്കുന്ന സ്മരണകൾ എന്നെപ്പററി ഓർമ്മിപ്പിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. വൈകുന്നേരം എൻെറ ഭർത്താവിന്ന് ചൂടുള്ള ഭക്ഷണം നൽകുമ്പോൾ ഞാൻ നിങ്ങളെ ഓർക്കും. രാത്രിയുടെ ശൂന്യതയിൽ എൻെറ കുട്ടിയെ മാറോടണച്ച് താരാട്ട് പാടുമ്പോൾ ഞാൻ നിങ്ങളെ സ്മരിക്കും. അങ്ങിനെ എല്ലാം അവസാനിച്ചാൽ, ജീവിതത്തിറല കർത്തവ്യങ്ങൾ മുഴമിച്ചു കഴിഞ്ഞാൽ, മരണം എൻെറ കൺപോളകളെ അവസാനമായി സ്പർശിക്കാൻ വന്നാൽ, ഞാൻ നിങ്ങളെ ഓർമ്മിക്കും. എൻെറ അന്തിമശ്വാസവും അവസാനത്തെ ഹൃദയസ്പന്ദവും ഒടുവിലത്തെ ചുണ്ടുകോട്ടലും നിങ്ങളെ സ്മരിച്ചുള്ളതായിരിക്കും. അങ്ങിനെ എൻെറ ആത്മാവിൽ നിങ്ങൾ എന്നെന്നേക്കുമായി വിലീനനായിത്തീരുകയും ചെയ്യും.

ഓർമ്മ – അതൊരു സമ്പത്തായിരുന്നുവെങ്കിൽ ഈ ലോകത്തിൽ ആരുംതന്നെ ദരിദ്രനാകുമായിരുന്നില്ല. പ്രേമത്തിന്നുവേണ്ടി ആരുംതന്നെ വെമ്പുമായിരുന്നില്ല. ഒരു ദിവസം ഷാഭാം എന്നോട്ട് പറഞ്ഞതാണിതു്. എന്നാൻ ഇന്നു് ഞാൻ അവളെ യാതൊന്നും ഓർമ്മിപ്പിച്ചില്ല. അഥവാ അതു് വേണമെന്നു് എനിക്ക് തോന്നിയേ

ല്ല. അവൾ അല്പം ആശ്വസിക്കട്ടെ. അവളെ ഞാൻ കെട്ടിപ്പിടിച്ചു. പിന്നീട് ഞാൻ സ്റ്റേഷനിലേക്കോടി. വണ്ടി ഔട്ടർ സിഗ്നലിന്റെ അടുത്ത് എത്തിയിരുന്നു. സ്റ്റേഷന്റെ പടികൾ കയറുമ്പോൾ ഞാൻ തിരിഞ്ഞുനോക്കി. ആൽവൃക്ഷത്തിനുചുവട്ടിൽ ഷംദാം നില്ക്കുന്നുണ്ടായിരുന്നു. ദൂരെ കൊട്ടാരത്തിന്റെ മുററത്തുനിന്നു് ചെണ്ടയുടെ ശബ്ദം കേട്ടു. ചൂൽപ്പുല്ലിന്റെ കാട്ട് കത്തിയെരിയുകയായിരുന്നു.

# 2

ലാഹോർ സ്റ്റേഷനിൽ എത്തിയപ്പോൾ തുഫേൽ പറഞ്ഞു: "എടാ, കഴുതബ്ബ്രാഹ്മണാ; ഷാദാമിനോട്ട് ഞാൻ പ്രതിജ്ഞചെയ്തിരുന്നില്ലെങ്കിൽ വണ്ടിയിൽവെച്ചുതന്നെ നിൻെറ കഥ കഴിക്കുമായിരുന്നു. ഇതാ ഈ കടലാസ്സിൽ ഇവിടെ എത്തിച്ചേർന്ന വിവരം എഴുതിത്തരിക. വേറെ ഒന്നും എഴുതേണ്ട. എഴുതിയാൽ നിനക്ക് രക്ഷയില്ല."

ഞാൻ ഭയസംഭ്രാന്തനായി ഷാദാമിന്നു് ഇങ്ങിനെ എഴുതി: "ഷാദാം, നിൻെറ സഹോദരൻ എന്നെ ഇവിടെ സുരക്ഷിതമായി എത്തിച്ചു. ജീവനുള്ള കാലം ഞാൻ ഈ ഉപകാരം മറക്കില്ല. വൈജനാഥ്."

തുഫേൽ അവസാനത്തെ വരി പെൻസിൽകൊണ്ടു തടഞ്ഞു് ചോദിച്ചു: "ഇതെന്തിനാണു്?" പിന്നെ

ആയാൾ കടലാസ്സുമടക്കി പോക്കററിലിട്ട് ക്രൂരമായി എന്നെനോക്കി പറഞ്ഞു: "ഓട്ട്, എൻെറ കണ്ണ് മറിയുന്നതുവരെ ഓട്ട്. നിന്നെ കാണുമ്പോൾ എൻെറ ചോര തിളക്കുകയാണ്. തെമ്മാടി ബ്രാഹ്മണൻ!"

ഞാൻ വേഗത്തിൽ അവിടെനിന്ന് ഇറങ്ങി സ്റ്റേഷനു പുറത്തുകടക്കുകയും ഒരു കുതിരവണ്ടിയിൽ കയറി ശാഹ് ആലമിയിലെത്തുകയും ചെയ്തു. ശാഹ് ആലമിയുടെ കവാടത്തിൽ വണ്ടിക്കാരൻ എന്നെ ഇറക്കി. അകത്തേക്കു് പോകരുതെന്ന് അവൻ ഉപദേശിച്ചു. അതിനാൽ ഞാൻ അകത്തുകടന്നതു് കാൽനടയായിട്ടാണ്. ബൃന്താവാലി തെരുവുകടന്നു് സൂതർമണ്ടിയിലുള്ള എൻെറ വീട്ടിനുനേരെ ഞാൻ നടന്നു. വഴിക്കുവെച്ച് ഒരു യുവാവു് എൻെറ മുന്നിലും പിന്നിലുമായി നടത്തംതുടങ്ങി. ഞാൻ അവനോട്ട് പറഞ്ഞു: "ഞാൻ തനിയെയാണ്. എന്തിനും തെയ്യാറായിട്ടാണ് നടക്കുന്നതെന്നു് കരുതിക്കൊള്ളണം."

ഇതു് കേട്ട ഉടനെ അവൻ അദൃശ്യനായിത്തീൎന്നു. ഞാൻ വീട്ടിലേക്കും നടന്നു. വീട്ടിൽ ചെന്നുനോക്കിയപ്പോൾ വീട്ട് പൂട്ടിയിരിക്കുന്നതായി കണ്ടു. അവിടെ ആരുമുണ്ടായിരുന്നില്ല. അച്ഛനും അമ്മയും സഹോദരന്മാരും സഹോദരികളും ഭാൎയ്യയും കുട്ടികളും എല്ലാം എവിടേയോ പോയിരുന്നു. എവിടേക്കാണ് പോയതെന്നും അറിയാൻ കഴിഞ്ഞില്ല, അടുത്തുള്ള വീടുകൾ മുഴുവൻ പൂട്ടിയിട്ടിരിക്കയാണ്. ചുററുപാടും ഭയാനകമായ നിശ്ശബ്ദത. ഇനി എവിടേക്കു് പോകണം! എന്തുവേ

ണമെന്നു് അറിയാതെയായി. ഇങ്ങിനെയുള്ള ക്ലേശങ്ങൾ വരുമ്പോൾ കരയാനും തോന്നില്ല. തൊണ്ടയിൽ ഒരു തുള്ളി വെള്ളമുണ്ടായിരുന്നില്ല. ഞാൻ വളരെ വിഷമിച്ച് ലാലാജലംകൊണ്ടു് തൊണ്ട നനച്ചു. അങ്ങുമിങ്ങും നോക്കി. പിന്നെ ഒരു കല്ലിൻെറ കഷണമെടുത്തു് പൂട്ട കുത്തിപ്പൊളിച്ചു വീട്ടിനുള്ളിൽ കടന്നു.

വീട്ടിനുള്ളിൽ ഭയാനകമായ നിശ്ശബ്ദത. വില പിടിച്ച സാധനങ്ങളൊന്നും അവിടെയുണ്ടായിരുന്നില്ല. ഉപയോഗമുള്ള എല്ലാ സാധനങ്ങളുമായി അവർ പോയിരുന്നു. അടുക്കളയിൽ പോയിനോക്കി. അവിടെ പാത്രങ്ങളുണ്ടു്. എന്നാൽ ഭക്ഷണസാധനമൊന്നുമുണ്ടായിരുന്നില്ല. ഞാൻ പൈപ്പുതുറന്നു് വെള്ളംകുടിച്ചു. അതിനുശേഷം മുകളിൽപോയി ഒരു കട്ടിന്മേൽ കിടന്നു. രാത്രി മുഴവൻ അങ്ങിനെ ഉറങ്ങിയും ഉണൎന്നും കഴിച്ചുകൂട്ടി. ചിലപ്പോൾ പട്ടണം മുഴവൻ ശൂന്യമായതുപോലുള്ള ഭയങ്കര നിശ്ശബ്ദത എനിക്കനുഭവപ്പെട്ടു. കഴുത്തിൽ കത്തിവെക്കുമ്പോൾ ആടുകൾ നിലവിളിക്കാറുള്ളതുപോലെയുള്ള നിലവിളികൾ ഇടക്കിടെ കേൾക്കാമായിരുന്നു. നാലുഭാഗത്തുനിന്നും പടക്കം പൊട്ടുന്നതുപോലുള്ള ശബ്ദങ്ങൾ. അതിനെതുടൎന്നു് ശ്മശാനത്തിലെ നിശ്ശബ്ദതയും.

ഒരു പകലും ഒരു രാത്രിയും ഞാൻ വീട്ടിൽ ഒളിഞ്ഞിരുന്നു. ഒടുവിൽ വിശപ്പ് സഹിക്കാൻവയ്യാതായപ്പോൾ പുറത്തുവന്നു. വഴിയിൽവെച്ച് ആരും തടഞ്ഞില്ല. അങ്ങിനെ ഞാൻ നടന്നുനടന്നു് സൂതർമണ്ണിയിൽനിന്നു് ലാഹോർഗെയ്‌റ്റ്, മോരിഗെയ്‌റ്റ്, ബാദ്ശാഹീ മസ്ജിദ് തുടങ്ങിയ സ്ഥലങ്ങളിലൂടെ കടന്നു

പോയി. എന്തിനാണു് അവിടെയെല്ലാം സഞ്ചരിച്ച തു് എന്നു് എനിക്കറിഞ്ഞുകൂടാ. ഒടുവിൽ ഞാൻ ഹീരാമണിയിൽ എത്തി അനവറിൻെറ ഹോട്ടലിൽകയറി ഭക്ഷണം കഴിക്കാൻ തുടങ്ങി. ആയാൾക്കു് എന്നെ മനസ്സിലായി. പക്ഷെ ഒന്നും സംസാരിച്ചില്ല. അവിടെ സംശയിക്കേണ്ടവരായ രണ്ടുമൂന്നുപേർ ഇരുന്നു് ഭക്ഷണം കഴിക്കുന്നുണ്ടു്. അവർ പോയ ഉടനെ അനവർ പരിഭ്രാന്തനായി എന്നോടു് പറഞ്ഞു: "പണ്ഡിത്ജി, നിങ്ങൾ എങ്ങിനെ ഇവിടെ എത്തി? ദൈവത്തെ വിചാരിച്ചു് വേഗം ഇവിടെനിന്നു് പോകൂ."

ഞാൻ അത്യധികം നിരാശനായി പറഞ്ഞു: "എവിടെയ്ക്കാണു് പോകേണ്ടതു്?"

അനവറും നിരാശനായി അങ്ങുമിങ്ങും നോക്കുവാൻ തുടങ്ങി. പെട്ടെന്നു് ആയാൾക്കു് എന്തോ ഓമ്മവന്നതുപോലെ പറഞ്ഞു: "നിങ്ങളുടെ സുഹൃത്തുക്കളായ മിയം ഹാജി, ബക്കു് എന്നിവർ താജിയുടെ വീട്ടിൽ പാട്ടുകേട്ടുകൊണ്ടിരിക്കുന്നുണ്ടു്. അങ്ങോട്ടു് പോകണം."

മിയാവിൻെറ പേർ കേട്ടപ്പോൾ ഞാൻ സന്തോഷംകൊണ്ടു് അനവറിനെ കെട്ടിപ്പിടിച്ചുകൊണ്ടു് പറഞ്ഞു: "ഈ വിഷമാവസ്ഥയിൽ എനിക്കു് മിയാവിനെപ്പററി ഓമ്മവന്നതേയില്ലല്ലോ. മിയാവും ഞാനും ആത്മമിത്രങ്ങളായിരുന്നു. മിയാവും ഹാജിയും ബക്കും ഞാനുംകൂടി എത്രയോ രാത്രികൾ ഒന്നിച്ചുകൂടി രസിച്ചിട്ടുണ്ടു്."

ഞാൻ പിൻഭാഗത്തെ കോണികയറി താജിയുടെ വീട്ടിൻെറ രണ്ടാംനിലയിലെത്തി. അവിടെ ഒരു മുറിയിൽ ഹാജിയും, ബക്കും, മിയാവുംകൂടി കുടിക്കുകയായിരുന്നു. താജി അണിഞ്ഞൊരുങ്ങി പൂർണ്ണചന്ദ്രനെപ്പോലെ സുന്ദരിയായി പാടുന്നുണ്ട്. എന്നെ കണ്ടപ്പോൾ അവർ അമ്പരന്നുപോയി. ഹാജിയുടെ മുഖം വിളറി. എന്നാൽ മിയാ ഓടിവന്ന് എന്നെ ആലിംഗനംചെയ്തു. ബക്ക് എന്നെ അടുത്ത് പിടിച്ചിരുത്തി. മിയ ചോദിച്ചു: "എവിടെനിന്നാണ് വരുന്നത്?"

ഞാൻ എൻെറ ആപൽക്കഥ അവരെ കേൾപ്പിച്ചു.

താജി പറഞ്ഞു: "നിങ്ങൾ പണ്ഡിത്ജിയെ ഇവിടെനിന്ന് കൊണ്ടുപോകണം, എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ എനിക്കതിന് ഉത്തരവാദിത്തമുണ്ടാവില്ല."

മിയ താജിയുടെ സഹോദരനോട് ഒരു ഉടുപ്പുവാങ്ങി എനിക്കു തന്നു. ഞങ്ങൾ അവിടെനിന്ന് യാത്രയായി. താഴെ ഇറങ്ങിയ ഉടനെ മിയാവിൻെറ കാറിൽ കയറി. മിയാ വളരെവേഗത്തിൽ കാറോടിച്ചു. അങ്ങിനെ ഞങ്ങൾ ഭാരതനഗറിലുള്ള ആയാളുടെ വസതിയിൽ എത്തി. ഭാരതനഗറിൽ സ്റ്റേഷൻെറ സമീപത്തായിരുന്നു മിയാവിൻെറ രണ്ടുനില കെട്ടിടം.

ഞാൻ ചേച്ചിയെ വന്ദനംചെയ്തു. അവർ അമ്പരന്നുപോയി. അവർ ഒന്നും സംസാരിച്ചില്ല. എന്നെ സൂക്ഷിച്ചു നോക്കുവാൻതുടങ്ങി; ഒരു ശവത്തെ നോക്കുന്ന

ത്തുപോലെ. എനിക്കാശ്ചര്യംതോന്നി. പത്തുവഷത്തോളം ഞാനും മിയാവും മെററൽപെൻറ്കമ്പനിയിലെ ഷെയർ ഹോൾഡർമാരായിരുന്നു. കുറച്ചുകാലമേ ആയുള്ളു ഞാൻ അതിൽനിന്നു് വിട്ടു് സ്വന്തം പബ്ലിഷിങ്ങ് കമ്പനി തുടങ്ങിയിട്ടു്. പക്ഷെ, ഞങ്ങളുടെ സ്നേഹത്തിന്നു് യാതൊരു കോട്ടവും സംഭവിച്ചിരുന്നില്ല. രണ്ടു വീട്ടുകാരും കുടുംബങ്ങളെപ്പോലെയാണു് പെരുമാറിയിരുന്നതു്. വിവാഹം മുതലായ ആഘോഷങ്ങളുണ്ടാവുമ്പോൾ അന്യോന്യം പകച്ച് കൊടുത്തയച്ചിരുന്നു. അതുകൊണ്ടാണു് ചേച്ചിയുടെ അസുഖം സ്ഫുരിക്കുന്ന മുഖവും വിരസമായ പെരുമാററവും കണ്ടപ്പോൾ എനിക്കത്ഭുതം തോന്നിയതു്. പക്ഷെ, ഞാൻ എൻെറ നിരാശയെ പുഞ്ചിരിയിൽ പൊതിഞ്ഞു. മിയ എന്നെ വേഗത്തിൽ രണ്ടാം നിലയിലുള്ള മുറിയിലേക്കു് കൂട്ടിക്കൊണ്ടുപോയി.

മുകളിൽ എത്തിയശേഷം മിയ ആശ്വാസത്തോടുകൂടി പറഞ്ഞു:— "ബൈജു്, നീ ചെയ്തതു് വലിയ സാഹസമായിപ്പോയി. ഈ അവസരത്തിലാണോ ലാഹോറിലേക്കുവന്നതു്? ഓരോ തെരുവിനും തീപ്പിടിച്ചിരിക്കയാണു്. കൊല്ലും കൊലയും നടന്നുകൊണ്ടിരിക്കുന്നു. ഹിന്ദുമുസൽമാൻെറയും മുസൽമാൻ ഹിന്ദുവിൻെറയും തല കൊയ്യാൻ വെമ്പുകയാണു്."

ഞാൻ: അതെല്ലാം പോകട്ടെ സ്നേഹിതാ, ഹിന്ദുമുസൽമാന്മാരെക്കൊണ്ടു് നമുക്കെന്തു കാര്യം? കുടിക്കാൻ വല്ലതും വരുത്തിക്കു.

മിയ വിസ്ക്കിക്കുപ്പി തുറന്നു. ഞങ്ങൾ നാലുപേരുംകൂടി കുടി തുടങ്ങി. വളരെ കൊല്ലങ്ങളായി ഞങ്ങൾ കുടിക്കാറുണ്ട്. ഒന്നിച്ചു കുടിക്കും, ഒന്നിച്ചിരുന്നു പാട്ടു കേൾക്കും, ഒന്നിച്ചിരുന്നു സുഖിക്കും. എന്നാൽ ഇന്നാകട്ടെ എന്തോ കുറവുള്ളപോലെ തോന്നി. എല്ലാവരുടെയും ചിരിയിൽ ഒരു ശുഷ്കതയുണ്ടായിരുന്നു. ഇടയ്ക്കിടെ നീണ്ട നിശ്ശബ്ദത. ശ്വാസം മുട്ടുന്നതുപോലെ തോന്നി. എനിക്ക് നിരവധി പദ്യശകലങ്ങൾ അറിയാം. നന്നായി പാടുകയും ചെയ്യാം. പക്ഷെ ഇന്നു് മനസ്സിന്നു് ലേശംപോലും ഉന്മേഷമുണ്ടായിരുന്നില്ല. സദസ്സ് തീരെ നിർജ്ജീവമായിരുന്നു. ചിലപ്പോൾ ഹാജി എന്നെ നോക്കുന്നതു്കണ്ടാൽ എനിക്ക് ദേഹമാസകലം തരിക്കും. അങ്ങിനെയുള്ള ഒരു നോട്ടം. ഹാജി എൻെറ മിത്രമായിരുന്നു. പക്ഷെ ഉള്ളു തുറന്ന സ്നേഹം ആയാളുമായി ഉണ്ടായിരുന്നില്ല. ഞങ്ങളുടെ നടുക്കു് സദാ ഒരു ഭിത്തിയുണ്ടായിരുന്നു, മിയാവും ബർക്കും ഒരിക്കലും അങ്ങിനെയായിരുന്നില്ല. മദ്യം കുടിച്ചുകൊണ്ടിരിക്കുമ്പോൾ ഹാജിയുടെ വ്യംഗ്യംനിറഞ്ഞ പുഞ്ചിരി എന്നെ വിഷമിപ്പിച്ചുകൊണ്ടിരുന്നു.

ഒരു പക്ഷെ ഞാൻ തെററിദ്ധരിച്ചിരിക്കാം. വളരെ കൊല്ലങ്ങളായി ഹാജി എൻെറ സുഹൃത്താണ്. ഇന്നുവരെ ആയാൾ ഒരു കറുത്തവാക്ക് എന്നോട്ടു് പറഞ്ഞിട്ടില്ല. ഞാനും മിയാവും തമ്മിലുള്ള സ്നേഹബന്ധത്തിൽ അയാൾ ഉള്ളുകൊണ്ടു് അസൂയാലുവാണെന്നു് എനിക്കറിയാം, എന്തെന്നാൽ ഹാജിയും ബർക്കും മിയാവിനെ അത്യധികം സ്നേഹിച്ചിരുന്നു. അവർ മാത്രമല്ല

ലോകം മുഴുവൻ അയാളെ സ്നേഹിച്ചു. നിശ്ചിന്തനും പ്രസന്നനും ധനികനും നിഷ്കളങ്കനും സ്നേഹമൂർത്തിയും ആയ ഒരാളെ ആർ ഇഷ്ടപ്പെടാതിരിക്കും. ഞാനും മിയാവും തമ്മിലുള്ള സ്നേഹബന്ധത്തെ മിയാവിൻെറ എല്ലാ സുഹൃത്തുക്കളും അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഹാജി മാത്രം ഇതിൽനിന്നു് ഒരു വ്യതിയാനമായിരുന്നു വെന്നു് എനിക്കഭിപ്രായമുണ്ടു്.

ഏതാണ്ടു് പത്തുമണിക്കു് ഹാജി വിടവാങ്ങി. മിയ ആയാളോടു് കുറച്ചുകൂടി ഇരിക്കാൻ പറഞ്ഞുവെങ്കിലും അയാൾ അതു് കേട്ടില്ല. ബർക്കു് അരമണിക്കൂർകൂടി ഇരുന്നു, പിന്നീടു് ആയാളും പോയി.

ഹാജിയും ബർക്കും പോയ ശേഷം ഞാനും മിയാവും ചേച്ചിയും കുട്ടികളും കൂടി ഭക്ഷണം കഴിച്ചു. ആരീഫ് എന്നും തസനീം എന്നുമായിരുന്നു കുട്ടികളുടെ പേർ. ആരിഫിന്നു് 8 വയസ്സും തസനീമിന്നു് 6 വയസ്സും പ്രായമുണ്ടു്. രണ്ടു കുട്ടികളും എന്നെ അമ്മാമ എന്നായിരുന്നു വിളിച്ചിരുന്നതു്

ഭക്ഷണാനന്തരം കുറെ സമയം ഞാൻ ആരീഫിന്നും തസനീമിന്നും കഥ പറഞ്ഞുകൊടുത്തു. അവർ കഥ കേട്ടു് സോഫയിൽ കിടന്നുറങ്ങിപ്പോയി. അപ്പോഴേക്കും പതിനൊന്നു മണിയായിരുന്നു. കുട്ടികളെ എടുത്തു് മുറിയിൽ കൊണ്ടുപോയി കിടത്തിയശേഷം മിയ തൻെറ പത്നിയോടു പറഞ്ഞു: "ഞാനിന്നു് ബൈബജൻെറ മണിച്ചു് മുകളിലാണ് ഉറങ്ങുന്നതു്."

ഭാര്യ അതിന്നു് വിരോധമൊന്നും പറഞ്ഞില്ല. ഞങ്ങൾ മുകളിലെ ബെഡ്ഢ്റൂമിലേക്കു പോയി. എത്രയോ രാത്രികളായി സുഖമായി ഉറങ്ങുവാൻ സാധിക്കാത്തതു് കൊണ്ടു് കിടക്കയിൽ ചെന്നു കിടന്ന ഉടനെ ഞാൻ ഉറങ്ങിപ്പോയി. പിന്നെ എന്തെല്ലാമാണ് സംഭവിച്ചതെന്നു് എനിക്കു് ഓർമ്മയില്ല. മിയാവിൻെറ വാതിൽക്കൽ വളരെ ആളുകൾ വന്നു് മുട്ടിവിളിക്കുന്നത് ഒരു സ്വപ്നത്തിലെന്നപോലെ എനിക്കു തോന്നി. ജനങ്ങൾ ബഹളം കൂട്ടുകയായിരുന്നു. താഴെനിന്നു് ആരെല്ലാമോ പിറുപിറുക്കുന്നുണ്ടു്. ഉറക്കെ കരയുന്നതും കേൾക്കുന്നുണ്ടു്.

പെട്ടെന്നു് ഞാൻ കണ്ണുതുറന്നു. മിയ കിടക്കയിൽ ഉണ്ടായിരുന്നില്ല. മുറിയിൽ നിശ്ശബ്ദത വ്യാപിച്ചിരുന്നു. കരാച്ചിലും അനക്കവുമില്ല. ഞാൻ കുളിമുറി തുറന്നുനോക്കി. മിയ അവിടെയുണ്ടായിരുന്നില്ല. ഞാൻ പതുക്കെ വാതിൽതുറന്നു കോണിപ്പടിയുടെ അടുത്തെത്തി.

അവിടമെല്ലാം നിശ്ശബ്ദത വ്യാപിച്ചിരുന്നുവെങ്കിലും താഴെനിന്ന് ആരുടെയോ സംസാരം കേൾക്കുന്നുണ്ടു്. ഞാൻ ശബ്ദമുണ്ടാക്കാതെ താഴെയ്ക്കിറങ്ങി. മിയ ഭാര്യയുടെ മുറിയിലായിരുന്നു. മുറിയുടെ വാതിൽ അല്പം തുറന്നിട്ടുണ്ടു്. ഞാൻ ചുമരിനോട്ടു് പററിനിന്നു് അവരുടെ സംഭാഷണം ശ്രദ്ധിച്ചു.

ഭാര്യ:— അയാളെ ഇവിടെ താമസിപ്പിക്കുവാൻ നിങ്ങൾക്കു് യാതൊരധികാരവുമില്ല.

മിയ:— ഞാൻ വിളിച്ചുവരുത്തിയതൊന്നുമല്ലല്ലൊ.

ഭാര്യ:— അതൊന്നും എനിക്കറിഞ്ഞുകൂടാ. നിങ്ങൾ അയാളെ ഗുണ്ടകൾക്ക് ഏല്പിച്ചുകൊടുക്കണം.

മിയ: ആത്മാർത്ഥമായ സ്നേഹത്തെ വഞ്ചിക്കുകയോ? അത് മനുഷ്യത്വമാണോ?

ഭാര്യ: അല്ലാതെ എന്താണൊരു മാർഗ്ഗം?

അവർ ഉച്ചത്തിൽ പറഞ്ഞു: "നിങ്ങൾ ആയാളെ ഗുണ്ടകൾക്ക് ഏല്പിച്ചുകൊടുത്തില്ലെങ്കിൽ ഞാൻ രണ്ടുപേരുടേയും ചോരകുടിക്കും."

മിയാവിൻെറ ഭാര്യ അവരുടെ നീണ്ട നഖങ്ങൾ വീശുന്നതു കണ്ടു. അവൾ ആ സമയത്ത് ഒരു പിശാചായി മാറിയിരുന്നു. അവൾ മിയാവിൻെറ കോളർ പിടിച്ച് ആജ്ഞാപിച്ചു. "പോകൂ. ആയാളെ ഗുണ്ടകൾക്ക് ഏല്പിച്ചുകൊടുക്കൂ."

മിയ കിടക്കയിൽനിന്നു് എഴുന്നേററ് അടുത്തുള്ള മേശ തുറന്ന് ഒരു പിസ്റ്റൾ എടുത്തു ആയാൾ പുറത്തുകടക്കാൻ തുടങ്ങിയപ്പോൾ ഞാൻ ക്ഷണത്തിൽ കോണികയറി മുകളിലെ മുറിയിയിൽചെന്നു് കിടപ്പായി. ഹൃദയം ശക്തിയായി മിടിക്കുന്നുണ്ടായിരുന്നു. മിയ പിസ്റ്റളുമായി എന്നെ കൊല്ലുവാൻ തലക്കൽവന്നു് നില്ക്കുന്നതു് പോലെ എനിക്കുതോന്നി.

പെട്ടെന്നു് മിയ കോണികയറിവരുന്ന ശബ്ദം കേട്ടു. മുറിയിൽ എത്തിയപ്പോൾ കാലൊച്ച അവസാനിക്കുകയും ചെയ്തു. എനിക്കു് ശ്വാസം മുട്ടുവാൻ തുടങ്ങി.

മിയ വാതിൽ പുറത്തുനിന്നടച്ച് തഴുതിട്ടു. മുറിയിൽ കൂരിരുട്ടായിരുന്നു. ലൈററ് ഓൺ ചെയ്‌വാൻ പോലും ഞാനാഗ്രഹിച്ചില്ല. ഞാൻ കിടക്കയിൽനിന്ന് എഴുന്നേററ് വാതിലിന്നടുത്ത് ചെന്നുനോക്കി. പുറത്തുനിന്ന് വാതിൽ ബന്ധിച്ചിരുന്നു.

ആ സമയത്ത് മിയ ഒരു സിഗരററ് കത്തിച്ചു. വെളിച്ചത്തിൽ ഞാൻ അയാളുടെ മുഖം കണ്ടു. അത്ര് വിളർത്തിരിക്കുന്നു. ആയാളുടെ പിസ്റ്റൾ പിടിച്ച കൈ വിറക്കുന്നുണ്ടായിരുന്നു.

ഞാൻ ചിന്തിച്ചു: 'എന്നെ അകത്തിട്ട് വാതിലടച്ച് ഗുണ്ടകളെ പ്രതീക്ഷിക്കുകയാവും ആയാൾ.'' രാത്രി മുഴുവൻ മിയ പിസ്റ്റളും കയ്യിൽ പിടിച്ച് നില്ക്കുകയായിരുന്നു. കണ്ണിൻെറ പോള കൂട്ടീട്ടില്ല. എങ്ങിനെ ഉറക്കം വരാനാണ്! പ്രകാശമായപ്പോൾ തഴുതുനീക്കി മുറിയുടെ വാതിൽ തുറന്നു. ഞാൻ കിടക്കയിൽ പതുങ്ങിക്കിടക്കുകയായിരുന്നു. മിയ എന്നെ കുലുക്കി വിളിച്ചു.

ഞാൻ: എന്താണ് മിയാ?

മിയ: നമുക്ക് പോകാം

ഞാൻ: എവിടെയ്ക്കു്?

മിയ: വരൂ, ഞാൻ പറഞ്ഞുതരാം.

ഞാൻ: നില്ക്കൂ, ഒന്നു് മുഖം കഴുകട്ടെ.

മിയ: വേണ്ട, സമയം വൈകും. വേഗം വരൂ.

ഞാൻ രാത്രിയിലെ ഉടുപ്പുമാററി മറെറാരു ഉടുപ്പി ട്ട് മിയയുടെ കൂടെ നടന്നു. ആയാളുടെ കയ്യിൽ അപ്പോഴും പിസ്റ്റൾ ഉണ്ടായിരുന്നു. താഴെ ഇറങ്ങി ഞാൻ ചേച്ചിയെ വന്ദിച്ചു. പക്ഷെ അതിന്നു് പ്രത്യുത്തരംപോലുമുണ്ടായില്ല. ചേച്ചിയുടെ കണ്ണുകൾ വീങ്ങിത്തുടിച്ചതായി ഞാൻ കണ്ടു.

വീട്ടിൻെറ ഉമ്മറത്ത് മിയയുടെ ഹഡ്സൺ കാർ നിൽപ്പുണ്ടായിരുന്നു. കാറിൻെറ ചില്ലുകൾ മേൽപ്പോട്ടു കയററി വെച്ചിരുന്നു. ഞാനും മിയയും അടുത്തടുത്തായി കാറിൽ കയറി ഇരുന്നു. വഴിയിൽവെച്ച് യാതൊന്നും സംസാരിച്ചില്ല. മിയയുടെ മുഖം ഗൌരവപൂർണ്ണമായിരുന്നു ആ മുഖം കണ്ടപ്പോൾ എനിക്കു് സംസാരിക്കാൻ ധൈര്യം വന്നില്ല.

മിയയുടെ കാർ നേരെ റെയിൽവേ സ്റ്റേഷനിലേക്കാണു് പോയതു്. ഞാൻ ചോദിച്ചു: 'എവിടെയാണു് നമ്മൾ പോകുന്നതു്?'

മിയ: ലാഹോർ റെയിൽവേസ്റ്റേഷനിലേക്കു്.

ഞാൻ: എന്നാൽ റെയിൽവെസ്റ്റേഷനിൽ പോയിട്ടു് എന്തു കാര്യം? ഞാൻ ഈ ആപത്തിൽനിങ്ങളൊന്നിച്ച് താമസിക്കാൻ വന്നതായിരുന്നു.

മിയ: നിങ്ങളെ എൻെറ കൂടെ താമസിപ്പിക്കാൻ നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു.

വണ്ടി സ്റ്റേഷൻെറ വരാന്തയുടെ സമീപത്തു ചെന്നുനിന്നു. മിയ എന്നെ വേഗത്തിൽ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി 300 ക. കയ്യിൽതന്ന് പറഞ്ഞു: "നിങ്ങൾ ഒന്നാംക്ലാസ് വെയിററിങ്ങ്റൂമിലിരിക്കു. പറയൂ, എവിടേയ്ക്കാണ് പോകേണ്ടത്? ഞാൻ ടിക്കററ് വാങ്ങിക്കൊണ്ടുവരാം."

ഞാൻ ഉച്ചത്തിൽ പറഞ്ഞു: "ഞാൻ എവിടെയും പോകുന്നില്ല. ലാഹോറിൽതന്നെ താമസിച്ചുകൊള്ളാം. ലാഹോറാണ് എൻെറ ജന്മഭൂമി."

മിയ: നിങ്ങൾക്കിവിടെ താമസിക്കുവാൻ വയ്യ. നിങ്ങളുടെ അച്ഛനും അമ്മയും സഹോദരീസഹോദരന്മാരും ഭാര്യയും കുട്ടികളുമുള്ളേടത്തേക്കു് പോകണം.

ഞാൻ തൊണ്ടയിടറിക്കൊണ്ടു് പറഞ്ഞു: "എൻെറ സർവ്വസ്വവും ലാഹോറിലാണു്. മിയാ, നിങ്ങൾക്കറിയാം ലാഹോറില്ലാതെ എനിക്കു് ജീവിക്കുക സാദ്ധ്യമല്ലെന്നു്. ലാഹോറിനോടു് എനിക്കു് അത്ര അധികം സ്നേഹമുണ്ടു്."

"സ്നേഹത്തിൽ വിരഹവും അടങ്ങിട്ടുണ്ടല്ലോ." എന്നു് പറഞ്ഞു് മിയ ഒരു വരണ്ട ചിരി ചിരിച്ചു. അതു കണ്ടപ്പോൾ എനിക്കു് കലശലായ ദേഷ്യംവന്നു.

ഞാൻ: നിങ്ങൾ ഇത്ര ഭീരുവും നീചനുമാണെന്നു് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല. രാത്രിയിൽ ചേച്ചി പറയുന്നതുകേട്ടു, ബൈജിനെ ഗുണ്ടകളെ ഏല്പിക്ക

ണ്ടമെന്നു്. നിങ്ങൾ ഇത്ര മതഭ്രാന്തരാണെന്നു് ഞാൻ മനസ്സിലാക്കിയിരുന്നില്ല.

മിയ നിരാശാപൂർവ്വം പറഞ്ഞു: "രാത്രി ഞാൻ നിങ്ങളെ ഗുണ്ടകൾക്കു് ഏല്പിച്ചിരുന്നുവെങ്കിൽ ഒരു ചതിയന്നു് സന്തോഷമാകുമായിരുന്നു."

ഞാൻ: എന്താണു് നിങ്ങൾ പറയുന്നതു്?

മിയ: ഹാജി ഇന്നലെ രാത്രി ഇവിടെനിന്നു് പോയശേഷം ഗുണ്ടകളെ എൻെറ വീട്ടിലേയ്ക്കു് പറഞ്ഞയച്ചു. നിങ്ങൾക്കതറിയില്ല. അവർ വന്നു് ശക്തിയായി വാതില്ക്കൽ മുട്ടി വിളിച്ചു. നിങ്ങളെ അവക്കു് ഏല്പിച്ചുകൊടക്കണമെന്നു് അവർ വാശിപിടിച്ചു നില്ക്കുകയായിരുന്നു.

ഞാൻ: നിങ്ങൾ പിസ്റ്റൾ പ്രയോഗിക്കാൻ ഭാവിച്ചു അല്ലേ?

മിയ: അവരുടെ കയ്യിലും പിസ്റ്റൾ ഉണ്ടായിരുന്നു. അവർ കുറേപേർ ഒന്നിച്ചാണു് വന്നതു്. അതുകൊണ്ടു് ഞാൻ ഒരു സൂത്രം പ്രയോഗിച്ചു. രാവിലെ നിങ്ങളെ ഏല്പിച്ചുകൊട്ടക്കാമെന്നേറ്റു.

ഞാൻ: അവർ അതു് സമ്മതിച്ചുവോ?

മിയ: ഉവ്വ്. എന്നാൽ പോകുമ്പോൾ എൻെറ രണ്ടു കുട്ടികളേയും ഒന്നിച്ചു കൊണ്ടുപോയി.

ഞാൻ ഉച്ചത്തിൽ ചോദിച്ചു: "ആരിഫിനേയും തസ്നീമിനേയും?"

മിയ: അതെ, നിങ്ങൾക്ക് പകരമാണ് അവരെ കൊണ്ടുപോയതു്. രാവിലെ നിങ്ങളെ ഏല്പിച്ചുകൊടു ത്തില്ലെങ്കിൽ അവരെ.........

ഞാൻ ഉച്ചത്തിൽ വിലപിച്ചുകൊണ്ടു് പറഞ്ഞു: "അയ്യോ, വേണ്ട; വേണ്ട. എന്നെ കൊണ്ടുപോയി ആ ഗുണ്ടകളെ ഏല്പിക്കൂ."

മിയയുടെ ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു. അപ്പോൾ ആയാൾ പൊട്ടിക്കരയുമെന്നു് തോന്നി. കുറച്ചു നേരം നിശ്ശബ്ദനായി നിന്നശേഷം പെട്ടെന്നു് പിന്നോക്കംതിരിഞ്ഞു് കാറിൻെറ അടുക്കലേക്ക് പോകുകയും കാറിൽ കയറി അതിവേഗം ഓടിച്ച് അവിടെനിന്നു് അദൃശ്യനായിത്തീരുകയും ചെയ്തു.

ഞാൻ കുറച്ചുദൂരം ആയാളുടെ പിന്നാലെ ഓടി. എന്നാൽ കാറു് കണ്ണിൽനിന്നു് മറഞ്ഞപ്പോൾ വീണ്ടും സ്റ്റേഷനിലേയ്ക്കുതന്നെ മടങ്ങി. കുറച്ചുനേരം ഒരു കൽപ്രതിമപോലെ ഞാൻ നിശ്ചലനായി നിന്നു. എനി എവിടെ പോകണം? കീഴടങ്ങുകയാണെങ്കിൽ ആർക്ക് കീഴടങ്ങണം. ഒടുവിൽ ഒരു ഭീരുവിനെപ്പോലെ ഗുണ്ടകൾ കുട്ടികളോടു് ഒരിക്കലും അങ്ങിനെ പ്രവത്തിക്കുകയില്ലെന്നു കരുതി മനസ്സിനെ സമാധാനിപ്പിച്ചു. ഹിന്ദുവിന്റെ ജീവൻ നശിപ്പിക്കുന്നതിന്നുപകരം രണ്ടു മുസൽമാൻ കുട്ടികളുടെ ജീവൻ നശിപ്പിക്കുക എന്ന അക്രമം അവർ ചെയ്യുകയില്ലെന്നു് സമാധാനിച്ചു. എന്നാൽ ഭ്രാന്തുപിടിച്ച ഈ സമയത്തു് എന്തും സംഭവിക്കാം. പക്ഷെ......

ഇങ്ങിനെ ആലോചിച്ചുകൊണ്ട് ഫസ്റ്റ്ക്ലാസ്സ് കാൻടീനിലേക്ക് പോകാൻ ഭാവിക്കുകയായിരുന്നു. ആ സമയത്ത് അവിടെനിന്നു് ഒരാൾ വരുന്നതു് കണ്ടു. ആയാൾ ഓടിവന്നു് എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് ചോദിച്ചു: "പണ്ഡിത്ജി, നിങ്ങൾ എവിടെയാണിപ്പോൾ?"

ശാഹിദായിരുന്നു അതു്. ശാഹിദ് ലാഹോർ സ്റ്റേഷനിലെ ടി. ടി.യാണു്. എൻെറ ഒരു പഴയ സുഹൃത്തുമാണു്. ശാഹിദിൻെറ കണ്ണുകൾ എന്നെ കണ്ടപ്പോൾ സന്തോഷംകൊണ്ട് തിളങ്ങി. എന്നാൽ എന്റെ പേർ വിളിക്കുന്നതു് കേട്ടപ്പോൾ എനിക്കു് നടുക്കമാണു് ഉണ്ടായതു്. ഒരു ഹിന്ദുവിൻെറ പേർ പറഞ്ഞു വിളിക്കുന്നതു് മരണത്തെ ക്ഷണിച്ചു വരുത്തലായിരുന്നു. അത്ര ഭീകരമായ ഒരു സമയമായിരുന്നു അതു്. ഞാൻ ചുണ്ടിന്മേൽ വിരൽവെച്ച് നാലുപുറവും നോക്കിയശേഷം പറഞ്ഞു: "ഭാഗ്യവശാൽ ആരും കേട്ടില്ല. ദൈവത്തോടു് നന്ദിപറയുക."

ശാഹിദ് ലജ്ജിതനായി. ആയാൾ പറഞ്ഞു: "സോറി, എനിക്കു് ഓർമ്മയുണ്ടായിരുന്നില്ല സ്നേഹിതാ." ആയാൾ വീണ്ടും വീണ്ടും ക്ഷമായാചനം ചെയ്തുകൊണ്ട് എന്നെ തൻെറ ക്യാബിനിലേക്കു് കൂട്ടിക്കൊണ്ടുപോയി. ചായവരുത്തിച്ചു തന്നതിനുശേഷം ആയാൾ ചോദിച്ചു: "ഇപ്പോൾ നിങ്ങൾ എവിടേയ്ക്കാണു് പോകുന്നതു്?"

ഞാൻ: എൻെറ വീട്ടിലേക്കു് വന്നതായിരുന്നു. പക്ഷെ, ഇവിടെ വന്നപ്പോൾ വീട്ടുകാരെല്ലാംതന്നെ ഓടിപ്പോയതായി അറിഞ്ഞു. കുറച്ചുസമയം ഒരു സ്നേഹി

തന്റെ വസതിയിൽ കഴിച്ചുകൂട്ടി. അതും ആപത്തായി ത്തീരുകയാണു് ചെയ്തതു്. എനി ഗ്രാമത്തിലേക്കു് മട ങ്ങാൻ ആലോചിക്കുകയാണു്. എന്റെ ഭാര്യയും കുട്ടി കളും അവിടെയുണ്ടാവും.

ശാഹിദ്: നിങ്ങളുടെ ഗ്രാമം എവിടെയാണു്?

ഞാൻ: കോട്ട് ലീ സൂദ്ക്കാ.

ശാഹിദ്: എവിടെയാണീ കോട്ട്ലീസൂദ്ക്കാ?

ഞാൻ: ശങ്കർഗഢ് താലൂക്കിലാണതു്. ഗുരുദാസ് പൂർ ജില്ലയിലാണു് ശങ്കർഗഢ് താലൂക്കു്.

ശാഹിദ്: അപ്പോൾ നിങ്ങൾ നാരോവാൾ വഴി യായിരിക്കും പോകുന്നതു്; അല്ലേ? ഞാൻ നിങ്ങൾക്കു് ടിക്കററു് കൊണ്ടുവന്നുതരാം. വണ്ടി കുറച്ചുകൂടി കഴി ഞ്ഞാൽ വിടും.

ഇത്രയും പറഞ്ഞു് ആയാൾ വാച്ചുനോക്കുകയും ടി ക്കററ് കൊണ്ടുവരാൻ പോകുകയും ചെയ്തു. പിന്നീട്ട് എന്നെ നാരോവാൾ വണ്ടിയിൽ കയററി ഗാർഡിനെ പ്രത്യേകം പറഞ്ഞേല്പിച്ചശേഷം ശാഹിദ് വിടവാങ്ങി. വണ്ടി നാരോവാളിലേക്കു് കുതിച്ചോട്ടവാൻ തുടങ്ങി. നിരാശയും മനോവേദനയുംകൊണ്ടു് ഞാൻ അങ്ങിനെ നിശ്ചലനായി ഇരുന്നുപോയി. എന്റെ കണ്ണുകൾ നിറ ഞ്ഞുപോയതു് ഞാനറിഞ്ഞില്ല. പെട്ടെന്നു് പഞ്ചാബ് ഒരു വൃദ്ധന്റെ ആകൃതിയിൽ എന്റെ മുമ്പിൽ വന്നുനി ല്ക്കുന്നതായി തോന്നി. താടിയും തലയും നരച്ച ഒരു കൃ ഷിക്കാരൻ. ആയാളുടെ താടിക്കു് വർഗ്ഗീയവാദികൾ തീ

കൊളുത്തി. വിദ്വേഷത്തിൻെറ അഗ്നിയിൽ അതു് ദഹിക്കുകയായിരുന്നു. പഞ്ചാബിൻെറ മാനവും സൽപ്പേരും നശിച്ചുകൊണ്ടിരുന്നു. നരച്ച മുടിയുള്ള ആ വൃദ്ധൻ നിസ്സഹായനും ദീനനുമായി മുഖത്തെ ചുളിവുകളുടെ ഇടയിലുള്ള കണ്ണുകളിൽനിന്നു് കണ്ണീരൊഴുക്കുകയും തല ഇളക്കിക്കൊണ്ടു് അവരുദ്ധകണ്ഠനായി വിലപിക്കുകയും ചെയ്യുകൊണ്ടിരുന്നു.

# 3

നാരോവാൾവഴിയായി ഞാൻ ദർബാർ സാഹബ് കർത്താർപൂർ സ്റ്റേഷനിൽ ഇറങ്ങി. അവിടെനിന്ന് കോട്ട് ലീ സൂദ്ക്കാ ഒന്നരനാഴിക അകലെയാണ്, ഞാൻ കാൽനടയായി അങ്ങോട്ട് പുറപ്പെട്ടു. ധാന്യങ്ങൾ കൃഷിയിറക്കിയ കാലമായിരുന്നു. നാലുപാടും പച്ചപിടിച്ച ധാന്യവയലുകൾ. വൃക്ഷങ്ങളുടെ തണലുകളിൽ കന്നുകാലികൾ തല കുമ്പിട്ടു നില്ക്കുന്നുണ്ട്. ചിലവ മേഞ്ഞുകൊണ്ടിരിക്കയാണ്. വിദൂരത്തുള്ള ചക്രവാളത്തിൻെറ മങ്ങിയ പ്രഭയിൽ സൂര്യൻ അസ്തമിക്കുകയാണ്. അകലെനിന്ന് ഒരു ജാട്ട് പാടുന്നതായി കേൾക്കുന്നുണ്ട്. മററുവല്ല സന്ദർഭത്തിലുമായിരുന്നുവെങ്കിൽ എനിക്കിതെല്ലാം വളരെ പ്രിയപ്പെട്ടതായി തോന്നുമായിരുന്നു. എന്നാൽ എൻെറ വസ്ത്രങ്ങൾ കീറിപ്പൊളിഞ്ഞതും മുഷിഞ്ഞതുമാണ്. താടി വളർന്നിട്ടുണ്ട്. എൻെറ തലച്ചോറിന് തീപ്പിടിച്ചതുപോലെ തോന്നിയിരുന്നു.

അതുകൊണ്ടാണ് എനിക്ക് ഒന്നുംതന്നെ ബോധിക്കാതിരുന്നതു്. പച്ചപിടിച്ച വയലുകൾ അക്രമികളുടെ കോട്ടയായി എനിക്കു തോന്നി. ജാട്ടിന്റെ ഉന്മത്തമായ ആ ഗാനം എന്നിൽ ദുഃഖവും വേദനയും പകൻു. കുമ്പിട്ടുനില്ക്കുന്ന കന്നുകാലികൾ എന്നെ ഉദാസീനനാക്കിത്തീർത്തു. ഒരു അരയന്നക്കൂട്ടം ചിറകടിച്ചുകൊണ്ടു് എന്റെ തലക്കുമീതെ പറന്നുപോയപ്പോൾ എനിക്കു് കണ്ണിൽ വെള്ളംനിറഞ്ഞു.

'വെള്ളച്ചിറകുകൾ വിടർത്തിക്കൊണ്ടു് അരയന്നങ്ങളെ, നിങ്ങൾ എവിടേക്കാണ് പറന്നുപോകുന്നതു്? എന്നേയും കൂടെ കൊണ്ടുപോകുമോ? മനുഷ്യലോകത്തിൽ നിന്നു് വളരെയകലെ അജ്ഞാതമായ ഒരു തടാകത്തിന്റെ തീരത്തേക്കു്. അവിടെ മൃദുലമായ ഇളംകാററു് വീശുന്നുണ്ടാവും. നൃത്തംവെയ്ക്കുന്ന കൊച്ചലകൾ നീലതാമരപ്പൂക്കളെ ചുംബിക്കുന്നുണ്ടാവും. മഞ്ഞിന്റെ വെളുത്ത കവിൾത്തടങ്ങൾപോലെ കോമളവും സ്വച്ഛവും സുന്ദരവുമായ ഹംസങ്ങൾ നീണ്ട കഴുത്തുകൾ ഉയർത്തിപ്പിടിച്ചു് പ്രിയതമകളോടൊപ്പം തടാകത്തിന്റെ ഉപരിതലത്തിൽ നീന്തിക്കളിക്കുന്നുണ്ടാവും. എന്നേ അവിടേക്കു് കൊണ്ടുപോകുവിൻ. പാരിജാതത്തിന്റെ കുനിഞ്ഞ കൊമ്പുകൾ തടാകത്തിലേക്ക് പൂക്കൾ വിതറുന്ന സ്ഥലമാണതു്. പക്ഷികളുടെ കളകൂജനം ആ രംഗത്തിന്നു് മാററുകൂട്ടിക്കൊണ്ടിരിക്കും. എന്നെ അവിടേക്കു് കൊണ്ടുപോകുവിൻ. സുഹൃത്തുക്കളെ, ഞാൻ നിങ്ങളുടെ കുഞ്ഞുങ്ങളോടൊന്നിച്ചു് കളിക്കാം. വളൻുനില്ക്കുന്ന പുല്ലുകളുടെ മീതെക്കിടന്നു, ഉയൻുനില്ക്കുന്ന പുൽപ്പുല്ലുകൾ പൂ

ത്തുനില്ക്കുന്നതുകണ്ട് ആഹ്ലാദിക്കാം. ഷാദാമുമായി കഴിച്ച ആ ദിനങ്ങളെ സ്വപ്നം കണ്ടുകൊള്ളാം. എന്നെ ഇവിടെ വിട്ടുപോകരുതു്. ഇന്നു് ഈ ലോകത്തിൽ കൂരിരുട്ട് വ്യാപിച്ചിരിക്കയാണ്. ഭയങ്കരമായ അക്രമങ്ങൾ നടമാടുകയാണ്. കുടിലമനോഭാവം ഏറിവരികയാണ്.

അന്ധകാരം എന്നേയും കുറച്ച് വഴിതെററിച്ചിട്ടുണ്ട്. എൻെറ ആത്മാവിലും അല്പം കുടിലത നിങ്ങൾക്കു കാണാം. ഞാൻ ചില അക്രമങ്ങളെല്ലാം പ്രവർത്തിച്ചിരിക്കും. മനുഷ്യൻ മനുഷ്യൻെറ രക്തത്തിന്നുവേണ്ട ദാഹിക്കുന്ന ദുസ്സഹമായ അവസ്ഥാവിശേഷം എനിക്കു പൊറുക്കാൻ കഴിയുന്നില്ല. അന്യോന്യം നശിപ്പിക്കാൻ ഒരുങ്ങിയിരിക്കയാണവർ. അല്ലയോ അരയന്നങ്ങളെ, നിങ്ങൾ എന്നെ ചിറകിന്മേൽ കയററി ഇവിടെനിന്നു് കൊണ്ടുപോകൂ. ഞാൻ വളരെ ദിവസമായി ഉറങ്ങീട്ടില്ല. നിദ്ര എൻെറ ഓരോ അവയവത്തിലും തങ്ങിനില്ക്കുന്നു. പക്ഷെ, ഇരിക്കാൻ ഒരു സ്ഥലം കിട്ടുന്നില്ല. നിങ്ങളുടെ കോമളവും മൃദുലവുമായ ചിറകുകളിന്മേൽ ഞാൻ ഉറങ്ങിക്കൊള്ളാം. അങ്ങിനെ സുഖകരമായ ആ ഗാഢനിദ്രയിലൂടെ ഞാൻ സ്വപ്നത്തിൻെറ ദ്വീപിലേക്കു് യാത്ര ചെയ്തുകൊള്ളാം.

എന്നാൽ ഹംസങ്ങൾ എൻെറ ആശകളെ തകർത്തുകൊണ്ടു് നഭസ്സിൽ അപ്രത്യക്ഷരായി. ഞാൻ താഴെ ഭൂമിയിൽ ഏകാകിയായി നിലകൊണ്ടു.

A. 2011

അരയന്നങ്ങൾ എന്നേയുംകൊണ്ടു് പറന്നുപോകുമെന്നു് ഞാൻ വിചാരിച്ചിരുന്നുവോ? എന്തെല്ലാം നിരർത്ഥകമായ ചിന്തകളാണു്! എന്നാൽ ചിലപ്പോൾ മനുഷ്യൻ അത്തരം അസംഭാവ്യങ്ങളും അപ്രാപ്യങ്ങളുമായ കാര്യങ്ങളെപ്പററി ചിന്തിക്കും. അതു് സാധിക്കാഞ്ഞാൽ വിലപിക്കും. ഞാനും അങ്ങിനെ കണ്ണുനീർ പൊഴിച്ചുകൊണ്ടാണു് കോട്‌ലീ സൂദ്‌ക്കാ ഗ്രാമത്തിലേക്കു് പോയതു്.

കോട്‌ലീ സൂദ്‌ക്കാ ഗ്രാമത്തിലായിരുന്നു എൻെറ മുത്തശ്ശൻെറ വീടു്. അവിടെ ചെന്നപ്പോൾ എൻെറ അച്ഛനമ്മമാരേയും സഹോദരീസഹോദരന്മാരേയും ഭാര്യാമക്കളേയും ഞാൻ കണ്ടു. ഞങ്ങൾ സന്തോഷാശ്രുക്കൾ പൊഴിച്ചു. കാരണം അവർ വിചാരിച്ചതു് ഞാൻ ലാഹോറിൽവെച്ചു കൊല്ലപ്പെട്ടു എന്നാണ്. മുത്തശ്ശൻ എന്നെ കെട്ടിപ്പിടിച്ചു. അദ്ദേഹം സുന്ദരനും യോഗ്യനും പഴയ സമ്പ്രദായത്തിലുള്ള ഒരു ജമീന്ദാരുമായിരുന്നു. അദ്ദേഹത്തിന്നു് ആറടിയിലധികം പൊക്കമുണ്ടു്. നരച്ച തലമുടിയും മീശയുമുള്ള അദ്ദേഹം ഗൗരവമുള്ള മുഖഭാവത്തോടുകൂടിയവനായിരുന്നു. ഗ്രാമത്തിലുള്ളവർക്കെല്ലാം അദ്ദേഹത്തെ ഭയമാണ്. ഗ്രാമത്തിലെ ഏററവും വലിയ ജമീന്ദാർ ആയതുകൊണ്ടു് എല്ലാവരും അദ്ദേഹം പറഞ്ഞതു് അനുസരിച്ചിരുന്നു. താസിൽദാരും പോലീസും ന്യായാധിപന്മാരുമൊക്കെ അവിടെ വന്നു് പോകാറുണ്ടെങ്കിലും ഗ്രാമത്തിലെ യഥാർത്ഥ ഭരണകർത്താവ് മുത്തശ്ശനായിരുന്നു.

ഞാൻ മുത്തശ്ശനും വീട്ടിലുള്ളവക്കും ലാഹോറിലെ കഥകൾ മുഴുവൻ പറഞ്ഞുകേൾപ്പിച്ചു. മാത്രമല്ല ഇവിടെ താമസിക്കുന്നതു് സുരക്ഷിതമല്ലെന്നും മറെറാരു സ്ഥലത്തേക്കു് പോകണമെന്നും ഞാൻ അവരോട്ടു് പറഞ്ഞു. എപ്പോഴാണ് സ്ഥിതി മാറുന്നതെന്നു് അറിഞ്ഞുകൂടെന്നു് ഞാൻ പറഞ്ഞു.

വാശിക്കാരനായ മുത്തശ്ശൻ ദേഷ്യത്തോടെ ഇങ്ങനെ പറഞ്ഞു: "ബൈജ്നാഥ്, എന്തെല്ലാമാണ് നീ പറയുന്നതു്? ഈ ഭൂമിയിൽ പാക്കിസ്ഥാൻ ഉണ്ടാവുകയാണെങ്കിൽ നമുക്കെന്താണ് ചേതം? ഭൂമി മാറുകയില്ലല്ലൊ. നമ്മൾ ഇവിടെ താമസിക്കും. ഈ നാടിൻെറ ഗുണഗണങ്ങൾ വാഴ്ത്തും. ഏഴു തലമുറയായി ഇതല്ലേ നടക്കുന്നതു്?"

ഞാൻ: അതാണ് വിഷമം. ഏഴു തലമുറയായി ഇവിടെ യാതൊരു കുഴപ്പവുമില്ല. ഈ നാടിൻെറ ഗുണങ്ങൾ വാഴ്ത്താറുമുണ്ടു്. പ്രജകൾ പണിയെടുക്കുന്നു; ആവലാതികൾ ഉണ്ടെങ്കിൽ അതിവിടെവന്നു പറയുന്നു. എന്നാൽ മേലിൽ അതു് നടക്കുമെന്നു് വിചാരിക്കേണ്ട. ഇപ്പോൾ പ്രതികാരത്തിന്നുള്ള സമയം വന്നിരിക്കയാണ്.

മുത്തശ്ശൻ അഭിമാനത്തോടെ പറഞ്ഞു: "മുസൽമാന്മാരായ കുടിയാന്മാർ എൻെറ കുട്ടികളാണ്."

ഞാൻ: എന്നാൽ അതു് വില കൊടുക്കുന്നതുവരെ മാത്രം.

മുത്തശ്ശൻ വടിയെടുത്തു് എന്നെ തല്ലുവാനോടി. അ

ച്ഛനും ജ്യേഷ്ഠനുംകൂടി അദ്ദേഹത്തെ തട്ടത്തു. അല്ലാത്തപക്ഷം എൻെറ തലക്കു് അടികൊള്ളുമായിരുന്നു.

പിറേറദിവസം ഉച്ചതിരിഞ്ഞ സമയത്തു് ഞാനും മുത്തശ്ശനും വരാന്തയിൽ ഒരു ബെഞ്ചിന്മേലിരുന്നു് ഹുക്ക വലിക്കുകയായിരുന്നു. കറീംഖാൻ അദ്ദേഹത്തിൻെറ കാൽ ഉഴിയുന്നുണ്ടു്. അല്ലാഹ്ദാദ് അരക്കെട്ടു് ഉഴിഞ്ഞുകൊട്ടക്കുകയാണ്. ഫസല്ല തലയിൽ എണ്ണതേപ്പിക്കുന്നു. ഞാൻ അട്ടത്തുണ്ടെന്നുകണ്ടു് അദ്ദേഹം ഫസല്ലുവിനോട്ടു് ചോദിച്ചു: "ഫസല്ലു, ഇവിടെയും ലഹളയുണ്ടാവുമോ?"

ഫസല്ല മുത്തശ്ശനെ സമാധാനിപ്പിച്ചുകൊണ്ടു് പറഞ്ഞു: "യജമാനന്നേ, ഏഴു തലമുറയായി ഈ ഗ്രാമത്തിൽ ലഹളയുണ്ടായിട്ടില്ല. എനി ഉണ്ടാവുകയുമില്ല."

മുത്തശ്ശൻ: അല്ലാഹ്ദാദ് എന്തുപറയുന്നു?

അല്ലാഹ്ദാദ് മുത്തശ്ശൻെറ അരക്കെട്ടു് ഉഴിഞ്ഞുകൊണ്ടു് പറഞ്ഞു: "ഞങ്ങൾ അവിട്ടത്തെ മക്കളാണ് യജമാനന്നേ."

മുത്തശ്ശൻ: കറീംഖാൻെറ അഭിപ്രായമെന്താണ്?

കറീംഖാൻ അദ്ദേഹത്തിൻെറ കാൽ തിരുമ്മിക്കൊണ്ടു് പറഞ്ഞു: "ഒന്നു് സമാധാനമായി ഇരിക്കണം. ലഹളയുണ്ടാക്കുന്നവരെ ഞങ്ങൾ വെറുതെ വിട്ടുകയില്ല."

മുത്തശ്ശൻ അഭിമാനത്തോടെ എൻെറ നേക്കു് നോ

ക്കി. ഞാനെന്തുപറയാനാണ്! തലതാഴ്ത്തി അവിടെ നിന്നു് പോയി.

എട്ടുപത്തുദിവസം വളരെ സമാധാനത്തോടുകൂടി കഴിഞ്ഞു. എൻെറ മനസ്സിലെ സംശയങ്ങളും ശങ്കകളും മിക്കവാറും നീങ്ങിക്കഴിഞ്ഞിരുന്നു. രാവിലെ ഞങ്ങൾ തൈരുകുടിക്കും. ഉച്ചക്കു് കരിമ്പിൻനീർ കഴിക്കും. ഉച്ചകഴിഞ്ഞാൽ വിശ്രമമാണു്. അപ്പോൾ കുളത്തിൻെറ വക്കത്തുള്ള വൃക്ഷങ്ങളുടെ തണലിൽ ഇരുന്നു് മുത്തശ്ശന്റെ ആശ്രിതന്മാരുമൊന്നിച്ച് ശീട്ടുകളിക്കും. എൻെറ ഇളയ കുട്ടി മുന്നു എൻെറ മടിയിൽത്തന്നെയുണ്ടാകും. അവൻ ശബ്ദമുണ്ടാക്കുകയും ശീട്ടെടുത്തു് വായിൽ തിരുകുകയും ചെയ്യും. അവൻെറ വായിൽനിന്നിററുവീഴുന്ന വെള്ളം കൊണ്ടു് എൻെറ കുപ്പായം മുഴുവൻ നനയാറുണ്ടു്. വലിയ വികൃതിയാണു് അവൻ. അവനെ എനിക്കു് വളരെ സ്നേഹവുമാണു്. ആ കുട്ടിയെ മടിയിൽവെച്ച് വൃക്ഷത്തണലിൽ ഇരുന്നു് ശീട്ടുകളിക്കുമ്പോൾ എനിക്കു് അലൗകികമായ ആനന്ദം അനുഭവപ്പെടാറുണ്ടു്.

ആഗസ്റ്റ് 21-ാംതിയ്യതി വൈകുന്നേരം സ്ത്രീകൾ അടുക്കളയിൽ റൊട്ടിയുണ്ടാക്കിക്കൊണ്ടിരിക്കയാണു്. നെയ്യിൻെറ മണം വീട്ടിലെല്ലാം പരന്നിട്ടുണ്ടു്. കുററികളിൽ കെട്ടിയിരുന്ന പശുക്കുട്ടികൾ തള്ളമാരെ വിളിച്ചു കൊണ്ടിരുന്നു. നവവിവാഹിതകളായ തരുണികൾ വള കിലുക്കിക്കൊണ്ടു് ഭർത്താക്കന്മാർക്കുള്ള ഭക്ഷണവുമായി പോകയാണു്. ആ സമയത്ത് വരാന്തയിലിരിക്കുന്ന മുത്തശ്ശൻെറ സമീപത്തു് അദ്ദേഹത്തിൻെറ ആശ്രിതന്മാരു

ടെ ഒരു ജാഥ എത്തിച്ചേർന്നു. അവർ ആവലാതി പറയുവാൻ വന്നവരെപ്പോലെ പുതപ്പഴിച്ചു് ചുമലിൽ ഇട്ടു. ഭയംകൊണ്ടും ലജ്ജകൊണ്ടും അവർ തലതാഴ്ത്തിനിന്നു.

മുത്തശ്ശൻ ഭക്ഷണംകഴിക്കാൻ ഭാവിക്കുകയായിരുന്നു. അവരെ കണ്ട ഉടനെ അദ്ദേഹം അതൊരു ഭാഗത്തേക്കു് മാററിവെച്ചു് ദേഷ്യത്തോടുകൂടി ചോദിച്ചു: "എന്താ വന്നതു്?"

സംഘത്തിൽ കറീംഖാൻ, അല്ലാഹദ്ദാദ്, ഫസലു, റംസാൻ എന്നിവരും എനിക്കു് പരിചയമില്ലാത്ത കുറെ പേരും ഉണ്ടായിരുന്നു. കറീംഖാൻ പുതപ്പു് കയ്യിൽപിടിച്ചു് താണു് തൊഴുതുകൊണ്ടു് പറഞ്ഞു: "യജമാന്നേ, മേലെനിന്നു് കൊള്ളചെയ്യുകൊള്ളാൻ കൽപന വന്നിട്ടുണ്ടു്."

മുത്തശ്ശൻ: മുകളിൽ ദൈവമാണു്. ദൈവമാണോ നിങ്ങളെ കൊള്ളചെയ്യാൻ അയച്ചതു്?

കറീംഖാൻ: അങ്ങു് ഇവിടെനിന്നു് പോകണം.

മുത്തശ്ശൻ കഠിനമായ കോപത്തോടുകൂടി പറഞ്ഞു: "എവിടേയ്ക്കു്?"

കറീംഖാൻ ഒരു ദീർഘശ്വാസം ചെയ്തുകൊണ്ടു് പറഞ്ഞു: "യജമാന്നേ, മേലെനിന്നു് കൊള്ളചെയ്യാൻ കല്പന വന്നിരിക്കുന്നു. മുകളിലുള്ളവരുടെ കല്പന തള്ളിക്കളയാൻ ഞങ്ങൾക്കു് സാദ്ധ്യമല്ല."

ഇത്രയും പറഞ്ഞു് കറീംഖാൻ താണുതൊഴുതു. ആ

യാളുടെ കണ്ണിൽനിന്നു് കണ്ണുനീർ ധാരധാരയായി പ്രവ ഹിക്കുന്നുണ്ടായിരുന്നു.

മുത്തശ്ശൻ ആവേശപൂർവ്വം പറഞ്ഞു: "നിങ്ങൾ ഭീരുക്കളും വിഡ്ഢികളുമാണു്. ഗുണ്ടകളെ നിങ്ങൾ ഭയപ്പെടുന്നു. എന്റെ കയ്യിൽ ആറു് വെടിപൊട്ടുന്ന റിവാൾവർ ഉണ്ടു്. എനിക്കാരേയും ഭയമില്ല. നോക്കട്ടെ, കോട്ട്ലി സൂദ്ക്കാ ജമീന്ദാരെ കൊള്ളയടിക്കാൻ ആരാണു് വരുന്നതെന്നു്. നിങ്ങൾ പോകുവിൻ."

അവർ പോയശേഷം ഞാനും അച്ഛനുംകൂടി വളരെ പറഞ്ഞുനോക്കി; പക്ഷെ, ഫലമുണ്ടായില്ല. അവിടെ നിന്നു് പോകുന്ന കാര്യത്തിൽ അദ്ദേഹത്തിന്നു് തീരെ സമ്മതമുണ്ടായിരുന്നില്ല.

വീട്ടിൽ രണ്ടു കക്ഷികളായി. ചിലർ പോകണമെന്നു് ശഠിച്ചു; ചിലർ മുത്തശ്ശനെ പിൻതാങ്ങി. അവർ പറഞ്ഞു: "ഈ ലഹളയെല്ലാം കുറച്ചുദിവസംകൊണ്ടു് ശാന്തമായിത്തീരും. അതുകൊണ്ടു് പോകുന്നവരെക്കാൾ സുഖമായി ഞങ്ങൾ ഇവിടെ വസിക്കും. കോട്ലി സൂദ്ക്കായിൽ ആക്കും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ഇളയച്ഛൻ ആയാറാമും അമ്മാമൻ രാമല്യഭായയും മുത്തശ്ശന്റെ പക്ഷക്കാരായിരുന്നു. എന്നാൽ ഞാനും ജ്യേഷ്ഠനും അച്ഛനും പോകണമെന്ന പക്ഷക്കാരാണു്. പുരുഷന്മാർ ഏതു് പക്ഷമാണോ അതിൽ അവരുടെ ഭാര്യമാരും ചേർന്നു. അർദ്ധരാത്രിവരെ ഇങ്ങിനെ തക്കിച്ചു് കഴിഞ്ഞു. പിന്നീടെല്ലാവരും കിടന്നുറങ്ങി.

എന്നാൽ രാവിലെ ആക്രമണമുണ്ടായി. ആളുകൾ മുഴുവൻ ഉണർന്നിട്ടുപോലുമുണ്ടായിരുന്നില്ല. കുട്ടികൾക്കെല്ലാം നല്ല ഉറക്കമാണ്. രാത്രി വളരെനേരം ഉറക്കമിളച്ചിരുന്നതുകൊണ്ട് വലിയവരും ഉറങ്ങുകതന്നെയായിരുന്നു. അതിനാൽ തെരുവിൽ ചെണ്ടയുടെ ശബ്ദവും ലഹളക്കാരുടെ മുദ്രാവാക്യവും സ്ത്രീകളുടേയും കുട്ടികളുടേയും മുറവിളിയും കേട്ടപ്പോൾ ഞാൻ ഞെട്ടി എഴുന്നേററു. ഞാൻ ഒരു ബനിയനും പാജാമയും ധരിച്ചാണ് ഉറങ്ങിയിരുന്നത്. ആ വേഷത്തിൽതന്നെ ജനലിൽക്കൂടി എടുത്തുചാടി കരിമ്പിൻതോട്ടത്തിലെത്തി.

ഞാൻ തോട്ടത്തിൽക്കൂടി കുറെദൂരം ഓടി. കരിമ്പിൻെറ മൂച്ചയുള്ള ഓലകൾ കൊണ്ടുവലിച്ച് എൻെറ ബനിയനും പാജാമയും കീറിപ്പൊളിഞ്ഞു. കയ്യിൽനിന്നും കാലിൽനിന്നും രക്തമൊഴുകുവാൻ തുടങ്ങി, അങ്ങിനെ കുറെ കഴിഞ്ഞപ്പോൾ ചെണ്ടയുടെ ശബ്ദവും മുദ്രാവാക്യവും മുറവിളിയും കുറെ ദൂരത്താണെന്ന് ബോദ്ധ്യംവന്ന തോടുകൂടി ഞാൻ ഒരു ഭാഗത്തുനിന്നു് കണ്ണുതുറന്നു് നാലു ഭാഗത്തേക്കും നോക്കുവാൻ തുടങ്ങി.

അവിടെ ആരുമുണ്ടായിരുന്നില്ല. കരിമ്പിൻതോട്ടം നീണ്ടുകിടക്കുന്നു. ദൂരെ കേട്ടിരുന്ന ബഹളവും ചുരുങ്ങിച്ചുരുങ്ങിവന്നു. ഏതാണ്ട് അരമുക്കാൽ മണിക്കൂറിനുശേഷം നിശ്ശബ്ദത വ്യാപിച്ചു. ചെണ്ടയുടെ ശബ്ദവും ഓടുന്നവരുടെ കാലടിയൊച്ചയും ലഹളക്കാരുടെ മുദ്രാവാക്യങ്ങളുടെ ഇടയിൽക്കൂടി കേൾക്കുന്ന മുറവിളിയും എല്ലാം നിലച്ചു. എൻെറ ചുററുപാടും അങ്ങിനെ നിശ്ശബ്ദത കളിയാടി.

ഞാൻ വയലിൽ പതുങ്ങിയിരുന്നു. മൂന്നുദിവസ ത്തോളം അവിടെത്തന്നെ കഴിച്ചുകൂട്ടി. ഭയംകൊണ്ടു് ഇളകുകപോലും ചെയ്തിരുന്നില്ല. വല്ല ശബ്ദവും കേ ട്ടാൽ അവർ വന്നു് എന്നെ പിടിച്ചു് കശാപ്പുചെയ്യുമോ എന്ന ഭയമായിരുന്നു എനിക്കു്. രണ്ടാമത്തെ ദിവസം ശക്തിയായ മഴപെയ്തു. വയലിലെ ചേറും ചളിയും എ ന്റെ ശരീരത്തിൽ പററി. എന്നാൽ അതുകൊണ്ടു് ഒരു ഗുണവുമുണ്ടായി. എനിക്കു് കലശലായ ദാഹമുണ്ടായി രുന്നു. മഴവെള്ളംകൊണ്ടു് ദാഹം മാററി. അപ്പോൾ വിശപ്പുതുടങ്ങി. മൂന്നാംദിവസം വിശപ്പിന്നു് തീക്ഷ്ണത കൂടിയപ്പോൾ എന്റെ ഭയമെല്ലാം അസ്തമിച്ചു. അങ്ങി നെ ഞാൻ വയലിൽനിന്നു പുറത്തേക്കുവന്നു. സാവധാ നത്തിൽ മുത്തശ്ശന്റെ വീട്ടിൽ ചെന്നുകയറി.

എന്റെ മുത്തശ്ശൻ ഉമ്മറപ്പടിയിന്മേൽ മരിച്ചുകിട ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശരീരം വീർത്തി രുന്നു. ഒരു കയ്യ് അകത്തേയ്ക്കും ഒരു കയ്യ് പുറത്തേയ്ക്കും ഇട്ടിട്ടുണ്ടു്. മുത്തശ്ശന്റെ ശവത്തിന്നടുത്തു് ഞങ്ങളുടെ വീട്ടിലെ പട്ടി, റൂമി ചെവിയും തൂക്കിയിട്ടു് ഒരു ശവം പോലെ ഇരിക്കുന്നുണ്ടു്. ഞാൻ മുത്തശ്ശന്റെ ശവം ചാ ടിക്കടന്നു് അകത്തേയ്ക്കുപോയി. ആദ്യംതന്നെ പൈപ്പു തുറന്നു് വെള്ളം കുടിക്കുകയാണു് ചെയ്തതു്. പിന്നീട്ടു് അടുക്കളയിൽ ചെന്നു് ഭക്ഷണം വല്ലതുമുണ്ടോ എന്നു് നോക്കി. ഭാഗ്യവശാൽ അലമാരിയിൽ ഒരു തുണിയിൽ പൊതിഞ്ഞുവെച്ച കുറച്ചു് അപ്പം എനിക്കു് കിട്ടി. ഉ റിയിൽനിന്നു് അല്പം വെണ്ണയും കിട്ടി. മൂലയിൽ കിട ന്നിരുന്ന മൺപാത്രത്തിൽ കുറച്ചു് ശക്കരയും ഉണ്ടായിരു

ന്നു, ഞാൻ അവിടമെല്ലാം ഒന്നു പരിശോധിച്ചുനോക്കി. പടിഞ്ഞാറുഭാഗത്തെ വാതിൽ പകുതി തുറന്നിട്ടിരുന്നു. കട്ടിലിന്മേലും ചുമരിന്മേലും മുത്തശ്ശന്റെ ശരീരത്തിൽനിന്നു് രക്തത്തുള്ളികൾ തെറിച്ചതായി കണ്ടു. ഹുക്ക ദൂരെ തെറിച്ചുകിടക്കുന്നുണ്ടു്. അടുത്തായി കട്ടില്വകളും പീഠങ്ങളും മറച്ചിട്ടിട്ടുണ്ടു്. ഞാൻ അവിടെനിന്നു് ദൃഷ്ടിതിരിച്ചു് തെക്കുഭാഗത്തേക്കു് നോക്കി. അവിടെ പടന്നുകിടക്കുന്ന മുല്ലവള്ളികളിന്മേൽ പൂക്കൾ അപ്പോഴും നില്ക്കുന്നുണ്ടു്. പിന്നീടു് ഞാൻ നോക്കിയതു് കിഴക്കുഭാഗത്തേക്കാണു്.

ചുമരിനോടു് തൊട്ടു് ഒരു കട്ടിൽ ഇട്ടിട്ടുണ്ടു്. അതിന്മേൽ അരപ്പട്ട തുന്നുന്നതിനുള്ള നൂലും സൂചിയുമെല്ലാം അങ്ങിനെ കിടക്കുന്നു. പെട്ടെന്നു് എന്റെ മനസ്സിൽ അറാജന്റെ ഭാര്യയായ ആശയുടെ മുഖം ഓർമ്മവന്നു. ഇരുനിറം, ലജ്ജയാർന്ന മുഖം, നെററിയിൽ പൊട്ടു്, മൂക്കിൽ കല്ലുവെച്ച മിന്നുന്ന മൂക്കുത്തി, ലജ്ജയും നാണവും നിമിത്തം പുഞ്ചിരിതൂകിക്കൊണ്ടുള്ള നേരിയ ചുണ്ടുകൾ, മൈലാഞ്ചിയിട്ട വിരല്വകൾകൊണ്ടു് പട്ടുസാരി ഒതുക്കിപ്പിടിച്ചുകൊണ്ടുള്ള നിൽപ്പു്. നിത്യജീവിതത്തിലെ ഒരു മനോഹര സ്വപ്നമായിരുന്നു അവൾ. ഇപ്പോൾ ആ മൈലാഞ്ചിയിട്ട വിരല്വകൾ എവിടെ? ഭിത്തിയിൽ പട്ടുതുണിയിന്മേൽ തുന്നിവെച്ച ആ അപൂർണ്ണചിത്രം എനിക്കരിക്കലും പൂർണ്ണമാവുന്നതല്ല. അങ്ങിനെ എന്റെ ചുറ്റുപാടും വീട്ടിലെ അംഗങ്ങൾ മുഴുവനും വന്നുനില്ക്കുന്നതായിതോന്നി

പഴയ ആശകളും ആനന്ദങ്ങളും ചിരപരിചിതമായ വസ്തുക്കളും മനോമുകുരത്തിൽ പ്രതിബിംബിച്ചു. എ

ൻെറ അമ്മ ആത്മാവ് കുഴക്കുന്നതും, ഭാര്യ അപ്പം പരത്തുന്നതും മററും എനിക്കോമ്മവന്നു. എൻെറ കുട്ടി ആത്മാവുകൊണ്ടു് ആടിൻെറയും കാളയുടെയും രൂപമുണ്ടാക്കുന്നതും ഞാൻ ഓത്തു. മുത്തശ്ശൻ കട്ടിലിന്മേൽ ഇരുന്നു് ഹുക്ക വലിക്കുന്നതും, അനുജൻെറ ഭാര്യ അരപ്പട്ട തുന്നിക്കൊണ്ടു് മൂളിപ്പാട്ടു് പാടുന്നതും ഞാൻ ഭാവനയിൽ ദർശിച്ചു.

എന്നാൽ അടുത്ത ക്ഷണത്തിൽ അവിടെ അതൊന്നുമില്ല. കട്ടിലിന്മേൽ രക്തത്തുള്ളികൾ ഉറച്ചുകിടക്കുന്നുണ്ടു്. കട്ടില്കളും പീഠങ്ങളും മറിഞ്ഞുകിടക്കുന്നു. അരപ്പട്ട തുന്നുന്ന നൂലും സൂചിയും അതേപടി കട്ടിലിന്മേൽ കിടക്കുന്നു.

അപ്പം തിന്നുകൊണ്ടിരിക്കുമ്പോൾ ഞാനിതെല്ലാം ചിന്തിക്കുകയും കാണുകയും ചെയ്തുകൊണ്ടിരുന്നു. ആ സമയത്തു് റൂമി എൻെറ അടുത്തുവന്നു് എൻെറനേരെ നിസ്സഹായയവും നിരാശയുമായ ദൃഷ്ടികളോടെ നോക്കി നില്ക്കുന്നതായി ഞാൻ കണ്ടു. പട്ടി പ്രസവിക്കാറായിട്ടുണ്ടു്; വയറു് തൂങ്ങിക്കിടക്കുന്നു. ഒരു മാസത്തിന്നുള്ളിൽ അതു് പ്രസവിക്കും. മുത്തശ്ശന്നു് ആ പട്ടിയോടു് എന്തു് സ്നേഹമായിരുന്നു! പാവം, എന്നെപ്പോലെ മൂന്നുദിവസം പട്ടിണികിടക്കുകയായിരിക്കും. ഞാൻ റൂമിക്കു് ഒരു അപ്പക്കഷണം എറിഞ്ഞുകൊടുത്തു. അവൾ അതു് തിന്നില്ല. ഞാൻ മറെറാരുകഷണം കൊടുത്തു. റൂമി അതും മണത്തുനോക്കി; തിന്നില്ല. 'തിന്നുന്നില്ലെങ്കിൽ വേണ്ട, പട്ടിണി കിടന്നു ചത്തോ' എന്നുപറഞ്ഞു് ഞാൻ

ആ രണ്ടു കഷണങ്ങളുമെടുത്തു് പൊടിതട്ടി തുണിയിൽ പൊതിഞ്ഞുവെച്ചു. എത്രദിവസം പട്ടിണികിടക്കേണ്ടിവരുമെന്നു് അറിഞ്ഞുകൂടല്ലോ.

അപ്പം തിന്നശേഷം ഞാൻ വീണ്ടും വെള്ളം കുടിച്ചു. പിന്നീട്ടു് ഉമ്മറത്തേക്കുവന്നു. മുത്തശ്ശന്റെ ശവം ചാടിക്കടന്നു് നേരെ വയലിലേക്കിറങ്ങി. പെട്ടെന്നു് എന്തോ ഒരു ശബ്ദം കേട്ടു. ഞാൻ ഞെട്ടി പിൻതിരിഞ്ഞുനോക്കി. അപ്പോൾ റൂമി എന്റെ പിന്നാലെ വരുന്നതു് കണ്ടു.

നീ എവിടെയ്യാണു് പട്ടീ; പട്ടിയായതുകൊണ്ടു് നിനക്കു് പേടിക്കാനില്ല. മനുഷ്യർക്കേ ജീവനെ ഭയപ്പെടേണ്ടതുള്ളു. സംസ്കാരത്തിന്റെ കാര്യമാണിതു്. ഉയർന്ന ധർമ്മവും നീതിയും തമ്മിലുള്ള വഴക്കാണിതു്. ഉയർന്ന ആദർശത്തിന്റെ പ്രേരണകൊണ്ടാണു് വാളുകൾ ചലിക്കുന്നതു്. അതുകൊണ്ടു് നിന്റെ കഴുത്തു് വെട്ടുന്നതല്ല. അപരിഷ്കൃതജാതിയിൽ പിറന്ന നീ ഭാഗ്യവതിയാണു്. നിനക്കു് മതമില്ല; നീ മൃഗമാണു്. മതമെന്തെന്നറിയാത്ത നീ ഭാഗ്യവതിയാണു്. നീ ഒരിക്കലും സന്ധ്യാവന്ദനം ചെയ്തിട്ടില്ല. അഞ്ചുതവണ നിസ്കരിച്ചിട്ടില്ല. നീ അമ്പലങ്ങളിലും പള്ളികളിലും പോകാറില്ല. സ്വാതന്ത്ര്യത്തിന്റെ അർത്ഥമെന്തെന്നു് നീ മനസ്സിലാക്കീട്ടില്ല. രാഷ്ട്രീയനേതാവിന്റെ പ്രസംഗവും നീ കേട്ടിട്ടില്ല. നീ ഒരു പട്ടിയാണു്, മനുഷ്യനല്ല എന്നതുകൊണ്ടുതന്നെ നീ ഭാഗ്യശാലിയാണു്

ഓടിപ്പോ, എൻെറക്കൂടെ വരണ്ട. കാരണം ഞാനൊരു മനുഷ്യനാണ്. സ്വജീവൻ രക്ഷിക്കുന്നതിന്നായി ഞാൻ മററു മനുഷ്യരിൽനിന്ന് ഓടിയൊളിക്കുകയാണ്. ഞാനും നീയും മുമ്പ് നിവസിച്ചിരുന്ന ആ ഗ്രാമത്തിലേക്കുതന്നെ തിരിച്ചുപോ. അവിടെയാണ് നമ്മൾ രണ്ടുപേരും ജനിച്ചതും. എന്നാൽ എന്നെ അവിടെനിന്നു് പുറത്താക്കി. എനിക്കങ്ങോട്ട് വന്നുകൂടാ; നിനക്കുപോകാം. നിന്നെ ആരും ഉപദ്രവിക്കുകയില്ല. കാരണം നീ ഒരു പട്ടിയാണ്, മനുഷ്യനല്ല.

ആ വീട്ടിലേക്കുതന്നെ മടങ്ങിപോ. ആ വീട്ട് എന്നും ഇങ്ങിനെ ശൂന്യമായിരിക്കുന്നതല്ല. അവിടെ ആരെങ്കിലും വരും. ആ ഹുക്കയെടുത്ത് പൊടിതട്ടി ആരെങ്കിലും ചുണ്ടിൽവെച്ച് വലിക്കും. അതിൽ പുകയില നിറക്കും, തീപ്പിടിപ്പിക്കും. കട്ടിന്മേലിരുന്നു് ഹുക്ക വലിക്കും. ആ പട്ടുമെത്തയിൽ ലജ്ജാശീലയായ മറ്റൊരു നവവധു വന്ന് സ്ഥാനം പിടിക്കും. അവളുടെ മൈലാഞ്ചിയണിഞ്ഞ വിരലുകൾ അതിന്മേൽ ചലിപ്പിക്കും. എൻെറ അനുജൻെറ ഭാര്യ അപൂർണ്ണമാക്കിവെച്ച ആ ചിത്രം അവൾ പൂർണ്ണമാക്കും. ആ വീട്ട് വീണ്ടും ഉല്ലാസം നിറഞ്ഞ ഒന്നായിത്തീരും. അടുപ്പിൽ തീ കത്തും. ചൂടുള്ള അപ്പങ്ങൾ ഉണ്ടാക്കും. അതിൻെറ ഗന്ധം മുററത്ത് മുഴവൻ വ്യാപിക്കും. മുല്ലവള്ളികൾ പൂത്തുനില്ക്കുന്ന മുററം കന്യകമാരുടെ മധുരഗാനങ്ങൾ കൊണ്ട് വീണ്ടും മുഖരിതമാവും.

അതെ, അങ്ങിനെ പുതുജീവിതം അവിടെ തഴച്ചു

വരും, പഴയ പാപങ്ങൾ കഴുകി കളയുകയും ചെയ്യും. അതുകൊണ്ട് റൂമി, നീ മടങ്ങിപ്പോ.

പക്ഷെ റൂമി പോയില്ല. അവൾ എൻെറ പിന്നാലെ നടന്നുവന്നു; തലകുനിച്ചു ചെവികൾ തൂക്കിയിട്ടുകൊണ്ട്. വകതിരിവില്ലാത്ത ഒരു പട്ടി!

SENGUPTA PUBLIC LIBRARY • KOZHIKODE-4.

## 4

ഇവിടെ ഭൂമിശാസ്ത്രപരമായ ചില വസ്തുതകൾ കൂടി പറയുന്നത് ആവശ്യമെന്ന് തോന്നുന്നു. ദർബാർസാഹബ് കർത്താർപൂർ സ്റ്റേഷനിൽനിന്ന് ഒന്നര നാഴിക അകലെയാണ് ഞങ്ങളുടെ ഗ്രാമമായ കോടലീസൂദ്‌ക്ക. രണ്ടര നാഴിക അകലെയാണ് കൻജോഡ് കസ്‌ബാ, മദ്ധ്യത്തിൽ റെയിൽപാതയാണ്. നാരോവാളിലേക്കാണ് അത് പോകുന്നതു്. നാരോവാളിൽ നിന്നാണ് ഞാൻ വന്നതു്. അങ്ങോട്ടുമടങ്ങിപ്പോകാൻ എനിക്കിഷ്ടമില്ല, അതിനാൽ കർത്താർസിംഗ് ഗുരുദ്വാരയിൽ എത്തിച്ചേരുക എന്നതുമാത്രമാണ് രക്ഷക്കുള്ള ഏകമാർഗ്ഗം. ഗുരുനാനാക്കിന്റെ ജന്മസ്ഥലമാണത്. മദ്ധ്യത്തിൽ പാലമുണ്ടു്; പാക്കിസ്ഥാൻ അതിർത്തിയെ ഇന്ത്യൻ അതിർത്തിയിൽനിന്നു് വേർതിരിക്കുന്നതു് അതാണ്.

ഞാൻ ചിന്തിച്ചതുപോലെത്തന്നെയാണ് കൻജോഡിൽനിന്നും നാട്ടിൻപുറങ്ങളിൽനിന്നും വന്നിരുന്ന ഹിന്ദുക്കളായ അഭയാൎത്ഥികളും ചിന്തിച്ചിരുന്നതു്. അവർ ദർബാർ സാഹബ് കർത്താർപൂർ സ്റ്റേഷൻ കടന്നു് റോഡുവഴിയായി പാലത്തിന്നുനേരെ നടക്കുകയായിരുന്നു. ആ സംഘത്തിൽ ഏതാണ്ട് മുപ്പതിനായിരംതൊട്ട് നാല്പതിനായിരംവരെ ആളുകളുണ്ട്. ഞാൻ തനിയെയാണു്; പോരാത്തതു് അത്യധികം ഭീരുവായ ഒരു മനുഷ്യനുമാണു്. ജീവിതത്തിൽ ഒരിക്കലും അടിപിടിയുണ്ടാക്കീട്ടില്ല; ആരോടും അധികം വഴക്കിന്നു് പോയിട്ടുമില്ല. വലിയ ദുഃഖങ്ങളൊന്നും ഞാൻ സഹിച്ചിട്ടില്ല. ഇതുവരെ വളരെ സുഖമായിട്ടാണു് ജീവിതം നയിച്ചതു്. അതുകൊണ്ട് ആരേയും കഠിനമായി വെറുക്കുന്നതിന്നുള്ള സന്ദർഭംപോലുമുണ്ടായിട്ടില്ല. നവീനവിദ്യാഭ്യാസം എന്റെ മനസ്സിൽനിന്നു് ഉച്ചനീചത്വങ്ങളും ജാതിമതവ്യത്യാസങ്ങളും വൎഗ്ഗഭേദവും ദൂരീകരിച്ചിട്ടുണ്ട്. ഇതൊന്നുംതന്നെ എനിക്കിഷ്ടമുണ്ടായിരുന്നില്ല. അതിൽനിന്നെല്ലാം ഒരു ദുൎഗ്ഗന്ധം വമിക്കുന്നതായി എനിക്കു തോന്നി. ഈ സമ്പ്രദായങ്ങൾ മുഴുവൻ കുഴിച്ചുമൂടണമെന്നായിരുന്നു എന്റെ ആഗ്രഹം.

ഹിന്ദുക്കൾ, സിക്കുകാർ, മുസൽമാന്മാർ, കൃസ്ത്യാനികൾ, യഹൂദന്മാർ, ഇംഗ്ലീഷുകാർ എന്നിങ്ങനെ പല വിഭാഗക്കാരും എന്റെ സുഹൃൽമണ്ഡലത്തിൽ ഉൾപ്പെട്ടിരുന്നു. അവരോട്ട് എന്റെ പെരുമാററവും എന്നോട്ട് അവരുടെ പെരുമാററവും വളരെ നല്ല നിലയിലായിരുന്നു. അതിനാൽ അവരുടെ ഹൃദയത്തിലേക്കു് ആഴത്തിൽ

ഞാൻ ഇറങ്ങിച്ചെന്നില്ല. എൻെറ ഹൃദയത്തിൻെറ അഗാധതയേപോലും ഞാൻ സ്പർശിച്ചിട്ടില്ല എന്ന് സമ്മതിക്കാൻ ഞാൻ തെയ്യാറാണ്. അനുകൂലസാഹചര്യങ്ങളും സമ്പത്തും നിശ്ചിന്തവും തണുപ്പനുമായ എൻെറ സ്വഭാവവും മററും ഇതിന്നുള്ള സന്ദർഭം എനിക്ക് നല്കീട്ടില്ല. ഇപ്പോഴും നല്കീട്ടില്ല എന്നാണ് എൻെറ വിശ്വാസം. ഞാൻ തനിയെ, ജീവരക്ഷക്കുവേണ്ടി ചിന്തിച്ചുകൊണ്ടു് നടക്കുന്ന ഒരു കാട്ടുമൃഗത്തെപ്പോലെ അങ്ങിനെ സഞ്ചരിക്കുകയാണ്. തികച്ചും നിസ്സഹായാവസ്ഥയാണ് എനിക്കനുഭവപ്പെടുന്നതു്. കാട്ടുമായുള്ള ബന്ധമുപേക്ഷിച്ച് ആയിരമായിരം കൊല്ലങ്ങൾ കഴിഞ്ഞു. പരിഷ്കാരത്തിൻെറ നേരിയ കിരണത്തെ ഞാൻ ഇതുവരെ അപഗ്രഥിച്ചുനോക്കീട്ടില്ല. ഭാഗ്യഹീനതകൊണ്ടോ ആപത്തുകൊണ്ടോ ചരിത്രത്തിൻെറ പ്രഹരമേററോ ഇന്നതു് കെട്ടടങ്ങിയിരിക്കയാണ്. അന്തർഭാഗത്തുനിന്നു് ഒരു കാട്ട് പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതുകണ്ടു് ഞാൻ അമ്പരന്നുപോകുന്നു. മനുഷ്യരുടെ ഇടയിൽ വളൎന്ന് മാനുഷികസംസ്കാരം അനശ്വരമാണെന്നു് ധരിച്ച ഒരു വ്യക്തിയാണ് ഞാൻ. ഇപ്പോൾ കാട്ടിൽ എത്രകാലം ജീവിക്കേണ്ടിവരും, എങ്ങിനെ ജീവിക്കണം എന്നിത്യാദി പ്രശ്നങ്ങൾക്ക് സമാധാനം കണ്ടുപിടിക്കാൻ എനിക്കു കഴിയുന്നില്ല. കരിമ്പിൻതോട്ടങ്ങളാണ് ശത്രുക്കളിൽനിന്നു് ഒളിഞ്ഞുനില്ക്കാനുള്ള സങ്കേതമായി കാണുന്നതു്. കുന്നിൻ ചെരിവുകളിലും താഴ്വരകളിലും മരണം പതിയിരിക്കുന്നതായി എനിക്കു തോന്നുന്നു.

റെയിൽവേസ്റ്റേഷനിൽ ചെന്നായകൾ കാത്തുനില്പുണ്ട്. ഇവിടെനിന്നു് നാരോവാളിലേക്കും അവിടെനിന്നു് ലാഹോറിലേക്കും പോകുന്ന റെയിൽപാത എന്റെ ദൃഷ്ടിയിൽ ഇരുപതാംനൂററാണ്ടിന്റെ പരിഷ്കാരത്തിന്റെയും സുരക്ഷയുടെയും പ്രതീകമായിരുന്നു. എന്നാൽ ഇന്നാകട്ടെ അതു് മരണത്തെ ചുമന്നുകൊണ്ടു് പോകുന്ന ഒന്നാണു്. അങ്ങിനെ പലതും ചിന്തിച്ചു് നടന്നുനടന്നു എനിക്കു് വഴിതെററി. കരിമ്പിൻതോട്ടത്തിൽനിന്നു് കത്താർസാഹബ് ഗുരുദ്വാരയിലേക്കു് പോകുന്നതിന്നുപകരം ഞാൻ എത്തിച്ചേന്നതു് ദർബാർസാഹബ് കത്താർപൂർ റെയിൽവേസ്റ്റേഷന്നു് സമീപത്താണു്.

തോട്ടത്തിൽനിന്നു് കുന്നിൻചെരുവിലേക്കു് ഞാൻ നോക്കിയപ്പോൾ കണ്ട കാഴ്ച എന്നെ നടുക്കിക്കളഞ്ഞു കുന്നിൻചെരുവിൽ കുററിക്കാട്ടുകൾക്കിടയിലും കരിമ്പിൻതോട്ടത്തിൽ എന്നിൽനിന്നു് അല്പം അകലേയും മുസൽമാൻ ലഹളക്കാർ കത്തി, വെണ്മഴു, വാളു്, തോക്കു് എന്നീ ആയുധങ്ങളോടുകൂടി പതിയിരിക്കുന്നു. തോട്ടത്തിന്റെ അപ്പുറത്തു് റെയിൽപാതയുടെ മറുഭാഗത്തുള്ള പാതയിൽകൂടി കൻജോഡിൽനിന്നു വരുന്ന ഹിന്ദുസംഘത്തെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു അവർ. അവക്കെന്നെ കാണാൻ വയ്യ. എനിക്കു പുറംതിരിഞ്ഞിട്ടാണു് അവർ ഇരുന്നിരുന്നതു്. അവരെ കണ്ട ഉടനെ ഞാൻ പതുങ്ങിയിരുന്നു. നായാട്ടുകാരെപ്പോലെ അത്യധികം അവധാനതയോടുകൂടിയായിരുന്നു അവർ ഇരുന്നിരുന്നതു്. അതു് കണ്ടപ്പോൾ എനിക്കു് തോന്നിയതു്

ഞാൻ ഒരു മുയലോ കുറുക്കനോ മററോ ആണെന്നാണ്. നിബിഡവും ഇരുളടഞ്ഞതുമായ ഒരു കാട്ട്. പച്ചിലകളുടെപിന്നിലുള്ള ചുവന്നതും നിർദ്ദയവുമായ കണ്ണുകൾ. ഏതു നിമിഷത്തിൽ വേണമെങ്കിലും എന്റെ മാംസത്തിലേക്ക് കുത്തിയിറക്കാൻ തെയ്യാറുള്ള കഠാരികളും കുന്തമുനകളും!

ജീവിതത്തിൽ ആദ്യമായാണ് എനിക്ക് വിചിത്രമായ ചില അനുഭവങ്ങളുണ്ടാകുന്നതു്. ഞാൻ ചിന്തിക്കാൻ തുടങ്ങി. മരണം മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണെങ്കിലും എന്റെ മനസ്സ് പ്രവത്തിച്ചു. രണ്ടുമൂന്നു പ്രകാരത്തിലുള്ള ചിന്തകളാണ് മനസ്സിൽ പ്രവത്തിച്ചിരുന്നതു്. ഞാൻ വയലിൽ പതുങ്ങിക്കിടക്കുകയാണ്. മുമ്പിൽ കരിമ്പിൻതോട്ടവും കുററിക്കാട്ടുകളും. റെയിൽപ്പാതയുടെ അടുത്തു് ആക്രമണകാരികൾ പതിയിരിക്കുന്നു. റോഡിന്മേലൂടെ അഭയാൎത്ഥികളുടെ പ്രവാഹം. വൃദ്ധന്മാരും, ചെറുപ്പക്കാരും, സ്ത്രീകളും കുട്ടികളും, അതിൽ ഹിന്ദുവും, സിക്കും, ക്ഷത്രിയനും, ബ്രാഹ്മണനും, ഹരിജനും, ചെരുപ്പുകുത്തിയും, രജപുത്രനും, എണ്ണയാട്ടുകാരനും, ജമീന്ദാരും, ബേങ്കറും എല്ലാമുണ്ട്.

ഇവർതമ്മിൽ ശണ്ഠ കൂട്ടുന്നു, വിശ്വാസവഞ്ചന ചെയ്യുന്നു; പരസ്പരം കൊള്ളയടിക്കുന്നു. ചിലപ്പോൾ കൊലപാതകംപോലും നടത്തുന്നു, എന്നാൽ ഇന്നാകട്ടെ എല്ലാവരും യോജിച്ച് തലതാഴ്ത്തി അങ്ങിനെ പൊയ്ക്കൊണ്ടിരിക്കയാണ്. കാട്ടിൽ എന്തെങ്കിലും ഒരത്യാഹിതം സംഭവിച്ചാൽ, അതായതു് വെള്ളപ്പൊക്കമോ കൊടുങ്കാറേറാ

ഉണ്ടായാൽ എല്ലാ മൃഗങ്ങളും ആത്മരക്ഷക്കായി ഒന്നിച്ച് ഓടിപ്പോകുന്നു. സിംഹവും, മാനും, കരടിയും, ആനയും, നരിയും, പാമ്പും, കുറുക്കനും, മുയലും എല്ലാം ആ സംഘത്തിലുണ്ടാവും. ആപൽഘട്ടത്തിൽ ആരുംതന്നെ അന്യോന്യം ആക്രമിക്കുവാൻ ഒരുങ്ങുന്നില്ല. ആരുടെയും അവകാശം നിഹനിക്കപ്പെടുന്നില്ല. സാർവ്വലൗകികമായ ഒരാപത്തിൽനിന്നു് രക്ഷപ്പെടാൻ ഏകോപിക്കുന്നു. ഇതേ മാതിരിയാണു് ആ റോഡിന്മേൽക്കൂടി പോകുന്ന ജനസമുദ്രത്തെ നോക്കിയപ്പോൾ എനിക്കു് തോന്നിയതു്. ആയിരക്കണക്കിൽ വന്യമൃഗങ്ങൾ ആത്മരക്ഷാർത്ഥം ഓടിപ്പോകുന്നതുപോലെ.

മുക്കാൽഭാഗം ജനങ്ങളും കടന്നുപോയപ്പോൾ പതിയിരുന്ന മുസൽമാൻ ആക്രമണകാരികളുടെ നേതാവ് ഒരു ആംഗ്യം കാണിച്ചു. ഉടനെ വാളും കുന്തവും വെണ്മഴുവുമായി ലഹളക്കാർ അഭയാർത്ഥികളുടെമേൽ ചാടിവീണു.

ജനങ്ങൾ അമ്പരന്നുപോയി. കണ്ട വഴിക്കെല്ലാം അവർ ഓട്ടംതുടങ്ങി. തീരെ അപ്രതീക്ഷിതമായിരുന്നു ആ ആക്രമണം. എന്തുവേണമെന്നു് നിശ്ചയമില്ലാതായി അവക്കു്. രക്ഷപ്പെടാമെന്ന ആശ അസ്തമിച്ചു. എന്നിട്ടും രാവിപാലംവരെ എത്തണമെന്ന ഉദ്ദേശത്തോടുകൂടി അവർ ഓട്ടംതുടങ്ങി. അവരിൽ മിക്കവരും ജീവിച്ചുവങ്ങളായിരുന്നു.

അരമണിക്കൂറിന്നകം നൂറുകണക്കിൽ ജനങ്ങളെ കൊത്തിയറത്തിട്ടു. പിന്നീട് അക്രമികളുടെ സംഘം മറെറാ

തുവെഴിക്ക് പോയി. വീണ്ടും അഭയാത്ഥികളുടെകൂടെ പോകുന്നതു് അപകടകരമാണെന്നു് എനിക്കു് തോന്നി. ജീവരക്ഷയ്ക്കു് നല്ലതു് ഒററയ്ക്കാണു്. മരിക്കേണ്ടിവന്നാൽ മരിക്കുകയും ചെയ്യാം.

അങ്ങിനെ ഞാൻ അഭയാത്ഥികളുടെ സംഘത്തിൽ പോകാതെ വൈകുന്നേരംവരെ ആ കരിമ്പിൻതോട്ടത്തിൽ പതുങ്ങിയിരുന്നു. വായിൽ ഒരു തുള്ളി വെള്ളമുണ്ടായിരുന്നില്ല; തൊണ്ട വരണ്ടുപോയി. ദാഹം സഹിക്കാൻവയ്യാതായപ്പോൾ എനിക്കു് പരിഭ്രമമായി. ഞാൻ സ്റ്റേഷനിലേക്കു് പോകാൻ തീച്ചയാക്കി. അവിടെ വെള്ളം കിട്ടും; ആദ്യം കുറച്ചു വെള്ളം കുടിക്കട്ടെ. എന്നിട്ടു് മരിച്ചാൽകൂടി തരക്കേടില്ല. ഇങ്ങിനെ വിചാരിച്ചു് ഞാൻ തോട്ടത്തിൽനിന്നു് പുറത്തു കടക്കുകയും റെയിൽപ്പാതവഴിയായി പതുങ്ങിപ്പതുങ്ങി ദർബാർ സാഹബ് കത്താർപൂർ സ്റ്റേഷനിൽ എത്തിച്ചേരുകയും ചെയ്തു.

സ്റ്റേഷനിൽ ഭയങ്കരമായ ഇരുട്ടു്. അവിടെ ടിക്കററ്കലക്ടരെ കണ്ടില്ല. പ്ലാററ്ഫോമിൽ വിളക്കുണ്ടായിരുന്നില്ല. ബുക്കിങ്ങ് ആഫീസ്സിൽ സ്റ്റേഷൻമാസ്റ്റർ മരിച്ചുകിടക്കുന്നു. പ്ലാററ്ഫോമിൽ ഹിന്ദുക്കളുടെയും സിക്കുകാരുടെയും ശവങ്ങൾ തലങ്ങും വിലങ്ങും കിടക്കുന്നുണ്ടു്. ഞാൻ വൈരാഗ്യത്തോടെ ആ കാഴ്ച കണ്ടു. എന്നിട്ടു് ഹിന്ദുജലത്തിന്നടുക്കലേക്കു് പോകയും വയർ നിറയെ വെള്ളം കുടിക്കുകയും ചെയ്തു. കള്ളന്മാരെപ്പോലെയാണു് ഞാൻ സ്റ്റേഷനിൽ കടന്നതു്. തീരെ ശബ്ദ

മുണ്ടാക്കിയില്ല. വെള്ളം കുടിച്ചുകഴിഞ്ഞപ്പോൾ ഭയചകിതനായി ഞാൻ നാലുപാടും ദൃഷ്ടിപായിച്ചു. അവിടെയെങ്ങും ഒരു ജീവിപോലുമുണ്ടായിരുന്നില്ല. നാലുപാടും ശവങ്ങൾ കൂടിക്കിടക്കുന്നു.

അല്പം കഴിഞ്ഞപ്പോൾ പ്ലാററ്ഫോമിൻെറ പടിഞ്ഞാറുഭാഗത്ത് ഒരു മങ്ങിയ നിഴൽ നീങ്ങുന്നതുകണ്ടു. ഉടനെ ഞാൻ ഒരു പീപ്പയുടെ ഉള്ളിൽ കടന്നിരുന്നു. ഞാൻ ഇരുന്നിരുന്ന പീപ്പയിൽനിന്ന് അല്പം അകലെ സ്റ്റേഷനിലെ ബല്ല് തൂക്കീട്ടുണ്ട്. അതിന്നപ്പുറത്ത് ആ കറുത്ത നിഴൽ ശവങ്ങളുടെ മേൽ കുനിയുകയും എഴുന്നേല്ക്കുകയും ചെയ്യുന്നതായി കണ്ടു. അത് നരച്ച മുടിയുള്ള ദുർബ്ബലനും കൃശഗാത്രനുമായ ഒരു വൃദ്ധനാണെന്ന് എനിക്ക് മനസ്സിലായി. സ്റ്റേഷനിലെ ചുവപ്പും പച്ചയും വെളിച്ചങ്ങൾ കാണിക്കുന്ന ലാന്തർ ആയാളുടെ കയ്യിലുണ്ട്. അത് കാണിച്ചാണ് ആയാൾ ശവങ്ങളുടെ മേൽ പരിശോധന നടത്തുന്നത്. പാവപ്പെട്ട വൃദ്ധൻെറ യുവാവായ പുത്രൻ കൊല്ലപ്പെട്ടിരിക്കുമെന്ന് ഞാൻ വിചാരിച്ചു. അവനെ തിരയുകയായിരിക്കും ആയാൾ. വിളക്കുകാണിച്ച് മുഖം മനസ്സിലാക്കുവാൻ ശ്രമിക്കുകയായിരിക്കും.

ആയാൾ എൻെറ അടുത്തെത്തിയപ്പോൾ മുഖമല്ല പരിശോധിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. ശവങ്ങളുടെ പോക്കററ് തപ്പുകയായിരുന്നു. പോക്കറ്റിൽ നിന്ന് നോട്ടുകളും ചില്ലറയും മററു വിലപിടിച്ച സാധനങ്ങളും എടുത്ത് സഞ്ചിയിൽ നിറക്കുകയാണ്.

ഇതുകണ്ടപ്പോൾ എനിക്കു് എന്തെല്ലാമോ തോന്നിപ്പോയി. ഞാൻ പതുക്കെ അവിടെനിന്നു് എഴുന്നേററു. പിന്നിൽക്കൂടി പതുങ്ങിച്ചെന്നു് ഒരു ശവത്തിന്മേൽ കുനിഞ്ഞുനില്ക്കുന്ന ആയാളുടെ കൈക്കു് കടന്നുപിടിച്ചു. ഭീഷണമായ സ്വരത്തിൽ ഞാൻ ആയാളോട്ടു്, 'നീ ആരാണു' എന്നു് ചോദിച്ചു. വൃദ്ധൻ കിടുകിടാ വിറക്കുവാൻ തുടങ്ങി. ആയാളുടെ ചുണ്ടുകൾ വിറച്ചു; മുഖം വിളത്തു. ഭയചകിതനായി ആയാൾ പറഞ്ഞു: "ഞാൻ ... ...ഞാൻ മുസൽമാനാണു്."

"മുസൽമാനാണെങ്കിൽ ഇപ്പോൾതന്നെ നിന്റെ കഥ കഴിച്ചേക്കാം" എന്നുപറഞ്ഞു് ഞാൻ ആയാളുടെ കഴുത്തിൽ പിടിച്ചു ഞെക്കി: വൃദ്ധന്റെ വായിൽനിന്നു് നുരയും പതയും പുറത്തുവന്നു. ആയാൾ സഞ്ചിവിട്ടു് കൈകൂപ്പി പറഞ്ഞു: "അല്ല, അല്ല, ഞാൻ മുസൽമാനല്ല. ഞാൻ ബുലാക്കീഷായാണു്. കൻജോഡിലെ ബുലാക്കീഷാ. നിങ്ങൾ എന്റെ പേർ കേട്ടിരിക്കും."

ഞങ്ങളുടെ നാട്ടിൽ കൻജോഡിലെ ബുലാക്കീഷായെപ്പററി കേൾക്കാത്തവർ ആരുമില്ല. ആ പ്രദേശത്തെ ഏററവും വലിയ ഹുണ്ടികക്കാരനായിരുന്നു ആയാൾ. ആയാൾക്കു് കടംകൊടുക്കാനില്ലാത്ത ഒരു കൃഷിക്കാരൻപോലും അവിടെയില്ല. ആയാളുടെ കയ്യിൽ പണ്ടം പണയംവെക്കാത്ത വീട്ടുകാരും ആ പ്രദേശത്തില്ല.

ഞാൻ: ബുലാക്കീഷാ, നിങ്ങൾ ഇവിടെ എന്താണു് ചെയ്യുന്നതു്?

ബുലാക്കീ: എൻെറ ആളുകൾ എല്ലാം വധിക്കപ്പെട്ടു. എൻെറ സർവ്വസ്വവും കൊള്ളചെയ്യപ്പെട്ടു.

ഞാൻ: അതെല്ലാം നിങ്ങളുടെയായിരുന്നുവോ ബുലാക്കീഷാ?

ഞാൻ ചോദിച്ചതിന്നു് സമാധാനം പറയാതെ ആയാൾ പറഞ്ഞു: "ഒരു പെൺകുട്ടി മാത്രം രക്ഷപ്പെട്ടു. അവൾ അഭയാർത്ഥികളോടൊന്നിച്ചു് പോയിട്ടുണ്ടു്; അവളെ അന്വേഷിച്ചാൽ കണ്ടുകിട്ടും."

ഞാൻ: എന്നാൽ ഈ സമയത്തു് നിങ്ങൾ ഇവിടെ എന്താണു് നോക്കിയിരുന്നതു്?

വൃദ്ധൻ ഒരു ഇളിഭ്യച്ചിരി ചിരിച്ചു. ഒരു ഹിന്ദുവിനെ കണ്ടപ്പോൾ ആയാൾക്കു് ധൈര്യമായി. ആയാൾ പറഞ്ഞു: "മകനേ, എനിക്കു് ഒരു മകളേയുള്ളു. എൻെറ കയ്യിൽ ഒരു പൈപോലുമില്ല. സംഗതിവന്നാൽ പ്രായമായ അവളെ ആർക്കെങ്കിലും പിടിച്ചുകൊടുക്കണമെന്നുണ്ടു്. അതു് വിചാരിച്ചിട്ടാണു്......"

ഇത്രയും പറഞ്ഞു് ആയാൾ നിർത്തി നിലത്തു് കിടന്നിരുന്ന ആ സഞ്ചിയിലേയ്ക്കു് ചൂണ്ടിക്കാണിച്ചു.

ഞാൻ ആ സഞ്ചിയെടുത്തുനോക്കി. അതിൽ രണ്ടിൻെറയും അഞ്ചിൻെറയും പത്തിൻെറയും നൂറിൻെറയും നോട്ടുകളും കുറെ ചില്ലറയും മൂന്നോ നാലോ വാച്ചുകളും ഉണ്ടായിരുന്നു.

വൃദ്ധൻ പറഞ്ഞു: "ഇവരെല്ലാം മരിച്ചു. ഇനി ഈ പണംകൊണ്ട് ഇവക്ക് പ്രയോജനമില്ല. മുസൽമാന്മാർ വന്ന് നമ്മുടെ പണം തട്ടികൊണ്ടുപോകുന്നതിന്ന് മുമ്പ് എടുത്തുകളയാമെന്നുകരുതി."

ഞാൻ; ഇതെല്ലാം നിങ്ങളുടെയാണോ?

ബുലാക്കീഷാ: അതെ, ഇത് കൊണ്ടുപോകാമെന്ന് വിചാരിച്ചു. എന്റെ മകളുടെ കല്യാണത്തിന്ന് സ്ത്രീധനം കൊടുക്കണമല്ലൊ.

ഞാൻ: ഈ ശവങ്ങളിൽനിന്നാണോ മകൾക്ക് സ്ത്രീധനം നൽകുവാനുള്ള പണം എടുക്കുന്നത്?

ഞാൻ വളരെ വെറുപ്പോടും ക്രോധത്തോടുംകൂടിയായിരുന്നു ഇത് ചോദിച്ചത്. എനിക്കിത് തീരെ അവിശ്വസനീയമായിത്തോന്നി.

ആയാൾ വിനയത്തോടെ പറഞ്ഞു: "അതെ ബാബു."

ആയാൾ ചോദിച്ചു: "നിങ്ങൾ എന്താണ് ഇവിടെ അന്വേഷിച്ചിരുന്നത്?"

ഞാൻ കുറച്ചുനേരം ഒന്നും പറയാതെ ആയാളെ നോക്കികൊണ്ടിരുന്നു. പിന്നീട് പറഞ്ഞു: "നിങ്ങളെപ്പോലുള്ള അത്യാഗ്രഹികൾ നശിപ്പിച്ച ആ ദേശത്തെ അന്വേഷിക്കുകയായിരുന്നു ഞാൻ."

അത്യധികം വേദനയോടുകൂടിയാണ് ഞാനിത്രയും പറഞ്ഞത്. പിന്നീട് സാവധാനത്തിൽ ബുലാക്കീഷാ

യുടെ കഴുത്തിൽനിന്നു് കൈകളെ അകററി. എന്തെന്നാൽ ഒരു മനുഷ്യൻെറ കഴുത്തിൽ പിടിച്ച പ്രതീതിയല്ല എനിക്കുണ്ടായതു്; ഒരു പാമ്പിൻെറ കഴുത്തിൽ പിടിച്ച പ്രതീതിയാണു്. ഞാൻ ആയാളെ ശക്തിപൂർവ്വം ശവങ്ങളുടെ മീതെ തള്ളിവീഴ്ത്തിക്കൊണ്ടു് സ്റ്റേഷനിൽനിന്നു് പുറത്തേക്കുകടന്നു.

സ്റ്റേഷനിൽനിന്നു് കുറെദൂരം മുന്നോട്ടുപോന്നശേഷം വീണ്ടും ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ ആ കറുത്ത രൂപം ചുകന്ന വിളക്കുമായി ശവങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്നതു കണ്ടു.

# 5

സ്റ്റേഷനിൽനിന്നു് പുറത്തുകടന്നു് ഞാൻ ഒരു ചെറിയ വഴിയിൽ ചേൻ്നു. വഴിയുടെ രണ്ടുപുറവും കരിമ്പിൻകൃഷിയുണ്ടു്. രാത്രിയുടെ അന്ധ കാരത്തിൽ അതു് ഒരു കോട്ടയുടെ കന്മതിലുപോലെ സുശക്തവും സുദൃഢവുമായി കാണപ്പെട്ടു. രാത്രി ലജ്ജയും ഭയവുംകൊണ്ടു് പരിഭ്രാന്തയായി ആ കരിമ്പിൻതോട്ടത്തിലേക്കു് ഇറങ്ങിവന്നിരുന്നു; നാലുപുറവും ഭയാനകമായ ഒരു നിശ്ശബ്ദത. എൻെറ കൂടെ വന്നിരുന്ന പട്ടിമാത്രം ഇടയ്ക്കിടെ മേല്പോട്ടുനോക്കി മോങ്ങിയിരുന്നു. ഈ ഭൂമി വിചിത്രയായ ഒരു പട്ടിയാണു്. പകൽ ശബ്ദമില്ല. എൻെറ പിന്നാലെ പതുങ്ങിപ്പതുങ്ങി നടക്കും ഞാൻ നടന്നാൽ അതു് നടക്കും. ഞാൻ നിന്നാൽ അതു് നില്ക്കും. എൻെറ കുറെ ദൂരെയായി മാത്രമാണു് അതു് നില്ക്കാറുള്ളതു്. എന്തെന്നാൽ ഒരിക്കൽ ദേഷ്യം വന്നു് ഞാൻ അതിനെ

ഒന്നു ചവിട്ടി. ചവിട്ടുകൊള്ളുന്നതിന്നു് മുമ്പു് അതു് ഒഴിഞ്ഞുമാറി. അങ്ങിനെ എന്റെ ഉന്നം പിഴച്ചു. അന്നതൊട്ടു് റൂമി വളരെ സാമർത്ഥ്യത്തോടുകൂടി പെരുമാറാൻ തുടങ്ങി

അവളുടെ വയററിൽ കുട്ടികളുണ്ടു്. അവയെ രക്ഷിക്കേണ്ടതു് അവളുടെ ചുമതലയാണു്. എന്നോയും! അതിനാൽ എന്റെ പിന്നാലെ നടന്നിരുന്ന റൂമി എന്നിൽനിന്നു് വളരെയകലെയായി നടന്നു. പകൽ നിശ്ശബ്ദയാണു്. കാരണം പകലാണു് ആക്രമണമുണ്ടാവാറുള്ളതു്. ഈ പട്ടിക്കു് ആരാണു് ഈ ബുദ്ധി പഠിപ്പിച്ചതു്? രാത്രിമാത്രം അതു് ആകാശത്തിലേയ്ക്കുനോക്കി ഓളിയിടും. ആരാണു് ആകാശത്തിൽ? ആരെനോക്കിയാണു് റൂമി ആവലാതിപറയുന്നതു്? ഇന്നത്തെ ആകാശം കറുത്തിരുണ്ടതാണു്; ഒരു നക്ഷത്രംപോലുമില്ല. ഭൂമി നിശ്ശബ്ദവും ആശങ്കാകുലവുമാണു്. കാററിന്റെ ദീർഘനിശ്വാസംപോലും കേൾക്കുന്നില്ല. കോട്ടമതിലുകൾ സുശക്തവും സുദൃഢവുമാണു്. നിന്റെ ആവലാതിക്കു് അന്ധകാരത്തെ ഭേദിച്ചു് മുമ്പോട്ടുപോകാനുള്ള ശക്തിയില്ല. അന്ധകാരത്തിന്നു് ഹൃദയമില്ല; വയറേ ഉള്ളു. ആവലാതി ഹൃദയത്തിന്നേ കേൾക്കാൻ കഴിയൂ. വയററിന്നു് രക്തം കുടിക്കാൻ മാത്രമേ അറിയൂ.

കുറച്ചുനേരം അങ്ങിനെ നടന്നു. ഈ വഴിയിൽക്കൂടി പോയാൽ നദിവരെ സുരക്ഷിതമായി എത്തിച്ചേരാമെന്ന ഒരു ധാരണ എന്നിലുണ്ടായി. എന്നാൽ കുറച്ചുദൂരം നടന്നപ്പോഴാണു് എനിക്കു് വഴിതെററി എന്നു മന

സ്സിലായതു്. ഞാൻ വിചാരിച്ച വഴിയായിരുന്നില്ല അതു്. മറേറതോ വഴിയാണു്. എവിടെയ്ക്കു പോകുന്നതാണെന്നും അറിഞ്ഞുകൂടാ. ഇടുങ്ങിയ വഴി വലുതാവാൻ തുടങ്ങി. ക്രമേണ ആ വഴിക്കു് ജനക്കൂട്ടം സഞ്ചരിച്ച അടയാളം കണ്ടുതുടങ്ങി. നൂറുകണക്കിൽ അടികളുടെ ചവിട്ടേററ് പാറിയ മണ്ണു് അമന്നിരിക്കയാണു്. വഴിയുടെ അടുക്കൽ വൃദ്ധനായ ഒരു ജാട്ടു് ഞെരങ്ങികൊണ്ടു് കിടപ്പുണ്ടായിരുന്നു. എന്നെ കണ്ട ഉടനെ ആയാൾ ഭയപ്പെട്ടു് നിശ്ശബ്ദനായി. ഞാൻ ആയാളുടെ അടുത്തു് ചെന്നപ്പോൾ തൻെറ മുമ്പിൽ മരണമാണു് വന്നു നില്ക്കുന്നതെന്ന ഭാവത്തിൽ എന്നെ നോക്കിത്തുടങ്ങി.

ഞാൻ: പേടിക്കണ്ട, ഞാനും ഒരു അഭയാർത്ഥിയാണു്.

ആയാൾക്കു് ജീവൻ വന്നു. കുറച്ചു സമയത്തിന്നു് ഒന്നും സംസാരിക്കുവാൻ കഴിഞ്ഞില്ല. പിന്നീട്ടു് ഇടറിയസ്വരത്തിൽ പറഞ്ഞു: "ഗുരുവേ ശരണം. ഞാൻ വിചാരിച്ചതു്......"

ഞാൻ: നിങ്ങൾ വിചാരിച്ചതു് തെററാണു്. ഇവിടെ കിടക്കുന്നതെന്തിനാണു്?

വൃദ്ധൻ: എൻെറ കുട്ടികൾ എന്നെ കൂട്ടികൊണ്ടു പോയില്ല.

ഞാൻ: എന്തുകൊണ്ടു്?

വൃദ്ധൻ: എനിക്കു നടക്കാൻ വയ്യ. മകനേ,ഞാനൊരു പടുകിഴവനാണു്.

ഞാൻ: നിങ്ങൾക്ക് എത്ര മക്കളുണ്ട്

വൃദ്ധൻ: മൂന്ന്. മൂന്നുപേരും ശക്തന്മാരായ യുവാക്കളാണ്. ഇതുവരെ എന്നെ ഏററിക്കൊണ്ടുവന്നു. ഇവിടെവെച്ച് ആക്രമണം നടന്നപ്പോൾ എന്നെ വിട്ട് ഓടിപ്പോയി.

ഞാൻ സഹാനുഭൂതി പ്രദർശിപ്പിച്ചുകൊണ്ട് പറഞ്ഞു: "അതു് തീരെ നന്നായില്ല."

വൃദ്ധൻ എൻെറ ആശയം തെററിദ്ധരിച്ചുകൊണ്ട് പറഞ്ഞു: "മക്കളെ, എന്നെ ആ പാലംവരെ ഒന്നു കൊണ്ടുപോയി വിടണം. രാവിപാലം ഇവിടെ അടുത്താണെന്ന് കേൾക്കുന്നു. അതുവരെ എത്തിച്ചാൽ ഞാൻ നിങ്ങളോട്ട് എന്നും കടപ്പെട്ടവനാകും. എന്നെ അതുവരെ ഒന്നു കൊണ്ടുപോകു."

ഞാൻ: ബാബാ, നിങ്ങളെ കൊണ്ടുപോകണമെന്ന് എനിക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല. എന്നാൽ സ്വയം നടക്കാൻ എനിക്ക് ശേഷിയില്ല. പിന്നെ നിങ്ങളേയുംകൂടി കൊണ്ടുപോകുന്നതെങ്ങിനെ?

"മകനെ, എന്നേ കൊണ്ടു പോകു. എന്നേ കൊണ്ടു പോകു" എന്നിങ്ങിനെ വൃദ്ധൻ അപേക്ഷിച്ചുകൊണ്ടിരുന്നു. പക്ഷെ ഞാൻ അവിടെ നില്ക്കാതെ വേഗം നടന്നകന്നു.

വൃദ്ധൻ അരിച്ചരിച്ച് പിന്നാലെ വന്ന് എൻെറ കാലു പിടിക്കുകയും കൊണ്ടുപോകണമെന്നഭ്യർത്ഥിക്കു

കയും ചെയ്തു. ഞാൻ ശക്തിപൂർവ്വം കാൽ കുടഞ്ഞു. വൃദ്ധൻ പാതച്ചാലിലേയ്ക്കു തെറിച്ചുവീണു. പട്ടി ഉറക്കെ നിലവിളിച്ച് ഭയത്തോടുകൂടി എന്നേനോക്കി,

കുറച്ചു ദിവസംമുമ്പ് ജേക്ക്‌ലണ്ടിൻെറ ഒരു കഥ ഞാൻ വായിക്കുകയുണ്ടായി. അതിൽ അദ്ദേഹം അമേരിക്കൻ ആദിമനിവാസികളുടെ ഒരു ആചാരക്രമത്തെപ്പററി പറഞ്ഞിട്ടുണ്ട്. അച്ഛന്നു വളരെ പ്രായമായാൽ മക്കൾ ഒരു സഞ്ചിയിൽ ഏഴു ദിവസത്തെ ഭക്ഷണവും ഏഴുദിവസത്തെ വെള്ളവും ഏഴുദിവസത്തേക്ക് പുകയിലയും എടുത്ത് തണുപ്പ്കാലത്ത് മഞ്ഞു നിറഞ്ഞ ഒരു മൈതാനത്തിൽ ആയാളേ തനിയെ കൊണ്ടുപോയി വിടാറുണ്ടത്രെ. മനുഷ്യൻ കാടനും അപരിഷ്കൃതനുമായ ഒരു കാലത്തെ സമ്പ്രദായമായിരുന്നു ഇതു്. വിളവ് കുറവും ഭക്ഷണത്തിന്നു് ക്ഷാമവും ഉള്ള കാലമായിരുന്നു അതു്. ശക്തിയായ മഞ്ഞുകാററുനിമിത്തം മേച്ചിൽ സ്ഥലങ്ങൾ മിക്കവാറും ഉണങ്ങിപ്പോകും. അങ്ങിനെ പ്രകൃതിയുടെ കഠോരഹസ്തങ്ങൾകൊണ്ടു് അടിയേററ് അക്കാലങ്ങളിൽ മനുഷ്യർ ഒരു അല്പഭക്ഷണവുമന്വേഷിച്ച് സഞ്ചരിക്കാറുണ്ടായിരുന്നു.

എന്നാൽ ഇന്നു് പരിഷ്കാരത്തിൻെറ പ്രകാശം പരന്ന കാലമാണു്. നാലുഭാഗത്തും കരിമ്പിൻവയലുകൾ. ദൂരെ രാവിയുടെ പാലം. അടുത്തു് എവിടേയോ ഒരു റെയിലിന്മേൽകൂടി വണ്ടി മനുഷ്യൻെറ മഹത്വത്തെ ഘോഷിച്ചു സ്തുതിക്കുന്നതുപോലെ കൂക്കിക്കൊണ്ടു് കടന്നുപോകുന്നുണ്ടായിരുന്നു.

എന്നാൽ ആ വൃദ്ധൻ പാതച്ചാലിൽ കിടന്നു് നിശ്ശബ്ദമായ ദൃഷ്ടികളോടെ എൻെറനേരെ നോക്കി. മനുഷ്യന്റെ മഹത്വം അന്ധകാരം നിറഞ്ഞ ഈ ഗർത്തത്തിൽ നിന്നു് എന്നാണു് പുറത്തുവരിക എന്നു് ചോദിക്കുന്നതായി എനിക്കു തോന്നി.

ഞാൻ തലതിരിച്ചു. ഞാൻ മാത്രമാണോ മനുഷ്യൻെറ മഹത്വം നിലനിർത്തുവാനുള്ള ബാദ്ധ്യത ഏറെറടുത്തിരിക്കുന്നതു്? ഈ വൃദ്ധൻെറ മക്കൾക്കു് ആയാളെ രക്ഷിക്കുവാൻ കഴിഞ്ഞില്ല. ആ സ്ഥിതിക്കു് അതിൽ എനിക്കു് എന്തുത്തരവാദിത്തമാണുള്ളതു്?

വൃദ്ധൻ പോയി തുലയട്ടെ. അസത്തു് പട്ടീ, നീ എനി ഒരിക്കൽക്കൂടി എന്നെ ഇങ്ങിനെ നിന്ദിക്കുകയാണെങ്കിൽ നിന്റെ എല്ലു് ഞാൻ ചവിട്ടി മുറിക്കും. ഞാൻ പട്ടിയെ ചവിട്ടാൻ കാലോങ്ങി. അപ്പോഴേക്കും അതു് ഓടിമറഞ്ഞു. ഞാൻ മുമ്പോട്ടു് നടന്നു.

മുന്നോട്ടു പോകുന്തോറും വഴിക്കു വീതി കൂടിക്കൂടി വന്നു, അതു് പ്രധാന നിരത്തിനോടു് ചേർന്നു. ഈ വഴിയെ ഒരു കൊള്ളസംഘം പോയിരിക്കണം. ഒരു സ്ഥലത്തു് ഒരു മുറിഞ്ഞ കൈ കിടന്നിരുന്നു. ശരീരമൊന്നുമില്ല. ഉള്ളംകൈ ആകാശത്തെ നോക്കിയാണു് കിടന്നിരുന്നതു്.

ഒരു ഭാഗത്തെ ഒരു കൈ അങ്ങിനെ ആകാശത്തേയും നോക്കി കിടക്കുന്ന കാഴ്ച! ആ കൈ ഒരുകാലത്തു് കുന്നുകൂട്ടിട്ടുണ്ടാകും, കൊട്ടിയും പുള്ളും കളിച്ചിട്ടുണ്ടാകും.

ആ കൈ ആരുടെ ശരീരത്തു് കെട്ടിപ്പിടിച്ചിരിക്കണം. സ്നേഹപൂർവ്വം കുട്ടിയെ എടുത്തിരിക്കണം. ആ കൈ കൊണ്ടു് ആക്കോ പൂ മണക്കാൻ കൊടുത്തിരിക്കണം, ആ കൈ ആരുടെയോ മുടി ചീകികൊടുത്തിരിക്കണം. ആ കൈകൊണ്ടു് പാലം നിർമ്മിക്കുകയും നഗരം കെട്ടി പ്പൊക്കുകയും ചെയ്തിരിക്കണം. പൂക്കൾ വെച്ചുപിടി പ്പിച്ചിരിക്കണം. തന്റെ പ്രിയതമയുടെ മുഖം തലോ ടി അതിൽ ഭാവിയുടെ മധുരസ്വപ്നങ്ങളുടെ ചിത്രങ്ങൾ അന്വേഷിച്ചിരിക്കണം. ഇന്നു് ആ കൈ മണ്ണിൽ കി ടന്നു് മേല്പോട്ടു നോക്കുകയാണു്. ആ കൈ ആരുടെയാ യിരിക്കും? ഹിന്ദുവിന്റെയോ? മുസൽമാന്റെയോ? സിക്കിന്റെയോ? ക്രിസ്ത്യാനിയുടെയോ? അതൊന്നുംത ന്നെ ആ കൈ പറയുന്നില്ല. അഞ്ചു വിരലുകൾ നിവ ർത്തി നിശ്ശബ്ദമായി ആകാശത്തെ നോക്കുകമാത്രം ചെയ്യു ന്നു. അതു് ആരുടെ കൈയ്യാണു്? ഒരു മനുഷ്യന്റെ കൈ ആണെങ്കിൽ ആ മനുഷ്യൻ എവിടെ?

എടോ വിഡ്ഢീ, ആരോടാണിതു് ചോദിക്കുന്നതു്? ആരോടാണു് ആവലാതിപ്പെടുന്നതു്? കൊള്ളസംഘം പൊയ്ക്കഴിഞ്ഞു. ഞാൻ ആ കൈ ചാടിക്കടന്നു് മുമ്പോ ട്ടു നടന്നു.

കുറച്ചുദൂരം ചെന്നപ്പോൾ ഒരു ശബ്ദം കേട്ടു. ഒരു സ്ത്രീയുടെ ശബ്ദം. അവൾ ഞരങ്ങുകയാണു്. ഞാൻ സ്തംഭിതനായി അവിടെ നിന്നു.

വഴിയുടെ ഒരു ഭാഗത്തു് മൂന്നു കുട്ടികൾ മരിച്ചുകിട ക്കുന്നുണ്ടു്. അവരുടെ അടുത്തു് ഒരു സ്ത്രീ രക്തത്തിൽ മു

ങ്ങി കിടക്കുന്നുണ്ട്. അവളാണ് ഞരങ്ങുന്നത്. എ ന്നെ കണ്ട ഉടനെ അവൾ പറഞ്ഞു: "കാലാ എന്നെ കൊന്നുകളഞ്ഞേക്കു്."

സ്ത്രീയുടെ അരക്കെട്ടിൽനിന്നു് രക്തം ഒഴുകുന്നുണ്ടായിരുന്നു. ഞാൻ അവളോട്ട് ചോദിച്ചു: "നിന്നെ മുസൽമാന്മാരാണോ മുറിയേല്പിച്ചതു്?"

സ്ത്രീ: അല്ല, എൻെറ വീട്ടുകാരൻ. ആയാൾ എൻെറ മൂന്നു കുട്ടികളേയും കൊന്നു; എന്നെയും കുത്തി. പരക്ഷ, ജീവൻ പോകുന്നില്ല.

ഞാൻ: വീട്ടുകാരൻ ഇതു് എന്തിനു് ചെയ്തു?

സ്ത്രീ ഞരങ്ങിക്കൊണ്ട് ദയനീയസ്വരത്തിൽ പറഞ്ഞു: "ആക്രമണകാരികൾ വന്നപ്പോൾ എൻെറ ഭത്താവ് അവരെ എതിക്കാൻ പോയി. ഞാൻ ആയാളുടെ കൈ പിടിച്ചു് കരഞ്ഞുകൊണ്ട് പറഞ്ഞു: "നിങ്ങൾ എവിടേക്കാണു് പോകുന്നതു്? ഞാനും കുട്ടികളും എനി ആരെ ആശ്രയിച്ചാണു് ജീവിക്കേണ്ടതു്?" ഇതു്കേട്ട് ആയാൾ കോപത്തോടുകൂടി എൻെറനേരെ നോക്കി. പെട്ടെന്നു് കഠാരി എടുത്തു് മൂന്നു് കുട്ടികളേയും കുത്തിക്കൊന്നു. ഇതു കണ്ടു് ഭയപ്പെട്ട് ഞാൻ ഓടി. ഉടനെ ആയാൾ കഠാരി എൻെറനേക്കു് എറിഞ്ഞു അതു് എൻെറ അരയിൽവന്നു തറച്ചു. അക്രമികൾ പോയി. ഞാൻ ഇവിടെക്കിടന്നു് പിടയുകയാണു്. ജീവൻ പോകുന്നില്ല. നിങ്ങൾ ഒരുപകാരം ചെയ്യു; എൻെറ കഥ ഒന്നു കഴിച്ചുതരു."

ഞാൻ പറഞ്ഞു: "സഹോദരീ, പരിഭ്രമിക്കണ്ട. രാവിലെയാവുമ്പോഴേക്കു് നിങ്ങളുടെ ജീവൻ പൊയ്പ്പോകും. എന്നെ ഈ പാപം ചെയ്യാൻ ക്ഷണിക്കുന്നതെന്തിനാണു്?"

ഇത്രയും പറഞ്ഞു് ഞാൻ അവിടെനിന്നു് പോയി. എന്നാൽ ആ സ്ത്രീയുടെ ശകാരം കുറേസമയത്തോളം എന്റെ ചെവിയിൽവന്നലച്ചുകൊണ്ടിരുന്നു. "നീ നശിച്ചുപോകട്ടെ; നിന്റെ വീടിനു് തീപ്പിടിക്കട്ടെ. നിന്റെ അമ്മ മരിച്ചുപോകട്ടെ; കുട്ടികൾ നശിച്ചുപോകട്ടെ; തെമ്മാടീ, എനിക്കു് ഈ ഒരു ഉപകാരംപോലും ചെയ്യാൻ നിനക്കു് വയ്യ അല്ലേ?" എന്നിങ്ങനെ പലതും അവൾ പറഞ്ഞിരുന്നു.

പെട്ടെന്നു് വളരെ ദൂരത്തോളം യാത്രചെയ്തു് അത്യധികം ക്ഷീണിതനും പരാജിതനുമായ ഒരു പ്രതീതിയാണു് എനിയ്ക്കുണ്ടായതു്. എന്റെ കാലുകൾ കഴക്കാൻ തുടങ്ങി. ഞാൻ ഉഴറി ഉഴറി കരിമ്പിൻതോട്ടത്തിൽ കയറുകയും കൂത്തുമൂത്ത കരിമ്പിന്റെ ഓലകൾക്കുമീതെ കിടന്നു് ഉറങ്ങുവാൻ തുടങ്ങുകയും ചെയ്തു.

എഴുന്നേററുനോക്കിയപ്പോൾ നേരം പ്രഭാതമായിരുന്നു. സൂര്യൻ ഉദിച്ചു പൊങ്ങിട്ടുണ്ടു്. റൂമി എന്റെ കാലിന്നടുത്തുകിടന്നു് ഉറങ്ങുകയാണു്. അല്പം അകലെയായി റോട്ടിൽക്കൂടി ഒരു സംഘം പോകുന്നുണ്ടു്. ഞാൻ തോട്ടത്തിൽനിന്നു് ഇറങ്ങി, ഒരു ചാട്ടത്തിന്നു് ആ സംഘത്തിൽപോയി ചേർന്നു. ശരീരവും മനസ്സും ഒരുപോ

ലെ ക്ഷീണിച്ചിരുന്നു. എല്ലാ ശക്തികളും എനിക്കു് നഷ്ടപ്പെട്ടു. അന്ധനായി ജനങ്ങളെപ്പോലെ ഞാനും ഓടി. ഒരു സ്ഥലത്തു് എത്തിച്ചേരും; എവിടെയെങ്കിലുമാവട്ടെ. ഈ സംഘത്തിന്നു് ലക്ഷ്യത്തിലെത്താൻ കഴിയുമോ? ഏതായാലും വരുന്നതു് വരട്ടെ.

# 6

ഞാൻ ഏതൊരു ജനക്കൂട്ടത്തിലായിരുന്നോ നടന്നിരുന്നത് അത് ഒരു നാടിനെ മുഴുവൻ പ്രതിനിധീകരിച്ചിരുന്നു. എന്റെ മുമ്പിൽ നാല് ഹിന്ദുയുവാക്കൾ വൃദ്ധനായ പിതാവിനെ കട്ടിലിൽ താങ്ങിയെടുത്തുകൊണ്ട് നടന്നിരുന്നു. വളരെയധികം കെട്ടുകൾ ആ കട്ടിന്മേൽ വെച്ചിരുന്നു. എന്റെ നേരെ മുമ്പിൽ സിക്കുകാരനായ ഒരു ജാട്ട താടികെട്ടി കയ്യിൽ കഠാരിയുമായി തന്റെ പത്നിയൊന്നിച്ച് നടന്നിരുന്നു. രണ്ടുപേരുടെയും തലയിൽ വലിയ കെട്ടുകളുണ്ട്. എന്റെ പിന്നാലെ ഒരു വണ്ടി വരുന്നത് കണ്ടു. അതിൽ ഒരു സിക്കുകുടുംബം അവരുടെ മുഴുവൻ സാധനങ്ങളുമായി ഇരിക്കുകയാണ്. അവർ നല്ല സ്ഥിതിയുള്ള ജമീന്ദാർമാരാണെന്ന് തോന്നി. എന്റെ ഒരു വശത്ത് കറുപ്പു നിറവും നരച്ച മീശയുമുള്ള വൃദ്ധനായ ഒരു ബനിയ നടക്കുന്നുണ്ട്. അ

യാൾ തൻെറ തുണി മുട്ടിന്നുമീതേക്കു് തിരച്ചു കയററിയിരുന്നു. ആയാളുടെ കാലിലെ ഞരമ്പുകൾ വ്യക്തമായി പുറത്തേക്കു് കാണാമായിരുന്നു. വൃദ്ധൻ ഒരു കയ്യിൽ ഒരു പൊതിയും മറേറ കയ്യിൽ മകളുടെ കയ്യും പിടിച്ചിരുന്നു. പെൺകുട്ടി വളരെ സുന്ദരിയാണു്. അവളുടെ വലിയ വലിയ കണ്ണുകൾകൊണ്ടു് ഒരു നോട്ടം ലഭിച്ചാൽ ആളുകളുടെ മനസ്സു് ചഞ്ചലമായിത്തീരും. ലജ്ജായുക്തവും ദുഃഖിതവുമായ അവളുടെ സൗന്ദര്യത്തിനു് ഒരു മാസ്മരശക്തിയുണ്ടായിരുന്നു. പുഷ്ടയൗവ്വനത്തിൽ കിളുത്ത അവളുടെ നടത്തം ആകർഷകമായിരുന്നു. അവൾ ഓടിപ്പോകുകയാണെന്നു് ആരും പറയില്ല. ജനങ്ങൾ അവളുടെ,പിന്നാലെ ഓടിയോടി വരികയായിരുന്നു. ഞങ്ങൾ എല്ലാവരുടെയും നടുവിൽ ഒരു നക്ഷത്രംപോലെ ശോഭിച്ചു അവൾ. അങ്ങിനെ ജീവിതത്തിൻെറ ഒരു കോണിൽ വെളിച്ചം വീശാൻ ആ പെൺകുട്ടിക്കു കഴിഞ്ഞു. ഓരോ മനുഷ്യനും അവളെ കടക്കണ്ണിട്ടു നോക്കിക്കൊണ്ടാണു് നടക്കുന്നതു്. മരണം തലയ്ക്കുമീതെ തൂങ്ങി നില്ക്കുകയാണു്. എന്നാൽ സൗന്ദര്യത്തിൻെറ മാദകത്വത്തെ അവഗണിക്കാൻ ആർക്കും കഴിഞ്ഞില്ല. ഓരോ മനുഷ്യനും അവളെത്തന്നെ നോക്കി.

ഞാൻ ബനിയയുടെ ഒന്നിച്ചു് നടക്കുവാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ ആയാളോടു ചോദിച്ചു: "എവിടെനിന്നാണു് വരുന്നതു്?"

"എവിടെനിന്നു് വന്നാൽ നിങ്ങൾക്കെന്തുവേണം?"! ബനിയ കടുത്ത സ്വരത്തിൽ മറുപടി നൽകി.

കുറെ നേരത്തെ നിശ്ശബ്ദതക്കുശേഷം ഞാൻ വീണ്ടും ധൈര്യപ്പെട്ടു ചോദിച്ചു: "ഇതു് നിങ്ങളുടെ മകളാണോ?"

"അതറിഞ്ഞിട്ടെന്തു വേണം?" വൃദ്ധൻ ക്രോധപൂർവ്വം എന്നെനോക്കി മകളുടെ കയ്യിന്മേലുള്ള പിടി അമർത്തി.

ആ പെൺകുട്ടി എന്റെ നേരെ നോക്കി. തടാകത്തിൽ രണ്ടു നീലത്താമരപ്പൂക്കൾ വിരിഞ്ഞപോലെ; തടാകത്തിലെ ജലം ഓളംവെട്ടുന്നതുപോലെ: ആ തടാകത്തിൽ ഞാൻ മുങ്ങുന്നതുപോലെ തോന്നി. നീലിമയും നൈർമ്മല്യവും മദാലസതയും ഒത്തുചേന്ന ആ കണ്ണുകളെപ്പററി ഞാൻ എന്തു് പറയട്ടെ. പരവശനായ ഞാൻ മുഖം തിരിച്ചു.

യഥാർത്ഥത്തിൽ ഇത്തരം കാര്യങ്ങളിൽ വളരെ ദുർബ്ബലനാണ് ഞാൻ. ഹാജികും, ബർക്കിനും, മിയാക്കും ഇതെല്ലാമറിയാം. അവരുടെ സ്ഥിതിയും അറിയാം. അവർ എന്നെപ്പോലെതന്നെ ഇക്കാര്യത്തിൽ ദുർബ്ബലന്മാരാണെങ്കിൽക്കൂടി അത് പുറമേക്കു് കാണിക്കാതെ മൂടിവെക്കാൻ അവർക്കറിയാം. എന്നാൽ ഞാനൊരു കഴുതയാണ്; വിഡ്ഢിയാണ്. മൂടിവെക്കാനറിഞ്ഞുകൂടാ. ചിലപ്പോൾ അടി കൊള്ളേണ്ടിവന്നിട്ടുപോലുമുണ്ട്.

ബനിയയുടെ കോപം കണ്ടപ്പോൾ ആയാളോട്ട് സംസാരിക്കുന്നത് ഉചിതമാണെന്നു് ഞാൻ കരുതിയില്ല. എന്നാൽ ആ പെൺകുട്ടിയുടെ തൊട്ടടുത്ത് ഒരു സിക്കു് യുവാവ് നടക്കുന്നതു കണ്ടു് എനിക്കു് കലശ

ലായ അമർഷം തോന്നി. ആറടി പൊക്കമുണ്ട് ആയാൾക്ക്; മുഖത്ത് ഭാഗിയുള്ള താടിയുണ്ട്. അത് ആയാളുടെ മുഖത്തിന്നു കൂടുതൽ അഴകു നൽകി. ആ യുവാവും പെൺകുട്ടിയും പരസ്പരം അറിയുകപോലുമില്ല. എങ്കിലും ഒന്നിച്ചാണ് അവർ നടന്നിരുന്നതു്. തമ്മിൽ സംസാരിക്കുവാൻ രണ്ടുപേർക്കും ധൈര്യമില്ല. ദൃക്കുകൾ അന്യോന്യം മധുരമായി കടാക്ഷിച്ചിരുന്നു. കുറച്ചുനേരം എനിക്കു ദേഷ്യവും പരിഭവവുമുണ്ടായി. എന്നാൽ എന്നേയും ആയാളേയും താരതമ്യപ്പെടുത്തി നോക്കിയപ്പോൾ ഞാൻ എല്ലാംകൊണ്ടും മോശക്കാരനാണെന്നു കണ്ടു. അതുകൊണ്ട് ഞാൻ പിൻമാറി. ഒരു ദീർഘശ്വാസത്തോടെ അവളെ ഒന്നു കൂടി കടാക്ഷിച്ച് ഞാൻ വേഗത്തിൽ നടന്നു,

പിന്നത്തെ എന്റെ ശ്രമം ആൾക്കൂട്ടത്തിൽ വല്ല പരിചയക്കാരും ഉണ്ടോ എന്ന് കണ്ടുപിടിക്കലായിരുന്നു. എന്റെ ഗ്രാമക്കാരെ വല്ലവരേയും കണ്ടാൽ അവരോട് ഭാര്യയുടെയും കുട്ടികളുടെയും വീട്ടുകാരുടെയും വിവരമന്വേഷിക്കാമെന്ന് ഞാൻ വിചാരിച്ചു. കൂടാതെ വിശപ്പും നല്ലപോലെയുണ്ടായിരുന്നു; ആയാളുടെ കയ്യിൽ തിന്നാൻ വല്ലതുമുണ്ടെങ്കിൽ അതിൽനിന്ന് കുറച്ച് വാങ്ങാമെന്നും ഞാൻ കരുതി. എന്നാൽ വളരെ ശ്രമിച്ചിട്ടും പരിചയക്കാരനെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഇക്കാര്യത്തിലും എനിക്കു നിരാശപററി.

ഉച്ചസമയത്തു് ജനക്കൂട്ടം വിശാലമായ ഒരു മൈതാനത്തിൽ വിശ്രമിച്ചു. അവിടെ കരിമ്പുകൃഷി അവ

സാനിച്ചിരുന്നു. പച്ചപ്പുല്ലുകൾ മുളച്ചുവന്നിട്ടുണ്ട്. ഉയർന്ന ഭാഗങ്ങളിൽ ചെറിയ മരങ്ങൾ നില്ക്കുന്നുണ്ടായിരുന്നു. ദൂരത്ത് രാവിയുടെ തീരം കാണാനുണ്ട്. അവ്യക്തമായും ചക്രവാളത്തോട് ചേർന്നുകൊണ്ട്. ആകാശത്തിൽ മേഘശകലങ്ങൾ അങ്ങിങ്ങായി കാണപ്പെട്ടുന്നുണ്ട്. ഭൂമി ഉണങ്ങിയും ഉറപ്പുകൂടിയുമിരുന്നു. പൊടിയും മണ്ണും പററി ആളുകളുടെ മുഖം വികൃതമായിട്ടുണ്ട്. തലയിൽ കൈവെച്ചു് ആളുകൾ ബാബാനാനക്ക് പാലം അന്വേഷിക്കുകയായിരുന്നു. എന്നാൽ ഭൂമിയിലോ ആകാശത്തോ എവിടെയും ആ പാലം അവരുടെ ദൃഷ്ടിയിൽ പെട്ടില്ല. പാലം അന്വേഷിച്ചാണ് അവർ ഇത്രയും ദൂരം വന്നതു്. സംഘത്തിലെ തലവന്മാർ തങ്ങൾക്ക് വഴിപിഴച്ചുപോയതായി അനുമാനിച്ചു. ആ പാലത്തിന്മേൽ എത്തണമെങ്കിൽ മൂന്നുനാഴിക പടിഞ്ഞാട്ട് നടന്നു് വലത്തോട്ട് തിരിഞ്ഞു് അഞ്ചുനാഴിക പിന്നെയും നടക്കണം. ആളുകൾ ഭക്ഷണം കഴിക്കാൻ തുടങ്ങി.

നാലും അഞ്ചും എട്ടും പത്തും സംഘങ്ങളായിട്ടാണ് ഭക്ഷണത്തിന്നിരുന്നതു്, സംഘത്തിലെ ഹിന്ദു-സിക്ക് യുവാക്കൾ നാലുഭാഗത്തും കാവൽ നില്ക്കുന്നുണ്ട്. വടി, കഠാരി, കൃപാണം, കുന്തം, നാടൻതോക്കുകൾ എന്നിവയെല്ലാം അവർ ധരിച്ചിരുന്നു. ചിലരുടെ കയ്യിൽ പിസ്റ്റളുമുണ്ട്. ചിലർ വടിയുംപിടിച്ച് ആകാശത്തിലേക്കുനോക്കി നില്ക്കുന്നുണ്ട്. എന്നാൽ പുറമേക്ക് എത്രതന്നെ ധൈര്യവും പരാക്രമവും കാണിക്കുന്നുണ്ടെങ്കിലും ഉള്ളിൽ എല്ലാവർക്കും ഭയമായിരുന്നു. ആ ഭയം ഇടക്കിടെ

അവരുടെ നോട്ടങ്ങളിലും ചലനങ്ങളിലും പ്രത്യക്ഷമായി കാണാം.

എനിക്കു് പൊറുക്കാൻ കഴിഞ്ഞില്ല. ഞാൻ വീണ്ടും ആ ബനിയയുടെയും മകളുടെയും അടുക്കലേക്കു് പോയി. അവർ ഭക്ഷണം കഴിക്കയാണു്. ആ പെൺകുട്ടി യാതൊന്നും പറയാതെ അച്ഛനോടൊന്നിച്ചിരുന്നു് ഭക്ഷണം കഴിക്കുന്നു. അവളുടെ നേക്കു് പിൻതിരിഞ്ഞുകൊണ്ടു് സുന്ദരനും ഗൗരവക്കാരനുമായ ആ സിക്കു് യുവാവ് അലക്ഷ്യഭാവത്തിൽ ഭക്ഷണം കഴിച്ചിരുന്നു. തിരക്കു് ധാരാളമുണ്ടു്; സ്ഥലം ചുരുക്കവും. അതിനാൽ മനോഹരിയായ ആ പെൺകുട്ടിയുടെ പുറവും സിക്കു്യുവാവിൻെറ പുറവും തമ്മിൽ തൊട്ടാണു് സ്ഥിതിചെയ്തിരുന്നതു്. രണ്ടുപേരുടേയും ശരീരത്തിൽ ഏതെല്ലാംവിധത്തിലുള്ള വൈദ്യുതപ്രവാഹങ്ങളാണു് ഉണ്ടാവുക എന്നു പറയുവാൻ പ്രയാസം. എന്നാൽ ഇതൊന്നും കണ്ടുകൊണ്ടിരിക്കാൻ എനിക്കു് സുഖമുണ്ടായിരുന്നില്ല. വിശപ്പ് അത്രക്കുമാത്രം എന്നെ പരവശനാക്കിയിരുന്നു.

ഞാൻ രണ്ടുമൂന്നുപേരോടു് ഭക്ഷണം ആവശ്യപ്പെട്ടവെങ്കിലും അവർ തന്നില്ല. ഒടുവിൽ സർദാർ ലേഹൻസിംഗും ഭാര്യയും അവരുടെ ഒന്നിച്ച് ഭക്ഷണംകഴിക്കാൻ എന്നെ ക്ഷണിച്ചു. ഏററവുമധികം ധാർഷ്ട്യം കാണിച്ചിരുന്നതു് വണ്ടിയിൽ യാത്രചെയ്തിരുന്ന ആ ജമീന്ദാരുടെ കുടുംബമായിരുന്നു. അവരുടെ കുട്ടികളുടെ പ്രതാപം കാണിക്കൽ ഇതിനൊരു ദൃഷ്ടാന്തമാണു്. ബ്യൂക്കു് കാറിലാണു് സഞ്ചരിക്കുന്നതു് എന്ന ഭാവമായിരുന്നു അവക്കു്.

ഞങ്ങൾ ഭക്ഷണംകഴിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു് കുന്നിൻെറ പിന്നിൽനിന്നു് ഒരു പൊടിപടലം ഉയരുന്നതു് കണ്ടു. കാവല്ക്കാർ മുന്നറിയിപ്പു നല്കി. ആളുകൾ ഭക്ഷണം മുഴുമിപ്പിക്കാതെ കണ്ട വഴിക്കു് ഓട്ടം തുടങ്ങി. ജമീന്ദാരുടെ കുട്ടികൾ വണ്ടിയിലിരുന്നു് നിലവിളിക്കാൻ തുടങ്ങി. സ്ത്രീകൾ മാറത്തടിച്ചു് തൊഴിച്ചു.

ലേഹൻസിംഗ് ഭാര്യയുടെ കയ്യുവിട്ടു് മാറിക്കൊണ്ടു് പറഞ്ഞു: "നിൻെറ വള അഴിച്ചു് ദൂരെ എറിയുക."

ഭാര്യ ശക്തിപൂർവ്വം വള പൊട്ടിച്ചു് ദൂരെ എറിഞ്ഞു. ലേഹൻസിംഗ് ചുണ്ടു് കടിച്ചുകൊണ്ടു് പറഞ്ഞ: "ഇന്നുതൊട്ടു് നിൻെറ ഭത്താവു് മരിച്ചുപോയി എന്നു് കരുതിക്കൊൾക."

ഭാര്യയുടെ കണ്ണുകൾ നിറഞ്ഞു; പക്ഷെ ഒന്നും പറഞ്ഞില്ല. ലേഹൻസിംഗ് കൃപാണമിളക്കിക്കൊണ്ടു് കാവൽക്കാരുടെ ഒന്നിച്ചു് മുസൽമാൻ ആക്രമണകാരികളെ എതിരിടാൻ പോയി. ഭാര്യ കൈട്ടു് തലയിൽവെച്ചു് അയാളേയുംനോക്കി നില്പായി.

ബനിയ പരിഭ്രാന്തനായി തൻെറ സാധനങ്ങൾ ഒതുക്കിവെച്ചു് ഉറക്കെ നിലവിളിച്ചു: "എൻെറ മകളേ, ജമുനേ... ..."

എന്നാൽ ജമുനയെ ആ സിക്കുയുവാവു് എടുത്തു് കരിമ്പിൻ കൃഷിയിടത്തിലേക്കു് കൊണ്ടുപോയിക്കഴി

ഞ്ഞിരുന്നു. ബനിയ ഉറക്കെ നിലവിളിച്ച് പലരോടും ആവലാതി പറഞ്ഞുവെങ്കിലും ഫലമുണ്ടായില്ല. ഓരോരുത്തനും അവനവന്റെ രക്ഷാമാർഗ്ഗം തേടുകയായിരുന്നു. മുസൽമാന്മാർ അഭയാർത്ഥികളുടെ ആ സംഘത്തെ ആക്രമിച്ചു കഴിഞ്ഞിരുന്നു. ജീവരക്ഷാർത്ഥം എല്ലാവരും അങ്ങോട്ടുമിങ്ങോട്ടും ഓടുകയാണ്. സ്വജീവനെ രക്ഷിക്കുന്നതിന്നുപകരം ആ ബനിയയുടെ പെൺകുട്ടിയുടെ മാനം രക്ഷിക്കാൻ ആരാണ് തെയ്യാറാവുക?

ഞാനും ഒരു ഭാഗത്തേക്ക് ഓടി. ആദ്യം മൈതാനത്തിൽനിന്ന് നദീതീരത്തേക്കാണ് ഓടിയത്. എന്തെന്നാൽ കുററിക്കാടുകളുടെ ഇടയിൽ നിന്നുകൊണ്ട് മുസൽമാന്മാർ ആക്രമണം നടത്തുന്നുണ്ടായിരുന്നു, എന്നാൽ ആക്രമണകാരികൾ കുതിരയെ ഓടിച്ച് നദിയുടെ നേരെ പോകുന്ന മാർഗ്ഗവുംകൂടി തടഞ്ഞപ്പോൾ ഞാൻ കിതച്ചുകിതച്ച് കരിമ്പിൻതോട്ടത്തിന്നുനേക്ക് തിരിഞ്ഞു. അവിടെ എത്തിയ ഉടനെ കുറെ ആക്രമികൾ എന്നെ വന്നു വളയുകയും ഒരാൾ കുന്തത്തിന്റെ കൂർത്ത മുന എന്റെ മാറിലേയ്ക്കു വെക്കുകയും ചെയ്തു.

ആ നിമിഷം ഞാൻ ഒരിക്കലും മറക്കില്ല; മറക്കാനൊട്ട് സാധിക്കയുമില്ല. കുന്തം എന്റെ മാറത്ത്, നാലു പുറവും അക്രമികളും! അവരുടെ പിന്നിൽ കുതിരപ്പുറത്ത് സർദാർ ഉണ്ടായിരുന്നു. തലപ്പാവിന്റെ ഒരു തല തൂങ്ങിക്കിടക്കുന്നതിന്നിടയിൽ നിന്ന് ആയാളുടെ മുഖം പകുതിയേ കാണാനുണ്ടായിരുന്നുള്ളു. പെട്ടെന്ന് ഞാൻ

കൈകൾ ഉയർത്തി ആ സർദാറിൻെറ കണ്ണുകളിലേക്കു നോക്കി ചിരിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു'.

"എൻെറ വിധിയെപ്പററി എന്തു് പറയാനാണ്! ജീവകാലം മുഴുവൻ ഒരു കമ്യൂണിസ്റ്റായി പാക്കിസ്ഥാനു വേണ്ടി പ്രചരണം നടത്തിക്കൊണ്ടിരുന്നു. മുസൽമാന്മാരുടെ സ്വാതന്ത്ര്യത്തിന്നു് വേണ്ടി പൊരുതി. ഇന്നു് പാക്കിസ്ഥാൻ കിട്ടിയപ്പോൾ എൻെറ നെഞ്ചത്തേക്കാണ് കുന്തം വരുന്നതു്."

ഇത്രയും ഞാൻ പറഞ്ഞതു് എങ്ങിനെയെന്നു് എനിക്കു തന്നെ അറിഞ്ഞുകൂടാ. ഏതു ശക്തിയാണ് എന്നെക്കൊണ്ടതു് പറയിപ്പിച്ചതു്? ഞാനൊരു കമ്യൂണിസ്റ്റായിരുന്നില്ല. മാത്രമല്ല ഒരു രാഷ്ട്രീയപ്രക്ഷോഭത്തിലും ഞാൻ പങ്കുകൊണ്ടിട്ടുമില്ല. ഞാൻ സുഖമായി ഭക്ഷിച്ച് വിനോദപ്രിയനായി കഴിയുന്ന ഒരു വ്യക്തിയായിരുന്നു. എനിക്ക് ഹിന്ദുക്കളും മുസൽമാന്മാരും സിക്കുകാരും സ്നേഹിതന്മാരാണ്. അവരെല്ലാം ഈ തരക്കാരാണ്. ഞങ്ങൾ ലാഹോറിൽ വ്യാപാരം ചെയ്തു് ജീവിച്ചു. വൈകുന്നേരം എല്ലാവരുംകൂടി കുറെ വിനോദിക്കും. രാഷ്ട്രീയവുമായി ഞങ്ങൾക്ക് പുലബന്ധംപോലുമുണ്ടായിരുന്നില്ല. വാക്സമരം നടത്തുമ്പോഴും പത്രങ്ങൾ വായിക്കുമ്പോഴും പുസ്തകങ്ങൾ പഠിക്കുമ്പോഴും മാത്രമായിരുന്നു രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ ഞങ്ങൾക്ക് താല്പര്യമുണ്ടായിരുന്നതു്. പട്ടിണിക്കാരുടെ കാര്യമാണ് രാഷ്ട്രീയം. പിന്നെ എങ്ങിനെയാണ് എൻെറ ബുദ്ധി ജീവരക്ഷയ്ക്കുള്ള ഒരവസാന ശ്രമമെന്നോണം ഈ യുക്തി കണ്ടുപി

ടിച്ചതെന്ന് പറയാൻ വയ്യ. ഇന്നും ഉത്തരം കിട്ടാതെ കിടക്കുന്ന ഒരു ചോദ്യമാണ് എനിക്കത്.

ഏതായാലും എൻെറ വാക്ക് കുറിക്കുകൊണ്ടു. ആ സർദാറിൽ അത് വലിയ പ്രതികരണമുണ്ടാക്കി. ആയാൾ തുളച്ചുകയറുന്ന ദൃഷ്ടിയോടെ നിശ്ശബ്ദവും നിശ്ചിന്തവും പുഞ്ചിരിതൂകുന്നതുമായ എൻെറ മുഖത്തേക്ക നോക്കി, പിന്നീട്ട് കൈകൊണ്ടു് ഒരാംഗ്യം കാണിച്ച് പറഞ്ഞു: "ആയാളെ വിട്ടവിൻ"

മുസൽമാൻ കുന്തം എൻെറ മാറത്തുനിന്നെടുത്ത് അല്ലാഹോ അക്ബർ എന്ന മുദ്രാവാക്യം മുഴക്കി അവിടെനിന്നു് പോകയും അഭയാർത്ഥിസംഘത്തെ ആക്രമിക്കുകയും ചെയ്തു.

എൻെറ അട്ടത്തുനിന്നു് ആളുകളെല്ലാമൊഴിഞ്ഞപ്പോൾ ഞാൻ പിന്നോക്കം തിരിഞ്ഞുനോക്കാതെ അവിടെനിന്നോടി. എവിടെയ്ക്കാണ്, എങ്ങിനെയാണ് ഓടിയതെന്നൊന്നും ഇന്നും എനിക്കറിഞ്ഞുകൂട. ഞാൻ കുതിച്ചോടി എന്നു മാത്രമറിയാം. കരിമ്പിൽ തോട്ടത്തിലൂടെയാണ് ഞാൻ ഓടിയിരുന്നത്. വഴിയിൽ കണ്ടില്ലം കുഴിയിലുമെല്ലാം ഞാൻ വീണിരുന്നു, കുന്നിൻെറ മുകളിൽക്കൂടി ഓടിയിരുന്നു. വെള്ളച്ചാലുകൾ നീന്തിക്കടന്നിരുന്നു. റെയിലിന്മേൽക്കൂടി ഓടിയിരുന്നു. നായാടപ്പെട്ട ഒരു മൃഗത്തെപ്പോലെ എൻെറ എല്ലാ ശക്തിയും ചെലുത്തി പ്രാണരക്ഷാർത്ഥം ഞാൻ ഓടി. ഞാൻ എത്ര നേരമാണ് അങ്ങിനെ ഓടിക്കൊണ്ടിരുന്നതെന്നു് ഇന്നും എനിക്കറിഞ്ഞുകൂടാ.

വൈകുന്നേരമായപ്പോൾ ഞാൻ ദർബാർ സാഹ ബ് കത്താർപൂരിലെ ഗുരുദ്വാരയിൽ എത്തിയതായി ക ണ്ടു. ഗുരുദ്വാരയുടെ കവാടം ഇരുമ്പുപൂട്ടിട്ട് പൂട്ടിയിരി ക്കുന്നു. ഗെയിററിൻെറ ഒരു വശത്ത് സ്ഥാപിച്ച വ ലിയ ബെഞ്ചിന്മേൽ ഒരു വൃദ്ധനും ഭാര്യയുമിരുന്ന് ഉച്ച ത്തിൽ ഗുരുഗ്രന്ഥസാഹബ് വായിച്ചുകൊണ്ടിരിക്കുന്നു ണ്ട്. എന്നെക്കണ്ടപ്പോൾ ഒരു നിമിഷം അവർ നിശ്ശ ബ്ദരായി നോക്കിയിരുന്നു. അവരെ കണ്ട് ഞാൻ അമ്പ രന്നുപോയി. ഞാൻ വൃദ്ധനായ ആ സിക്കുകാരനോട് ചോദിച്ചു: "ബാബാ, എന്തിനാണിവിടെയിരിക്കുന്ന തു്? നിങ്ങൾക്ക് വത്തമാനമൊന്നും അറിയില്ലേ?"

ആ വൃദ്ധൻ പരിപൂർണ്ണ ശാന്തഭാവത്തോടെ പറ ഞ്ഞു: "എല്ലാമറിയാം മകനേ. എന്നാലും ഞങ്ങൾ ഇവിടെത്തന്നെ ഇരിക്കുകയാണ്. അല്ലെങ്കിൽ എവി ടേയ്ക്കാണ് പോകുന്നതു്? ഞങ്ങൾക്ക് കുട്ടികുട്ടംബങ്ങ ളൊന്നുമില്ല; ബന്ധുക്കളുമില്ല. ഭൂസ്വത്തോ വീടോ ഇല്ല. ഞങ്ങൾ രണ്ടുപേരും ഇവിടെ ഗുരുവിനെ സേവിച്ചാണ് ഇതേവരെ ജീവിച്ചതു്. മേലിലും അതുതന്നെയാണ് ഭാവം; മരിക്കുന്നതും ഇവിടെത്തന്നേ."

ഇത്രയും പറഞ്ഞു് അവർ ഗുരുനാനക്കിൻെറ വാ ണി പാരായണംചെയ്യാൻ തുടങ്ങി. ഞാൻ തലതാഴ്ത്തി അവിടെ നിന്നുപോയി. ഗുരുദ്വാരയുടെ നാലുപുറവും നടന്നുനോക്കി; അവിടെ മനുഷ്യരാരും ഇല്ല. നേരം ഇ രുട്ടാവുകയാണ്. വഴി നല്ലപോലെ കാണാനുണ്ടായിരു ന്നില്ല.

ഗുരുദ്വാരയ്ക്കടുത്തു് ഒരു വലിയ കിണറുണ്ടു്. ഞാൻ ആ കിണററിൽ ഇറങ്ങിയിരുന്നു. അവിടെ കിടന്നു് സുഖമായി ഉറങ്ങി. നല്ല ക്ഷീണമുണ്ടായിരുന്നതുകൊണ്ടു് ഉറങ്ങിപ്പോയതു് ഞാനറിഞ്ഞില്ല. എഴുന്നേററു നോക്കിയപ്പോൾ നേരം പ്രഭാതമായിരുന്നതായി കണ്ടു. സൂര്യരശ്മി കിണററിനുള്ളിലേക്കു് എത്തിനോക്കുകയാണു്. കിണററിൻെറ കരയ്ക്കു് ഒരു പട്ടികിടന്നു് മേല്പോട്ടുനോക്കി ഓളിയിടുന്നുണ്ടു്.

ഞാൻ കിണററിൽനിന്നു് പുറത്തുവന്നു് ഗുരുദ്വാരയുടെ കവാടത്തിന്നടുക്കലേക്കു് പോയി. പുറമേയുള്ള ആ ബഞ്ചിന്മേൽ വൃദ്ധരായ ആ സിക്കുദമ്പതികൾ മരിച്ചുകിടക്കുന്നു. രാത്രി എപ്പോഴാണു് ആക്രമണകാരികൾ വന്നു് അവരെ കൊലപ്പെടുത്തിയതെന്നറിഞ്ഞുകൂടാ.

# 7

ഗുരുദ്വാരയിൽനിന്നു് കുറച്ചപ്പുറത്തു് വഴി നല്ല തായിരുന്നു. രാവിനദിയുടെ തീരവും പാലവും വ്യക്തമായി കാണപ്പെട്ടു. ചില റഫ്യൂജികൾ ,നദിയുടെ പാലത്തിന്നടുക്കലേക്കു് ഓടുന്നതായി കണ്ടു. അവരിൽ ഞാൻ ജമുനയെയും കണ്ടു. എന്നാൽ അവളുടെ കൂടെ ആ സിക്കയുവാവു് ഉണ്ടായിരുന്നില്ല. വെളുത്തു മെല്ലിച്ചു് ഒട്ടിയ കവിളുകളോടുകൂടിയ ഒരു പെഷവാർക്കാരൻ യുവാവായിരുന്നു അവളോടൊപ്പം. ആയാൾ അവളുടെ കൈമുറുകെ പിടിച്ചിട്ടുണ്ടു്. ജമുന കുറച്ചുനേരം എൻെറ മുഖത്തേയ്ക്കുനോക്കി; പിന്നീടു് തല താഴ്ത്തി. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഞാൻ ജമുനയോടു് ചോദിച്ചു: "നിൻെറ അച്ഛനെവിടെ?"

ജമുന: കൊല്ലപ്പെട്ടു.

ഞാൻ: മറേറ ആളോ?

ജമുന: ആയാളും കൊല്ലപ്പെട്ടു.

ജമുന വീണ്ടും തലതാഴ്ത്തി. ആ പെഷവാർകാരൻ യുവാവ് അരയിൽ തൂങ്ങുന്ന പിസ്റ്റളിന്മേൽ കൈവെച്ച് എൻെറ നേക്ക് തിരിഞ്ഞു് പറഞ്ഞു: "ഇവിടെനിന്നു് വേഗം പോകുന്നതാണ് നല്ലതു്. വെറുതെ സംസാരിച്ചു നില്ക്കണ്ട."

ഞാൻ ഉടനെ സ്ഥലംവിട്ടു. റൂമി അപ്പോഴും എന്നെ പിൻതുടരുന്നുണ്ടായിരുന്നു. ഞാൻ മൂന്നുനാലുതവണ അതിനെ ആട്ടി ഓടിക്കാൻ ശ്രമിച്ചു. എന്നാൽ അതു് അമ്പരപ്പോടെ എന്നെനോക്കി സ്നേഹപൂർവ്വം വാലാട്ടി എൻെറ പിന്നാലെ നടന്നു.

നദി വളരെ അടുത്തെത്തി. രാവിപാലം മുമ്പിൽ കാണപ്പെട്ടു. എന്നാൽ പാലത്തിന്മേൽകൂടി പോകുന്നതു് സുരക്ഷിതമല്ലെന്നു് എനിക്കു് തോന്നി. പാലത്തിൻെറ പാക്കിസ്ഥാൻ ഭാഗത്തു് മുസൽമാൻ ആക്രമണകാരികളാണു്. ഇന്ത്യൻഭാഗത്തു് ഹിന്ദു ആക്രമണകാരികളും. ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും അഭയാർത്ഥികൾ കൊള്ളചെയ്യപ്പെട്ടുകയും വധിക്കപ്പെട്ടുകയും ചെയ്തിരുന്നു. പാലത്തിന്മേൽ മാത്രം പട്ടാളം റോന്തുചുററുന്നുണ്ടു്. ഒരു ഇംഗ്ലീഷ് ഉദ്യോഗസ്ഥനാണു് പട്ടാളത്തിൻെറ തലവൻ. ഹിന്ദുക്കളും മുസൽമാന്മാരും ആ പാലത്തിന്മേൽകൂടി ജീവനും സ്വത്തിനും ഹാനികൂടാതെ

കടന്നു പോകണമെന്നുമാത്രമേ ആയാൾക്കുണ്ടായിരുന്നുള്ളൂ. പാക്കിസ്ഥാനിലും ഹിന്ദുസ്ഥാനിലും എന്തുതന്നെ സംഭവിച്ചാലും ആയാൾക്ക് വിരോധമില്ല.

ഞാൻ നദീതീരത്ത് നില്ക്കുകയായിരുന്നു. അക്കരെ കടന്നാൽ ജീവനു് രക്ഷയുണ്ടു്. മുൻഭാഗത്തു് വളരെയധികം പേർ തമ്പടിച്ചു് കൂടീട്ടുണ്ടു്. കുറെപേർ നദീതീരത്തു് ഇരിക്കുകയും കിടക്കുകയും ചെയ്യുന്നു. ചിലർ കുളിക്കുന്നുണ്ടു്. കുട്ടികൾ മണലിൽ വീട്ടുണ്ടാക്കി കളിക്കുകയാണു്. ചിലർ ആഹ്ലാദപൂർവ്വം മണൽപ്പുറത്തു് ഓടിനടക്കുന്നു. അക്കരെ സുരക്ഷിതമാണു്. ഒരു പുതുജീവിതത്തിൻെറ ചൈതന്യം അവിടെ കാണപ്പെട്ടുന്നുണ്ടു്.

അങ്ങിനെ ഞാൻ മരണത്തിൻെറയും ജീവിതത്തിൻെറയും മദ്ധ്യത്തിൽ ഇക്കരനിന്നുകൊണ്ടു് എങ്ങിനെയാണു് അക്കരെയ്ക്കു് കടക്കേണ്ടതു് എന്നാലോചിക്കുകയായിരുന്നു. പാലത്തിന്മേൽക്കൂടി പോകുകയാണെങ്കിൽ മുസൽമാന്മാരുടെ അണികൾക്കുള്ളിലൂടെ കടന്നുപോകണം. അങ്ങിനെ ഇതുവരെ കാത്തുരക്ഷിച്ചുപോന്ന ജീവനെ അപകടത്തിലാക്കാൻ ഞാൻ തെയ്യാറുണ്ടായിരുന്നില്ല.

റൂമി എൻെറ കാലിൻെറ അട്ടത്തുവന്നു് നിലവിളിക്കാൻ തുടങ്ങി. ഞാൻ അതിനെ ഒരു ചവിട്ടുകൊട്ടത്തു് പറഞ്ഞു: "പോ, മടങ്ങി പോ. എൻെറക്കൂടെ വരേണ്ട." എന്നാൽ പട്ടി അവിടെനിന്നു് മാറിയില്ല. അതു് കാലിന്മേൽ കെട്ടിപ്പിടിച്ചു് കരഞ്ഞുകൊണ്ടിരുന്നു. ഞാൻ ഒടുവിൽ തീരുമാനമെടുത്തു.

വസ്ത്രങ്ങളഴിച്ച് ഞാൻ നദിയിലേക്ക് ചാടി. മറെറ കരയിൽനിന്നു് ആളുകൾ ഞാൻ പുഴയിലേയ്ക്കു് ചാട്ടുന്നതുകണ്ടു് പറയുന്നതായി കേട്ടു: "അതാ ഒരു ഹിന്ദു പുഴയിലേയ്ക്കു് ചാടിയിരിക്കുന്നു. ആയാളെ ഉടനെ രക്ഷിക്കണം. വേഗം പോകുവിൻ."

ഞാൻ നീന്താൻ തുടങ്ങി. റൂമി കരയിൽ കുറച്ചു നേരം ഇതെല്ലാം നോക്കി നിന്നു. അവളുടെ മനസ്സിൽ ഒരു പോരാട്ടം നടന്നിട്ടുണ്ടാവണം. എൻെറ ഒന്നിച്ചു വരണമോ അതോ വയററിലുള്ള തൻെറ കുട്ടികൾക്കുവേണ്ടി മടങ്ങിപ്പോകണമോ എന്നായിരിക്കാം അതു് ചിന്തിക്കുന്നതു്. അവളുടെ കാലുകൾ വിറച്ചിരുന്നു. അവൾ നിന്നു നിലവിളിക്കയാണു്. ഞാൻ വിളിച്ചുപറഞ്ഞു: റൂമീ, മടങ്ങി പോ, മടങ്ങി പോ." എന്നാൽ റൂമി അപ്പോഴെക്കും നദിയിലേക്ക് ചാടിക്കഴിഞ്ഞിരുന്നു.

ഒഴുക്കിന്നു് നല്ല ശക്തിയുണ്ടു്. എന്നാലും റൂമി തൻെറ മുഴുവൻ ശക്തിയുമുപയോഗിച്ച് എൻെറ പിന്നാലെ നീന്തുകയായിരുന്നു. അവളുടെ ചെറിയ മുഖംമാത്രം വെള്ളത്തിന്നു് അല്പം മുകളിലായി കാണുന്നുണ്ടു്. ആ കണ്ണുകളിൽ ആശ്ചര്യകരമായ ഒരു ദൃഢതയും ധൈര്യവും വാശിയും കാണാമായിരുന്നു. ഞാൻ ഉറക്കെ വിളിച്ചു പറഞ്ഞു: "റൂമീ, മടങ്ങി പോ, മടങ്ങി പോ. എൻെറ കൂടെ വരേണ്ട."

എന്നാൽ റൂമി തൻെറ ശക്തി മുഴുവൻ ചെലുത്തി എന്നെ പിൻതുടരുകയാണു്. അപ്പോഴേക്കും ഊക്കേറിയ ഒരു വെള്ളക്കുത്തുവന്നു. റൂമിയെ അതു് തള്ളിമറിച്ചു.

അവൾ കുറെദ്ദൂരത്തോളം ഒഴുകുന്നതു് ഞാൻ കണ്ടു. നിർദ്ദയമായ തിരമാകൾക്കിടയിൽ കിടന്നു് അവൾ കൈകാൽ ഇട്ടടിച്ചിരുന്നു. പിന്നെ അവളുടെ മുഖം മുങ്ങി. കണ്ണുകൾ മുങ്ങി, ഒടുവിൽ ചെവിയും മുങ്ങി, പ്രവാഹത്തിന്നിടയിൽക്കൂടി അവളുടെ ശരീരം മറിയുന്നതും മുങ്ങിപ്പോകുന്നതും ഞാൻ കണ്ടു.

റൂമി, നീ ഇങ്ങിനെ മരിക്കേണ്ടിയിരുന്നുവോ? എന്തിനാണ് നീ എൻെറ കൂടെ വന്നത്? എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട എൻെറ കൂടെ. രാജ്യവും ജനനസ്ഥലവും നാട്ടും കുടുംബവും സുഹൃത്തുക്കളും ഇല്ലാത്തവനായ എൻെറ കൂടെ നീ എന്തിനുവന്നു? ആയിരക്കണക്കിൽ കൊല്ലങ്ങളായി ഞങ്ങൾ സ്നേഹിച്ചു വന്നിരുന്ന ആ ഭൂമിയാൽപോലും ഉപേക്ഷിക്കപ്പെട്ട എന്റെകൂടെ നിസ്സാരയായ ഒരു പട്ടി മാത്രമായ നീ എന്തിനു വന്നു? പ്രകൃതി ഇപ്പോഴും സ്നേഹസമ്പന്നയാണെന്നു് കാണിക്കാനാണോ. സ്നേഹവും വിശ്വാസവും അത് പുലത്തുന്നുണ്ടെന്നു് തെളിയിക്കാനാണോ? വിഡ്ഢിയും മുഗ്ദ്ധയുമായ പട്ടീ, നീ ആർക്കുവേണ്ടി ജീവൻ ത്യജിച്ചു? നീചനും നിന്ദ്യനുമായ മനുഷ്യനുവേണ്ടിയാണോ നിൻെറ കുട്ടികളെ ബലി നൽകിയതു്? ആ മനുഷ്യൻ പഥഭ്രഷ്ടനാണ്, കത്തവ്യവിമുഖനാണ്, അക്രമവും കൊലപാതകവും നടത്തി തൻെറ ഭാവിയെ കളങ്കപ്പെടുത്തിയവനാണ്.

റൂമി മരിച്ചു. അതോടൊപ്പം ഒരു യുഗവും മരിച്ചു. ഒരു സംസ്ക്കാരം നശിച്ചു: ഒരു കഥ അവസാനിച്ചു. ചരിത്രത്തിൻെറ ഒരേട് മറിഞ്ഞു. എൻെറ കണ്ണുക

ളിൽനിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകി. ഞാൻ കണ്ണുനീർ ധാരയിലോ നദീജലത്തിലോ നീന്തുന്നതെന്ന് എനിക്കോൎമ്മയുണ്ടായിരുന്നില്ല. ഞാൻ അക്കരെ എത്തിയതെങ്ങിനെയാണെന്നും എനിക്കറിഞ്ഞുകൂടാ. ഒരു പക്ഷെ അശ്രുധാരയായിരിക്കണം എന്നെ അങ്ങോട്ട് ഒഴുക്കികൊണ്ടുപോയത്. റൂമി മരിക്കുമ്പോൾ തൻെറ ശക്തി അവൾ എനിക്ക് പ്രദാനം ചെയ്തിരിക്കാം. ഞാൻ അക്കരെ എത്താറായപ്പോൾ ചില യുവാക്കൾ എന്നേ പിടിച്ചു വലിച്ചു കരക്കണെപ്പിച്ചതായി മാത്രം എനിക്കോൎമ്മയുണ്ട്. അതിനിടയിൽ ഒരു സ്ത്രീ പറയുന്നതു കേട്ടു: "അയ്യോ ഈയാൾക്ക് നൂൽബന്ധം പോലുമില്ലല്ലോ" ഇത്രയും പറഞ്ഞ് അവർ തൻെറ ഉത്തരീയം എൻെറ ശരീരത്തിലേക്ക് എറിഞ്ഞു.

അതിനുശേഷം ഞാൻ ബോധരഹിതനായി തീൎന്നു.

# 8

പിറേറദിവസം അഭയത്ഥി കേന്ദ്രത്തിൽ വളരെയധികം അന്വേഷിച്ചശേഷം ഞാൻ എൻെറ വീട്ടുകാരെ കണ്ടുപിടിച്ചു. ആ വഴിയെ കൊള്ളയടിക്കപ്പെട്ടുവരുന്ന ഹിന്ദുക്കളേയും സിക്കുകാരേയും അഭയാത്ഥികളെന്നാണ് വിളിക്കാറു്; മുസൽമാന്മാരെ കൊള്ളക്കാരെന്നും. മുസൽമാന്മാർ എത്ര കൊള്ളചെയ്യപ്പെട്ടാലും, അഭയാത്ഥികളാവില്ല. ഹിന്ദുക്കൾ എന്തു് കൊള്ളചെയ്താലും കൊള്ളക്കാരുമാവില്ല. അത്യാപത്തിൽ പോലും ഈ നിലപാടാണ് വെച്ചു പുലത്തുന്നതു്.

എൻെറ വീട്ടുകാർ എന്നേ കണ്ടപ്പോൾ വളരെ സന്തുഷ്ടരായി. സന്തോഷംകൊണ്ടു് കരയുവാൻ തുടങ്ങി. എൻെറ ഭാര്യ ഒരു മൂലയിൽ മുഷിഞ്ഞ ഒരു പെററികോട്ടും ജമ്പറും ധരിച്ചു് ഇരിക്കുന്നുണ്ടായിരുന്നു. മററു വസ്ത്രങ്ങളൊന്നും അവൾക്കുണ്ടായിരുന്നില്ല. വീട്ടിൽനിന്നു് ഓ

ടിപ്പോന്ന അതേ വേഷമാണ്. ഞാൻ അവളോട്ട് ചോദിച്ചു: "മുന്ന എവിടെ?"

അവൾ ഒന്നും പറഞ്ഞില്ല. കുറച്ചുനേരം കീഴ്പോട്ടുനോക്കി കാലിൻെറ പെരുവിരൽകൊണ്ടു് നിലത്തു് എന്തെല്ലാമോ വരച്ചുകൊണ്ടു് നിന്നു. പിന്നെ എൻെറ കാൽ കെട്ടിപ്പിടിച്ചു് ഉറക്കെ കരയുവാൻ തുടങ്ങി. എനിക്കൊന്നും മനസ്സിലായില്ല.

ഒടുവിൽ ജ്യേഷ്ഠൻ പറഞ്ഞു, മുന്നയെ മുസൽമാൻമാർ കൊന്നുവെന്നു്, എൻെറ ഭാര്യയേയും അവർ പിടിച്ചു് കൊണ്ടുപോകാൻ പുറപ്പെട്ടതാണു്. പക്ഷെ, അവൾ എങ്ങിനേയോ രക്ഷപ്പെട്ടു. എന്നാൽ എൻെറ സഹോദരിയെ അവർ കൊണ്ടുപോയി. സഹായമെത്തിയതു് വൈകീട്ടായിരുന്നു.

"അനുജത്തി സൂരജിനേയും കൊണ്ടുപോയോ?" പെട്ടെന്നു് ഞാൻ ചോദിച്ചു. പിന്നീട്ട് നിലത്തവിടെ ഇരുന്നു. എൻെറ ദേഹം മുഴുവൻ വിറക്കുന്നുണ്ടായിരുന്നു. എഴുന്നേററുനില്ക്കാൻ എനിക്കു് ശക്തിയില്ല. തലയിലേക്കു് രക്തം പ്രവഹിച്ചുകൊണ്ടിരുന്നു. കോപംകൊണ്ടു് ചെവികൾ കൊട്ടിയടച്ചു. രക്തത്തിൽ ഒരു കൊടുങ്കാററടിക്കുന്നതുപോലെ തോന്നി. ഞാൻ ശക്തിയോടെ രണ്ടു കൈകൾകൊണ്ടും തലയുടെ ഇരു പാശ്വങ്ങളും അമർത്തി. മസ്തിഷ്കം വിങ്ങി പൊട്ടിപ്പോകുമോ എന്നെനിക്കുതോന്നി.

ഞാൻ ഉറക്കെ വിളിച്ചുപറഞ്ഞു: "ഇല്ല, ഇല്ല, അതൊരിക്കലുമുണ്ടാവില്ല."

ജ്യേഷ്ഠൻ എന്നെ സമാധാനിപ്പിച്ചുകൊണ്ടു് പറഞ്ഞു: "ഒന്നും രണ്ടുമല്ല. ആയിരക്കണക്കിൽ ജനങ്ങളാണിതു് ചെയ്തതു്. പിന്നെ നീ ഒന്നോടെന്തുകൊണ്ടു് ചെയ്തുകൂടാ?"

അതുവരെ സംയമിയും സഹിഷ്ണുവും ആയ വർഗ്ഗവിവേചനമില്ലാത്ത ഒരു ഹിന്ദുവാണു് ഞാൻ എന്നു് ധരിച്ചിരുന്നു. എൻെറ സുഹൃത്തുക്കളിൽ കൂടുതൽ ആളുകൾ മുസൽമാന്മാരാണു്. അവർ വർഗ്ഗീയ ലഹളകളിലോ രാഷ്ട്രീയമോ സാമുദായികമോ ആയ കാര്യങ്ങളിലോ ഇടപെട്ടിരുന്നതുമില്ല. കഴിഞ്ഞ അമ്പതുവർഷമായി പഞ്ചാബിലെ അന്തരീക്ഷത്തെ മലിനപ്പെടുത്താൻ അവർ യാതൊന്നും ചെയ്തിട്ടില്ല. അതിനാൽ അന്നുവരെ ഞാൻ എൻെറ വിശാലഹൃദയത്തെയും സ്വതന്ത്ര ചിന്താഗതിയെയുംപററി വളരെയധികം അഭിമാനംകൊണ്ടിരുന്നു. എന്നാൽ എൻെറ കുട്ടി വധിക്കപ്പെടുകയും സഹോദരിയെ പിടിച്ചുകൊണ്ടുപോകയും ചെയ്തു എന്നു് കേട്ടതുമുതൽ എൻെറ രക്തം തിളക്കുവാൻ തുടങ്ങി. ഞാൻ അവിടെയിരുന്നു് മുസൽമാന്മാരെ കണ്ടമാനം ചീത്തപറഞ്ഞു. ഈ വെറുപ്പു് എങ്ങിനെ എൻെറ മനസ്സിൽ വന്നുകൂടി? എൻെറ സങ്കല്പങ്ങളുടെ ഉഗ്രസ്വഭാവവും ഭയങ്കരതയും കണ്ടപ്പോൾ ഞാൻ സ്വയം ആശ്ചര്യപ്പെട്ടുപോയി. പ്രതികാരത്തിൻെറയും ക്രോധത്തിൻെറയും തീയ്യിൽ എൻെറ ആദർശങ്ങൾ മുഴുവൻ ദഹിച്ചുപോയി. പ്രതികാരത്തിൻെറ ആവേശത്തിൽ ഞാൻ എഴുന്നേററുനിന്നു. ഒരു ഭ്രാന്തനെപ്പോലെ ആയിത്തീർന്നിരുന്ന ഞാൻ. അത്യധികം ക്രോധത്തോടുകൂടി ഞാൻ വിളിച്ചുപറഞ്ഞു:

"എനിക്കു് ഒരു കത്തി തരിക. ഒരു കഠാരി തരിക."

ജ്യേഷ്ഠൻ എന്റെ കയ്യ് പിടിച്ചുകൊണ്ടു് പറഞ്ഞു: "നീ എന്താണു് ചെയ്യുന്നതു്?"

"ഓരോ മുസൽമാനേയും ഞാൻ കൊല്ലും, കഴുത്തറക്കും." ഞാൻ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു.

ജ്യേഷ്ഠൻ എന്നെ മുറുകെ പിടിച്ചുകൊണ്ടു് പറഞ്ഞു: "ബൈജ്, നിനക്കെന്തായിപ്പോയി?"

എന്നാൽ ഞാൻ കുതറി പുറത്തുചാടി ഇപ്രകാരം ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടു് അവിടെനിന്നോടിപ്പോയി. പ്രതികാരവാഞ്ഛ എന്നെ വിഴുങ്ങിക്കളഞ്ഞിരുന്നു.

കുറച്ചുദൂരം ഓടിയശേഷം ഞാൻ അവിടെനിന്നു് ആലോചനതുടങ്ങി. വേറെയും ആളുകൾ എന്നേപ്പോലെ ചിന്തിക്കുന്നവരായി ഉണ്ടായിരിക്കും. അവരെ കണ്ടുപിടിക്കണം. വളരെ വേഗത്തിൽ അങ്ങിനെയുള്ളവരെ ഞാൻ കണ്ടു. ഒരു വലിയ പോപ്ലാർവൃക്ഷത്തിന്റെ ചുവട്ടിൽ നീണ്ട കൃ നില്ക്കുന്നു. അവിടെ കീറഷർട്ടും മുഷിഞ്ഞ പാജാമയുമായി നിന്നിരുന്ന ഒരാളുടെ അടുത്തുചെന്നു് ഞാൻ ചോദിച്ചു: "ഇവിടെ റേഷൻ കിട്ടുമോ?"

ആയാൾ ചിരിച്ചുകൊണ്ടു് പറഞ്ഞു: "ഉവ്വ് സ്നേഹിതാ, ഇവിടെ പെണ്ണുങ്ങളുടെ റേഷൻ കിട്ടും."

ഞാൻ: നിങ്ങൾ പറഞ്ഞതു് എനിക്കു് മനസ്സിലായില്ല.

ആയാൾ: ഒരു മുസൽമാൻ പെണ്ണിനെ കിട്ടീട്ടുണ്ടു്. ഞങ്ങൾ അവളെ കിട്ടാൻവേണ്ടി കാത്തുനില്ക്കുകയാണു്; മാനം കെടുത്താൻ.

ഞാൻ മുമ്പിലുള്ള ക്യൂവിൽ ആളെണ്ണിനോക്കി. എന്റെ മുമ്പിൽ 25 പേരുണ്ടു്. അധികം താമസിയാതെ പതിനഞ്ചോളം ആളുകൾകൂടി ക്യൂവിൽ വന്നുനിന്നു. ഞാൻ ആ യുവാവിനോടു് ഈ ക്യൂ എത്രത്തോളം ഉണ്ടാവുമെന്നന്വേഷിച്ചു.

അപ്പോൾ ആയാൾ പറഞ്ഞു: "അവൾ മരിക്കുന്നതുവരെ."

കുറച്ചുസമയം ഞാൻ ആ ക്യൂവിൽ നിന്നു. ആളുകൾ ഓരോരുത്തരായി മുമ്പോട്ടു് പൊയ്ക്കൊണ്ടിരുന്നു. ക്യൂ വീണ്ടും വലുതായി. ആ പെൺകുട്ടിയുടെ പ്രാണഭേദകമായ നിലവിളി അവിടെ മാറെറാലികൊണ്ടു.

അവിടെ നിന്നപ്പോൾ എന്റെ മനസ്സിന്നു് ഒരു വല്ലായ്മതോന്നി. മനസ്സിനെ ആരോ ഞെക്കി ഞെരുക്കുന്നതുപോലെ അനുഭവപ്പെട്ടു. ദയനീയമായ ആ നിലവിളി ഇപ്പോഴും ചെവിയിൽ അലയ്ക്കുകയാണു്: "അയ്യോ, ഞാൻ നിങ്ങൾക്കെന്തുപിഴച്ചു? എന്നെ ഇങ്ങിനെ എന്തിന്നു കൊല്ലുന്നു?"

ഞാൻരണ്ടു വിരലുകളും ചെവിയിൽ തുററ് അവിടെനിന്നോടി. ആ കീറക്കുപ്പായക്കാരൻ എന്നേനോക്കി

പൊട്ടിച്ചിരിച്ചുകൊണ്ടു് പറയുന്നതായി കേട്ടു: "അതാ കണ്ടില്ലേ, ഭീരു, നാണംകെട്ടവൻ."

ഞാൻ അവിടെ നിന്നില്ല. ഓടി ഓടി ഞാൻ മനസ്സിനെ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരാൻ ശ്രമിക്കുകയായിരുന്നു. തലയ്ക്കും ചെവിടത്തും ഞാൻ കുറെ അടിച്ചു് ഖേദം തീർത്തു. മുന്നയുടെ നിഷ്ക്കളങ്കരൂപത്തെ ഞാനെന്റെ മനസ്സിന്റെ കണ്ണാടിയിൽ കൊണ്ടുവരാൻ ശ്രമിച്ചു. എന്റെ സങ്കല്പത്തെ ദൃഢപ്പെടുത്താൻ സഹോദരി സൂരജിന്റെ നിഷ്കപടരൂപത്തെയും മനസ്സിൽ കൊണ്ടുവരാൻ ശ്രമിച്ചു. എന്നാൽ ആ രൂപം മങ്ങി മങ്ങി ആ മുസൽമാൻ പെൺകുട്ടിയുടെ രൂപമായിത്തീരുകയാണു് ചെയ്തതു്. എന്റെ ആത്മാവിൽ പ്രതിഷ്ഠിതരായ വീരാംഗനമാരിൽ ആദിമനാരിയുടെ രോദനംപോലെ ആ രോദനം എന്റെ ചെവിയിൽ മാറെറാലിക്കൊള്ളുകയും പൗരുഷത്വത്തെ വെല്ലുവിളിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഓടിയോടി ഞാൻ പാലത്തിന്റെ അടുക്കലേക്കു് പോകുന്ന റോഡിന്മേൽ ചെന്നുചേർന്നു.

മുസൽമാന്മാരുടെ ഒരഭയാർത്ഥിസംഘം കടന്നുകഴിഞ്ഞിരുന്നു. അല്പം പേർ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. റോഡിൽനിന്നു് അല്പം അകലെയായി ഒരു ശവക്കുഴി കുഴിക്കുന്നുണ്ടു്. അടുത്തുതന്നെ ഒരു നാടൻ മുസൽമാന്റെ ശവശരീരം കിടക്കുന്നു. ഉടൽ മാത്രമേയുള്ളൂ. അതിനെ ഒരു തുണികൊണ്ടു് മൂടിയിട്ടുണ്ടു്. ഞാൻ അങ്ങുമിങ്ങും നോക്കി. അപ്പോൾ റോഡിന്മേൽക്കൂടി വൃദ്ധനായ ഒരു മുസൽമാൻ ഒരു തലയും കയ്യിലെടുത്തുകൊണ്ടു് വ

ഉന്നതായി കണ്ടു. ആയാൾ ഇടയ്ക്കിടെ കണ്ണുനീർ തുടച്ച് തൻെറ കയ്യിലുള്ള തലയെ നോക്കുന്നുണ്ട്. അത്യുച്ചത്തിൽ "ഹായ്, എൻെറ മകനേ" എന്നിങ്ങനെ നിലവിളിക്കുകയും ചെയ്യുന്നു.

ആട്ടത്തുള്ളവരെല്ലാം ഇതുകണ്ട് നിശ്ശബ്ദരായി നിന്നു; വൃദ്ധൻ തല ഉടലിന്നടുത്തുവെച്ച് മുട്ടുകുത്തിയിരുന്നു. പിന്നീട് ഉടലും തലയും യോജിപ്പിക്കാനുള്ള ശ്രമം തുടങ്ങി. ആയാളുടെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. 'എൻെറ മകനേ, എൻെറ മകനേ' എന്ന് ഇടയ്ക്കിടെ വിളിച്ച് നിലവിളിക്കുന്നുണ്ട്, കണ്ടുനില്ക്കുന്നവർ നിശ്ശബ്ദരാണ്. വൃദ്ധൻ മേല്പോട്ടുനോക്കി പറഞ്ഞു: "എനിക്ക് ഇവനല്ലാതെ ആരുമില്ല. ഫജ്ജാ, എൻെറ മകനേ......"

ശവക്കുഴിയുടെ ആഴം കൂട്ടിക്കൊണ്ടിരുന്നു. വൃദ്ധൻ അവസാനമായി തൻെറ മകൻെറ നെററിത്തടത്തിൽ ചുംബിച്ചു. ഫജ്ജയുടെ നെററിത്തടം വിശാലമായിരുന്നു. ചുരുണ്ട മുടിയിഴകൾ അവിടെ പാറിക്കിടക്കുന്നുണ്ട്. അവൻെറ ചുണ്ടുകൾ നേർത്തതും ഭംഗിയുള്ളതുമാണ്. നിശ്ശബ്ദം നിദ്രകൊള്ളുന്ന ആ മുഖം തക്ഷശിലയിലെ പ്രദർശനശാലയിൽവെച്ച ബുദ്ധപ്രതിമയോട് സാദൃശ്യമുള്ളതായിരുന്നു.

ശവക്കുഴി തെയ്യാറായി. ദൂരെനിന്ന് 'സത്സാരി അകാൽ' 'ഹരഹരമഹാദേവ' തുടങ്ങിയ മുദ്രാവാക്യങ്ങൾ കേൾക്കമാറായി. ശവകുഴി തോണ്ടുന്നവർ വളരെ വേഗത്തിൽ ശവം കുഴിയിലിട്ട് മണ്ണിട്ടു മൂടാൻ തുടങ്ങി.

ആദ്യം വൃദ്ധൻ അവരെ തടഞ്ഞുവെങ്കിലും രണ്ടുമൂന്നുപേർ ആയാളെ ബലം പ്രയോഗിച്ച് പിടിച്ചുവെച്ചതുകൊണ്ട് അടങ്ങി. ഒടുവിൽ ഫാതിഹ ചൊല്ലാൻ രണ്ടു കൈകളും മേൽപ്പോട്ടുയർത്തി

"സത്‌സാരി അകാൽ, ഹരഹരമഹാദേവ."

അതിവേഗം അവർ ശവക്കുഴി തൂർത്ത് അവിടെ നിന്ന് ഓടിപ്പോയി. വൃദ്ധൻ മാത്രം അവിടെ ഇരുന്നു് ഫാതിഹ ചൊല്ലുന്നുണ്ടായിരുന്നു. "ലോകസംരക്ഷകാ, കരുണാമയാ, സർവ്വർക്കും മാപ്പുനൽകുന്നവനേ, രാവിൻെറയും പകലിൻെറയും ഈശ്വരാ, ഞാൻ അങ്ങയെ ആരാധിക്കുന്നു, അങ്ങയുടെ സഹായം തേടുന്നു. ഞങ്ങൾക്ക് നല്ല വഴി കാണിച്ചു തരേണമെ. വഴിപിഴച്ചുപോകുന്നവർക്ക് നല്ല ബുദ്ധിതോന്നിക്കണമേ. സർവ്വശക്തനായ ഈശ്വരാ, ലോകങ്ങളുടെ സംരക്ഷകാ."

"സത്‌സാരി അകാൽ, ഹരഹര മഹാദേവ."

വായുവിൽ കുന്തമുനകൾ ചലിച്ചു. വൃദ്ധനായ ആ മുസൽമാൻെറ ശരീരം നാലു കഷണങ്ങളായി.

മരിക്കുന്നവരുടെയും കൊല്ലുന്നവരുടെയും നാവിന്മേൽ അവസാനമായി വരുന്നത് ഈശ്വരനാമമാണ്, ഇവയ്ക്കുമീതെ വല്ല സർവ്വേശ്വരനും ഉണ്ടെങ്കിൽ ആ സർവ്വേശ്വരൻ നിശ്ചയമായും അതിഭീഷണരൂപനാണ്. ഞാൻ അവിടെനിന്നോടി, എന്നാൽ എവിടെക്കാണ് ഓടിപ്പോകേണ്ടതെന്നു് എനിക്ക് വിവരമുണ്ടായിരുന്നില്ല.

പിറെറദിവസം ഞങ്ങളുടെ ക്യാമ്പിൽ മുസൽമാന്മാരുടെ ഒരു വലിയ അഭയാൎത്ഥിസംഘം പാലത്തിന്മേൽകൂടി ഉച്ചസമയത്ത് പോകുന്നതാണെന്ന വിവരം കാട്ടുതീപോലെ പരന്നു. നാല്പതിനായിരമോ അമ്പതിനായിരമോ ആളുകൾ ഉണ്ടാവുമെന്നു് ഊഹിക്കപ്പെട്ടിരുന്നു. ഇതുകേട്ട് ഹിന്ദുക്കളും സിക്കുകാരുമായ യുവാക്കൾ സന്തോഷംകൊണ്ട് തുള്ളിച്ചാടി. അവർ ആക്രമണത്തിനുള്ള ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. അയൽ ഗ്രാമങ്ങളിലുള്ള ജാട്ടുകളേയും സഹായത്തിന്ന് വിളിച്ചു. അങ്ങിനെ എല്ലാ ഏർപ്പാട്ടുകളും വളരെവേഗത്തിൽ പൂൎത്തിയാക്കി.

പാലത്തിൻെറ ചാൎജ്ജുവഹിക്കുന്ന പട്ടാളഉദ്യോഗസ്ഥൻ എല്ലാവരേയും ഒന്നിച്ചു കടത്തിവിടുകയില്ലെന്നുള്ളതു് തീൎച്ചയാണു്. സമയം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. രണ്ടുമണിക്കൂർ ഹിന്ദുക്കൾക്കും രണ്ടുമണിക്കൂർ മുസൽമാന്മാൎക്കുമാണു് നിശ്ചയിച്ചിട്ടുള്ളതു്. ഇങ്ങിനെ ഊഴപ്രകാരമായിരുന്നു രണ്ടുഭാഗത്തുനിന്നുമുള്ള അഭയാൎത്ഥികൾ പാലം കടന്നിരുന്നതു്.

എന്നാൽ രണ്ടുമണിക്കൂർകൊണ്ട് പാലം കടക്കാൻ സാധിക്കാത്തവിധത്തിൽ അത്ര വലുതായിരുന്നു ആ സംഘം. അതിനും പുറമേ സംഘത്തിൻെറ മുൻപന്തിനിൽ പ്രത്യാക്രമണത്തിനുള്ള നല്ല വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുമുണ്ടായിരുന്നു. പിന്നിലേക്ക് വരുന്തോറും പ്രത്യാക്രമണവ്യവസ്ഥ കുറഞ്ഞു കുറഞ്ഞു വരും. അതുകൊണ്ട് രണ്ടുഭാഗത്തും അഭയാൎത്ഥിസംഘത്തെ ആക്രമിക്കുന്നവർ സംഘത്തിൻെറ മുൻപന്തിയിലുള്ളവരെ യാതൊന്നും ചെ

യ്യാതെ കടന്നുപോകാൻ അനുവദിക്കുകയാണു് ചെയ്യാറുള്ളതു്. പാലത്തിൻെറ നടുവിൽ നില്ക്കുന്ന ഇംഗ്ലീഷ് ഉദ്യോഗസ്ഥൻ സമയമായെന്നു കണ്ടാൽ കൈകാണിച്ച് അഭയാർത്ഥിപ്രവാഹത്തെ തടഞ്ഞാൽ പാലത്തിന്മേൽ കയറിയവർക്ക് ! സമാധാനമായി. മററുള്ളവരുടെ മുഖത്തു് ദീനത നിഴലിക്കാൻ തുടങ്ങുകയായി. പിന്നെ രണ്ടുമണിക്കൂർ കഴിഞ്ഞേ അവർക്ക് പാലം തുറന്നുകിട്ടുകയുള്ളൂ. ഇതെല്ലാവർക്കുമറിയാം. ഈരണ്ടു മണിക്കൂർകൊണ്ടാണു് ആക്രമണകാരികൾ കാത്തുനില്ക്കുന്ന അഭയാർത്ഥികളുടെമേൽ ചാടിവീഴുന്നതു്. അങ്ങിനെ നൂറുകണക്കിൽ ആളുകളെ കൊല്ലുകയും മുറിപ്പെടുത്തുകയും കൊള്ളയടിക്കുകയും ചെയ്തു് അവർ ഓടിപ്പോകുന്നു. രാവിയുടെ രണ്ടു തീരങ്ങളിലും ഹിന്ദുക്കൾ, സിക്കുകാർ എന്നിവരുടെയും മുസൽമാന്മാരുടെയും മൃതദേഹങ്ങൾ നിറഞ്ഞുകിടക്കുകയാണു്.

ഉച്ചസമയത്തു് പാലത്തിൽനിന്നു് 200 വാര അകലെ നിന്നുകൊണ്ടു് ഞാൻ മുസൽമാന്മാരുടെ അഭയാർത്ഥിപ്രവാഹത്തെ നോക്കുവാൻ തുടങ്ങി. റോഡിൻെറ ഇരുപാർശ്വങ്ങളിലും ഹിന്ദു—സിക്ക് യുവാക്കൾ കാത്തുനിൽപുണ്ടു്. ചിലർ നിശ്ശബ്ദരായി നില്ക്കുന്നു. ചിലർ വിദ്വേഷം സഹിക്കാൻ വയ്യാതെ അസഭ്യങ്ങൾ പറയുന്നു. വൃദ്ധന്മാരാണു് കൂടുതൽ ശകാരവർഷം ചൊരിഞ്ഞിരുന്നതു്. അഭയാർത്ഥികൾ തലതാഴ്ത്തി പോകുന്നു. കെട്ടുകൾ തലയിലും കുട്ടികൾ ഒക്കത്തുമായി അവർ അങ്ങിനെ നീങ്ങുകയാണു്. പുരുഷന്മാരും, സ്ത്രീകളും കുട്ടികളും അടങ്ങുന്ന

ആ ജാഥ ആരുടെയും മനസ്സിനെ അലിയിക്കുന്ന ഒന്നായിരുന്നു.

ദുർബ്ബലനും വികൃതിയുമായ ഒരു ഹിന്ദുബാലൻ തന്റെ അടുക്കൽക്കൂടി കടന്നുപോയ ഒരു മുസൽമാൻ ബാലന്റെ മുഖത്തു തുപ്പി. മുസമാൻകുട്ടിയുടെ മുഖം കോപം കൊണ്ട് ചുവന്നു. അവൻ ഉടനെ മുഖത്ത് ഒരടിവെച്ചുകൊടുത്ത് റോഡിലേക്ക് ഓടാൻ തുടങ്ങിയപ്പോൾ അവന്റെപിതാവ് അവനെ പിടിച്ചുമാററി. പിന്നെ ആയാൾ ആ ഹിന്ദുകുട്ടിയുടെയും അവന്റെ അടുത്തുനില്ക്കുന്ന ഹിന്ദുയുവാക്കളുടെയും അടുത്തുചെന്ന് ക്ഷമായാചനം ചെയ്തു. "ക്ഷമിക്കണം, കുട്ടികളല്ലേ!"

ഇടികൊണ്ട് പേടിച്ചു പിൻമാറിയ ഹിന്ദുകുട്ടി അപ്പോൾ സിംഹത്തെപ്പോലെ മുമ്പോട്ടുവന്ന് മണ്ണുട്ടയുടെ ശബ്ദത്തിൽ മുസൽമാന്മാരെ ചീത്തപറയുവാൻ തുടങ്ങി. അവന്റെ ധൈര്യം കണ്ട് അടുത്തുനിന്നിരുന്നവർ ആഹ്ളാദിച്ചു.

മദ്ധ്യവയസ്ക്കനായ ഒരു ഹിന്ദു പറഞ്ഞു: "കണ്ടില്ലേ തെമ്മാടികളുടെ സ്വഭാവം.! ക്ഷമായാചനം ചെയ്യുന്നു. മുമ്പാണെങ്കിൽ പള്ളിയുടെ മുമ്പിൽക്കൂടി ഒരു ബാണ്ട്‌വാദ്യവുമായി പോയാൽ മതി ഇവരുടെ സ്വഭാവം മാറാൻ. ഇപ്പോൾ എത്ര ശകാരിച്ചാലും ശബ്ദിക്കുന്നുണ്ടോ?"

പെട്ടെന്ന് ആ വഴിയെവന്ന മദ്ധ്യവയസ്ക്കനായ ഒരു മുസൽമാന്റെമേൽ ആയാളുടെ ദൃഷ്ടി പതിഞ്ഞു. വാ

...ൾ തോന്നിയതെല്ലാം വിളിച്ചുപറഞ്ഞു. പിന്നീട്ട് ആ മുസൽമാൻെറ മുഖത്തുനോക്കിയപ്പോൾ ആയാൾ ആശ്ചര്യപ്പെട്ടുപോയി. ആയാൾ വിളിച്ചു: "എടോ അഹമ്മദ്യാർ" അഹമ്മദ്യാർ തലയ്ക്കുമീതെ വെച്ചിരുന്ന ഭാണ്ഡം അല്പം പൊന്തിച്ച് നോക്കി ആളെ തിരിച്ചറിഞ്ഞ് വിളിച്ചു: "നഥൂ, താനെവിടെയായിരുന്നു ഇതുവരെ?" അഹമ്മദ്യാറും നഥുവും കെട്ടിപ്പിടിച്ചു. അവർ രണ്ടുപേരും ഒരു സ്ഥലത്ത് ചെരുപ്പുകുത്തികളായി ജോലി നോക്കിയവരായിരുന്നു. കുട്ടിക്കാലം തൊട്ട് അടുത്തകാലംവരെ അവർ ഒന്നിച്ചാണ് ജീവിച്ചിരുന്നത്. പിന്നീട്ട് ജോലിനേടി ഒരാൾ ജലന്തറിലേക്കും മറേറയാൾ ലാഹോറിലേക്കും പോയി. വളരെ കാലത്തിന്നുശേഷമാണ് തമ്മിൽ കാണുന്നതു്. നഥു പറഞ്ഞു: "നീ എൻെറ വീട്ടിൽ വന്നു താമസിച്ചുകൊള്ളൂ. ഒരാപത്തുംവരില്ല.

അഹമ്മദ്: വേണ്ട നഥൂ. ഞാൻ പൊയ്ക്കൊള്ളാം. നിൻെറ കുട്ടുകാർക്കു് അതു സുഖമാവില്ല.

അഹമ്മദ്യാർ തൻെറ വയററത്തെ മുറി കാണിച്ചുകൊടുത്തു. മുഷിഞ്ഞ ഒരു ശീലകൊണ്ടു് അത് കെട്ടിയിരുന്നു. ആയാൾ പറഞ്ഞു: "ഭാഗ്യംകൊണ്ടാണ് ഞാൻ രക്ഷപ്പെട്ടതു്. അല്ലെങ്കിൽ അക്രമികൾ എന്നെ വിടുകയില്ലായിരുന്നു."

നഥു: എനിക്കും അവിടെ സംഭവിച്ചതു് ഇതുതന്നെയാണു്. മകനെ വഴിയ്ക്കുവെച്ച് കൊലപ്പെടുത്തി.

അഹമ്മദ്: അയ്യോ ഫലസീട്ടയേയോ? ചങ്ങാ

തി, എന്താണതിൻെറയെല്ലാം അത്ഥം! എന്തൊരുകാലമാണിത്! നമുക്ക് ജലന്തറിലും ലാഹോറിലും താമസിച്ച് ചെരുപ്പുപണി നടത്താമായിരുന്നുവല്ലോ. പിന്നെ എങ്ങിനെയാണിത് സംഭവിച്ചത്!

നഥുവിനു് ഒന്നുംതന്നെ മനസ്സിലായിരുന്നില്ല. ആയാൾ തലക്കു് കൈകൊട്ടത്തുകൊണ്ടു് പറഞ്ഞു: "നാശകാലം എന്നല്ലാതെ ഒന്നും പറയുവാൻ കണ്ടില്ല."

അഹമ്മദ്യാർ: ശരി, ഞാൻ പോകട്ടെ, ഇല്ലെങ്കിൽ കൂട്ടക്കാർ കടന്നുപോകും.

അഹമ്മദ്യാറും നഥുവും സ്നേഹപൂവ്വം കെട്ടിപ്പിടിച്ച് പിരിഞ്ഞു. അഹമ്മദ് കുറച്ചുദൂരം ചെന്നപ്പോൾ നഥു വിളിച്ചുപറഞ്ഞു: "ബഖ്ത്യാറിൻെറ അമ്മാമൻ അബ്ദുൽഗനിയോടു് എൻെറ അന്വേഷണം പറയണം."

"അങ്ങിനെത്തന്നെ" എന്നുപറഞ്ഞ് അഹമ്മദ്യാർ സംഘത്തിൽ ചെന്നുചേൎന്നു.

നഥു ആയാളുടെ സുഹൃത്തുമായി സംസാരിച്ചു പിരിഞ്ഞപ്പോൾ അടുത്തുനിന്നിരുന്ന ഹിന്ദുക്കൾ മുഴുവൻ ആയാളെ തുറിച്ചുനോക്കുന്നതായി കണ്ടു. ആയാൾ അമ്പരന്നു. തൻെറ പ്രവൃത്തിയെ ന്യായീകരിക്കുവാൻ ആയാൾ എന്തോ പറയുവാൻ ഭാവിച്ചു. പക്ഷെ, വാക്കുകൾ പുറത്തേക്കു വന്നില്ല. ഒടുവിൽ ആ കൂട്ടത്തിൽനിന്നു് ആയാൾ എങ്ങിനെയോ രക്ഷപ്പെട്ടു് മറെറാരുവഴിയെ പോയി.

ഇതു കണ്ടപ്പോൾ എന്റെ മനസ്സിൽ ഒരു വല്ലായ്മ തോന്നി. ഞാൻ അവിടെനിന്നു് മുസൽമാന്മാരുടെ ഇടയിൽ ചെന്നുചേൎന്നു. ഒരാൾ എന്റെനേരെ തുറിച്ചു നോക്കിക്കൊണ്ടു് പറഞ്ഞു: "നിങ്ങൾ ഇവിടെ എങ്ങിനെയെത്തി."

ഞാൻ ഉടനെ പറഞ്ഞു: "ഇതുവരെ ഹിന്ദുവെന്ന നിലയിൽ ഇവിടെ എത്തി. എനി ഞാൻ എന്റെ ജന്മഭൂമിയായ പാക്കിസ്ഥാനിലേക്കു് പോകയാണു്."

ആ മുസൽമാൻ പുഞ്ചിരിച്ചുകൊണ്ടു് പറഞ്ഞു: "സൎവ്വശക്തനായ ദൈവം തുണക്കട്ടെ." ആയാളുടെ സംശയം തീൎന്നിരുന്നു. ഇല്ലെങ്കിൽകൂടി എനിക്കു് വിരോധമുണ്ടായിരുന്നില്ല. ഞാൻ ധൈര്യപൂൎവ്വം 200വാര ദൂരം നടന്നു. അതായതു് പാലംവരെ. അതുവരെ യാതൊരു പേടിയും എനിക്കുണ്ടായിരുന്നില്ല. വഴിയുടെ ഇരു പാൎശ്വങ്ങളിലും ഹിന്ദുക്കളും സിക്കുകാരും നിൽപുണ്ടു്. പാലത്തിന്മേൽ ഇംഗ്ലീഷുകാരുടെ സൈന്യങ്ങളുമുണ്ടു്. അതുകൊണ്ടു് പാലം എത്തുന്നതുവരെ ഹിന്ദുക്കൾ ശൂരന്മാരായിരുന്നു. മുസൽമാന്മാരുടെ സംഖ്യ വളരെ കൂട്ടതലുണ്ടായിരുന്നു. തന്നിമിത്തമാണു് ഞാൻ അവരുടെ ഒന്നിച്ചു നടന്നതു്. ഞാൻ എന്റെ ഇടത്തുഭാഗത്തു് നടക്കുന്ന ഒരു വൃദ്ധനോടു് ചോദിച്ചു: "ബാബാ എവിടെനിന്നാണു് നിങ്ങൾ വരുന്നതു്?"

വൃദ്ധൻ: മോറണ്ടിയിൽനിന്നു്.

ഞാൻ: നിങ്ങളുടെ കുടുംബങ്ങൾ എവിടെ?

വൃദ്ധൻ: മണ്ണിന്നടിയിൽ.

ഞാൻ നിശ്ശബ്ദനായി. വൃദ്ധൻെറ മുഖത്ത് ഭാവവ്യത്യാസം കണ്ടു. ഒടുവിൽ ആയാൾ പ്രയാസപ്പെട്ട് ആത്മനിയന്ത്രണം ചെയ്തുകൊണ്ട് പറഞ്ഞു: "മോറണിയിലെ സിക്കുകൾ എൻെറ മൂന്നു പെൺകുട്ടികളെ പിടിച്ചു കൊണ്ടുപോകയും മൂന്ന് ആൺകുട്ടികളെ കൊല്ലുകയും ചെയ്തു. എന്നെയും വൃദ്ധയായ എൻെറ ഭാര്യയെയും അവർ കൊന്നിരുന്നുവെങ്കിൽ ഞങ്ങൾ എത്രയോ സന്തോഷിക്കുമായിരുന്നു! വൃദ്ധൻെറ ഭാര്യ മെലിഞ്ഞ ഒരു വൃദ്ധയാണ്. മുടി മുഴവൻ നരച്ചിട്ടുണ്ട്. അത് കാററത്ത് പാറിപ്പറക്കുന്നു. അവർ ചുണ്ടത്ത് വിരൽവെച്ച് പറഞ്ഞു: "ശ്ശ്, ശബ്ദമുണ്ടാക്കണ്ട. എൻെറ മകൻ ഉണരും."

ഞാൻ: മകനോ?

അവർ കുനിഞ്ഞ് എൻെറ ചെവിയിൽ പറഞ്ഞു: "അതെ, എൻെറ വയററിലാണ് മകൻ. എനിക്ക് വയററിലുണ്ട്."

പെട്ടെന്ന് അവർ പിന്നോക്കം മാറി നിവർന്നുനിന്ന് തൻെറ വയററത്ത് ശക്തിയായി അടിക്കുകയും താൻ ഗർഭിണിയാണ്, ഗർഭിണിയാണ് എന്നിങ്ങനെ വിളിച്ചുപറയുകയും ചെയ്തു. അവരുടെ പൊട്ടിച്ചിരി എനിക്ക് അസഹ്യമായിതോന്നി. ഞാൻ നിശ്ചലനായി അവിടെ നിന്നു.

വൃദ്ധൻ ഉന്മാദിനിയായ തൻെറ ഭാര്യയേയും പിടിച്ചുവലിച്ച് മുമ്പോട്ടുനടന്നു. ഞാൻ കൂട്ടത്തിൽ നടക്കുക

യാണ്. എന്റെ മനസ്സിൽ പലവിധ വിചാരങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ഞാൻ അവരുടെ ഒന്നിച്ച് നടക്കുന്നതെന്തിനാണെന്ന് എനിക്കുതന്നെ അറിവുണ്ടായിരുന്നില്ല. എന്നാൽ അവരിൽനിന്ന് വിട്ടുനില്ക്കാൻ എനിക്ക് തോന്നിയില്ല. എന്റെകൂടെ ഭേദപ്പെട്ട, സഭ്യരായ ഒരു മുസൽമാൻ കുടുംബം നടന്നിരുന്നു. ആകൃതിയും പ്രകൃതിയും സ്വഭാവവും സംസാരവും കണ്ടാൽ വിദ്യാസമ്പന്നരാണ് അവരെന്ന് തോന്നിയിരുന്നു. അവരുടെ ഉടുപ്പുകൾ അഴുക്കുനിറഞ്ഞതാണ്. എന്നാൽ വിലപിടിച്ചവയായിരുന്നു അവ. ശ്രോക്കുധരിച്ച എട്ടുംപത്തും വയസ്സായ രണ്ടു പെൺകുട്ടികളുമുണ്ട്. പതിനാലുവയസ്സായ ഒരു ആൺകുട്ടിയുണ്ടായിരുന്നു. അവന്റെ മുഖത്ത് കുറേശ്ശ രോമങ്ങൾ വരാൻ ആരംഭിച്ചിട്ടുണ്ട്. ഒരു നീല ഷർട്ടും കറുത്ത നിക്കറുമാണ് അവൻ ധരിച്ചിരുന്നത്. തന്റെ സഹോദരിമാരുടെ കൈ പിടിച്ച് അവൻ നടന്നിരുന്നു. അവന്റെ പിതാവ് അമ്മയുടെ കയ്യുംപിടിച്ചാണ് നടന്നിരുന്നത്. ആ മുസൽമാൻ എന്റെനേരെ നോക്കി പുഞ്ചിരിതൂകിക്കൊണ്ട് പറഞ്ഞു: "ഈശ്വരകൃപകൊണ്ട് നമ്മൾ പാക്കിസ്ഥാൻ വരെ എത്തിച്ചേർന്നു."

ഞാൻ: വഴിക്കു് അപകടമൊന്നുമുണ്ടായില്ലല്ലോ.

ആയാൾ: പടച്ചവന്റെ അനുഗ്രഹംകൊണ്ട് ഞങ്ങൾക്ക് ജീവനാശമൊന്നും ഉണ്ടായില്ല. രണ്ടു മണിക്കൂറിനുള്ളിൽ നമ്മൾ പാക്കിസ്ഥാനിൽ എത്തും. ആ കാണുന്നതാണ് പാക്കിസ്ഥാൻ.

അസാധാരണമായ ഒരു അഭിമാനവും ആനന്ദവും എല്ലാവരുടെയും മുഖത്തു് കളിയാടുന്നതു് ഞാൻ കണ്ടു; മഴവില്ലിൻെറ മനോഹാരിതപോലെ. അവർ അതിവേഗം പാലത്തിന്റെ സമീപത്തേക്കു് നടക്കുകയായിരുന്നു.

ഞാൻ എൻെറ ഗതിയൊന്നു് സാവധാനത്തിലാക്കി; അവർ മുമ്പോട്ടു് നടന്നു. ആ സമയത്തു് എൻെറ കൂടെ ഒരു പെൺകുട്ടി നടക്കുന്നുണ്ടായിരുന്നു, എന്നേപ്പോലെ അവളും ആ കൂട്ടത്തിൽ ഒററപ്പെട്ടവളാണെന്നു് എനിക്കു് തോന്നി. ഞാൻ അവളുടെ മുഖത്തേക്കു് സൂക്ഷിച്ചുനോക്കിക്കൊണ്ടു് ചോദിച്ചു: "നിങ്ങൾ ഹിന്ദുവല്ലേ?" എൻെറ ചോദ്യംകേട്ടു് അവൾ അമ്പരന്നുപോയി. നടത്തം അല്പം പതുക്കെയാക്കി. അവൾ മറുപടിയൊന്നും പറഞ്ഞില്ല. എന്നാൽ ആ മുഖത്തു് മാറിമാറി വരുന്ന ഭാവങ്ങൾ ഞാൻ നോക്കി മനസ്സിലാക്കി. എൻെറ ലക്ഷ്യം പിഴച്ചില്ലെന്നു് ഞാൻ കണ്ടു.

ഒത്ത ശരീരം; സ്വർണ്ണനിറമുള്ള മുടി: പനിനീർപൂപോലെയുള്ള കവിളുകൾ; ചുകന്ന നേരിയ ചുണ്ടുകൾ; കുടുങ്ങിയ അരക്കെട്ടു്; ഉന്തിനില്ക്കുന്ന മാറിടം; അഹന്തയും സൗന്ദര്യവും നിറഞ്ഞു തുളുമ്പുന്ന നടത്തം; കാതിലെ ലോലാക്കുകൾ ആടിക്കളിക്കുന്നുണ്ടു്; കണ്ണിൻെറ കൃഷ്ണമണികൾ വേദനനിറഞ്ഞ ഒരു സ്വപ്നത്തിലെന്നപോലെ തോന്നി.

ഞാൻ ചോദിച്ചു: "നിങ്ങൾ ആരാണു്?"

അവൾ: പാർവ്വതി എന്നാണു് എൻെറ പേർ.

ഞാൻ: എവിടെനിന്നാണു് വരുന്നതു്?

അവൾ: ചീമാകലിയിൽനിന്നു്.

ഞാൻ: എവിടെ പോകുന്നു?

അവൾ: പാക്കിസ്ഥാനിലേക്കു്.

ഞാൻ: നിങ്ങൾ എന്തിനാണു് പാക്കിസ്ഥാനിൽ പോകുന്നതു്?

അവൾ: എൻെറ കാമുകൻ അവിടെയാണു്.

ഞാൻ: നിങ്ങളുടെ കാമുകനോ?

അവൾ: അതെ; അദ്ദേഹം എൻെറ ഗ്രാമത്തിലുള്ള ആളാണു്. ഇമ്തയാജ് എന്നാണു് പേർ. അദ്ദേഹത്തിൻെറ പിതാവ് ഞങ്ങളുടെ നാട്ടിലെ ഒരു വലിയ ജമീന്ദാരാണു്. എൻെറ അച്ഛൻ ഗ്രാമത്തിലെ വലിയ സേട്ടുവും ആര്യസമാജക്കാരനുമാണു്. ഇമ്തയാജ് എന്നെ സ്നേഹിച്ചിരുന്നു; ഞാൻ അദ്ദേഹത്തെയും. ഞങ്ങൾ ഒരുമിച്ചാണു് പഠിച്ചിരുന്നതു്; കോളേജിൽ എം. എ. ക്ലാസ്സിൽ.

പാക്കിസ്ഥാൻ സ്ഥാപിതമായശേഷം ഇമ്തയാജിൻെറ മാതാപിതാക്കൾ കുടുംബസമേതം വിമാന മാർഗ്ഗേണ ലാഹോറിലേക്കു് പോയി. എന്നാൽ ഇമ്തയാജ് പോയില്ല. മതാപിതാക്കൾ വളരെ നിർബ്ബന്ധിച്ചുവെങ്കിലും അദ്ദേഹം കൂട്ടാക്കിയില്ല. തൻെറ പ്രാരോപ്തിനുവേണ്ടി അദ്ദേഹം സ്വദേശമുപേക്ഷിച്ചു. ഞാൻ അദ്ദേഹത്തെ വിവാഹംചെയ്യാമെന്നേററിരുന്നു.

ഞാൻ: പിന്നെ എന്തുണ്ടായി?

തലതാഴ്ത്തി അവൾ കുറേനേരം എന്റെ ഒന്നിച്ച് നിശ്ശബ്ദയായി നടന്നു. പിന്നീടു് പറയുവാൻ തുടങ്ങി: വിവാഹത്തിനുമുമ്പു് എന്റെ രക്ഷിതാക്കൾ അദ്ദേഹത്തെ കൊല്ലിച്ചു. ഇമ്തയാജിനെ കൊന്നതു് ഹിന്ദു ഗുണ്ടകളാണു്. എന്റെ പേരിൽ വിശ്വാസമർപ്പിച്ചിരുന്ന അദ്ദേഹം, സുന്ദരനായ ഒരു ചെറുപ്പക്കാരനായിരുന്നു; നല്ല ശക്തനും. എന്നാൽ അദ്ദേഹം ഒററയ്ക്കായിരുന്നു. ഗുണ്ടകൾ കുറെ അധികമുണ്ടായിരുന്നു. ഞാൻ സംഭവസ്ഥലത്തു് ചെന്നുനോക്കിയപ്പോൾ അദ്ദേഹത്തിന്റെ ശവം കഴുകന്മാർ കൊത്തിവലിക്കുന്നതാണു് കണ്ടതു്."

കണ്ണുകളിൽ ഒരു തുള്ളി കണ്ണുനീരോ ചുണ്ടിന്നു് വിറയലോ ഇല്ലാതെ വിചിത്രയായ ആ പെൺകുട്ടി തലയുയർത്തി നേരെ നടക്കുകയാണു്. ഞാൻ പറഞ്ഞു: "ഇമ്തയാജ് മരിച്ചു. എനി നിങ്ങൾ പാകിസ്ഥാനിൽ പോയി എന്താണു് ചെയ്യാൻ ഭാവം?"

അവൾ: ഞാൻ അദ്ദേഹത്തിന്റെ അമ്മയൊന്നിച്ച് വിധവയായ പുത്രവധുവിനെപ്പോലെ ജീവിക്കും.

ഞാൻ ആശ്ചര്യപൂർവ്വം ആ പെൺകുട്ടിയെ നോക്കി. പാലം അടുത്തു; പാർവ്വതി പാലത്തിന്മേൽ ഒരു കാലെടുത്തുവെച്ചു.

[illegible]തീ, നീ എവിടെ പോകുന്നു? മടങ്ങിപ്പോ[illegible] പാവപ്പെട്ട പെൺ

കുട്ടീ! വെറും സങ്കല്പത്തിന്നുവേണ്ടി ആരെങ്കിലും മാതൃഭൂമിയെ ത്യജിക്കാറുണ്ടോ? സ്ത്രീ ഭർത്താവിന്നുവേണ്ടി മരിക്കും. അമ്മ മക്കൾക്കുവേണ്ടി ജീവൻ പണയപ്പെടുത്തും. സഹോദരി സഹോദരന്നുവേണ്ടി സർവ്വസ്വവും ത്യജിക്കും. ഇതിന്റെയെല്ലാം അർത്ഥം മനസ്സിലാക്കാൻ കഴിയുന്നതാണ്. എന്നാൽ നീ അങ്ങിനെയൊരു ബന്ധം സ്ഥാപിച്ചിട്ടില്ലല്ലോ. ഇമ്തയാജിനെ നീ വിവാഹം ചെയ്തിട്ടില്ല. നിന്റെ വയററിൽ ആയാളുടെ കുട്ടിയുമില്ല. ആയാളുടെ വംശവും ദേശവും ധർമ്മവുമല്ല നിന്റേതു്. പിന്നെ ഞങ്ങളെയെല്ലാം വിട്ടു് നീ എന്തിന്നു് പോകുന്നു?"

"വെറും സങ്കല്പത്തിൽ നീ എങ്ങോട്ടാണു് ഒഴുകിപ്പോകുന്നതു്? ഭ്രാന്തി! സ്നേഹത്തിന്റെ പേരിൽ ഈ ലോകത്തിൽ ഇങ്ങിനെ ആരെങ്കിലും നശിക്കാൻ തെയ്യാറായ്യമോ? മനുഷ്യർ മരിക്കാറുണ്ടു്: അതു് പണത്തിന്നോ, പദവിക്കോ, സ്ത്രീക്കോ, സ്വത്തിന്നോ, അധികാരത്തിനോ, രാജ്യത്തിന്നോ, ധർമ്മത്തിന്നോ, മോക്ഷത്തിന്നോ വേണ്ടിയാണു്. എന്നാൽ നിരർത്ഥകമായ ഒരു സങ്കല്പത്തിന്നുവേണ്ടി ജീവിതം മുഴുവൻ അജ്ഞാതമായ ഒരു പ്രദേശത്തു് കഴിച്ചുകൂട്ടി നശിക്കാൻ പുറപ്പെടുന്നതു് സാഹസമല്ലേ? പാർവ്വതീ, അല്പം ചിന്തിച്ചുനോക്കു, ഇതിൽ പരം വിഡ്ഢിത്തം വേറെയുണ്ടോ? മടങ്ങിവരൂ സുന്ദരിയായ പാർവ്വതീ!

പുഷ്പംപോലെ മാദകമായ നിന്റെ സൌന്ദര്യമൊന്നു നോക്കൂ! ഹിന്ദുക്കളുടെ പേരിൽ കരുണ കാണിക്കൂ.

ഞങ്ങൾ നിൻെറ വംശക്കാരല്ലേ? ഇമ്മാതിരി നേരത്തെയുള്ള ദുഃഖം ഞങ്ങൾ ക്രമേണ തീർത്തുകൊള്ളാം. നിൻെറ മതക്കാരും ദേശക്കാരും ജാതിക്കാരുമായ ഞങ്ങൾ നിന്നെ പരിചിതമായ അന്തരീക്ഷത്തിൽ വളർത്തിക്കൊള്ളാം. മധുരമായ പെരുമാററവും സാന്ത്വനവചനങ്ങളും നിന്നെ പിഴച്ച മാർഗ്ഗത്തിൽനിന്നു് നേർമാർഗ്ഗത്തിലേക്കു് കൊണ്ടുവരും. നിൻെറ ദുഃഖം നീങ്ങുകയും സന്തോഷപൂർവ്വം പുഞ്ചിരിതൂകുവാൻ തുടങ്ങുകയും ചെയ്യും. അങ്ങിനെ മാന്യനായ ഒരു യുവാവിനെക്കൊണ്ടു് നിന്നെ വിവാഹം കഴിപ്പിച്ച് നിൻെറ ജീവിതത്തെ സുഖകരമാക്കിത്തീർക്കും. ആയിരമായിരം കൊല്ലങ്ങളായി നടന്നുവരുന്ന ഒരു വ്യവസ്ഥയാണിതു്. നീ ഇതു നല്ലപോലെ മനസ്സിലാക്കി തിരിച്ചുവരൂ."

എന്നാൽ പാർവ്വതി ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. അവൾ പാലം കടന്നു് അപ്പുറത്തെത്തി. അവളുടെ മുഖത്ത് ആത്മവിശ്വാസവും ദൃഢതയും കളിയാടുന്നുണ്ടായിരുന്നു. അവൾ അപ്പുറത്ത് കടന്ന ഉടനെ ഇംഗ്ലീഷുകാരനായ പട്ടാള ഉദ്യോഗസ്ഥൻ പാലത്തിൻെറ നടുവിൽ വന്നുനിന്നു് മുമ്പോട്ടു് വരുന്ന ആളുകളെ തടഞ്ഞു.

SENGUPTA PUBLIC LIBRARY • KOZHIKODE-4.

# 9

പാലത്തിന്റെ അപ്പുറത്തു കടന്നവർക്ക് സമാധാനമായി. ഇപ്പുറത്തുനില്ക്കുന്നവർ പേടിച്ച് വിറച്ച് നാലു ഭാഗവും നോക്കിക്കൊണ്ടിരുന്നു. ഭേദപ്പെട്ട ആ മുസൽമാൻ കുടുംബത്തിലെ ആൺകുട്ടി തന്റെ സഹോദരിമാരെയും കൂട്ടി അപ്പുറത്ത് കടന്നു. എന്നാൽ അവരുടെ അച്ഛനമ്മമാർ ഇപ്പുറത്ത് പെട്ടു. ആയാൾ വളരെ താണുകേണപേക്ഷിച്ചു. "എന്റെ കുട്ടികൾ അപ്പുറത്തു കടന്നു, ഞാനും ഭാര്യയും അങ്ങോട്ടു പോകട്ടെ. ദയവുചെയ്ത് കമാണ്ടർ സാഹബ് അത് അനുവദിക്കണം" പക്ഷെ ആ അപേക്ഷ നിരസിക്കപ്പെട്ടു. അവർ തങ്ങളുടെ കുട്ടികളെ! നിന്നിമേഷരായി നോക്കിനിന്നു.

പട്ടാള ഉദ്യോഗസ്ഥൻ അവരെ പാലത്തിന്മേൽ നില്പാൻ സമ്മതിച്ചില്ല. അപ്പുറത്ത് നിന്ന് ഹിന്ദുക്കളുടെ സംഘം വരുന്നുണ്ടായിരുന്നു. അതിനാൽ പാലത്തിന്മേ

ല്ലുണ്ടായിരുന്നവരെയെല്ലാം തള്ളിമാറ്റി. അങ്ങിനെ ആ ഭാര്യാഭത്താക്കന്മാർ മററുള്ളവരോടൊപ്പം പാലത്തിന്നിപ്പുറത്ത് റോഡിന്മേൽ നിന്നു. മാന്യനായ ആ മുസൽമാൻ ആവേശപൂർവ്വം സംസാരിക്കാൻ തുടങ്ങി: "എന്തന്യായമാണിതു്! ഒരു കുടുംബത്തെ രണ്ടായി പിളക്കുന്നു ഞങ്ങളെ അങ്ങോട്ടുപോകാൻ അനുവദിച്ചാൽ ആ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്നു് എന്തായിരുന്നു നഷ്ടം!"

ആയാളുടെ ഭാര്യ സമാധാനിപ്പിച്ചു: "കുറച്ചു ക്ഷമിക്കു, രണ്ടു മണിക്കൂറിനകം പാലം നമുക്ക് ഒഴിഞ്ഞുകിട്ടുമല്ലൊ."

ഭത്താവിനെ സമാധാനിപ്പിച്ചുവെങ്കിലും കുട്ടികളെ വിചാരിച്ച് രണ്ടുപേരുടേയും മനസ്സ് പൊരിയുന്നുണ്ടായിരുന്നു. അവരുടെ കുട്ടികൾ നില്ക്കുന്നേടത്തേക്കു് രണ്ടുപേരും എത്തിനോക്കിക്കൊണ്ടിരുന്നു.

ആ വഴിയെ ഹിന്ദുക്കളുടെ സംഘം വരുന്നുണ്ടായിരുന്നു, പാലത്തിന്മേൽക്കൂടി കടന്നു് അവർ റോഡിലെത്തി. റോഡിൻെറ വക്കത്തു് മുസൽമാൻ അഭയാത്ഥിസംഘം കൊള്ളചെയ്യപ്പെട്ട ഹിന്ദുക്കളെ നോക്കിക്കൊണ്ടിരുന്നു; ഹിന്ദുക്കൾ മുസൽമാന്മാരേയും. രണ്ടുപേരുടേയും ദൃഷ്ടികളിൽ ഒരേ ഒരു ചോദ്യവും ഉത്തരവും മാത്രം കാണപ്പെട്ടു. അതിവേഗം ദൃഷ്ടികളിൽ പ്രതികാരത്തിൻെറ തീ ആളിക്കത്തി. രണ്ടുപേരും ദൃഷ്ടികൾ തിരിച്ചു. കയ്പുള്ള ഒരു യാഥാർത്ഥ്യത്തെ നേരിടാനുള്ള മടികൊണ്ടെന്നോണം.

ഞാൻ മുസൽമാന്മാരുടെ ഇടയിൽക്കൂടി കടന്നു് ഹിന്ദുസംഘത്തിലെത്തി മുമ്പോട്ടുനടന്നു. എന്നാൽ എന്റെ മാർഗ്ഗം മാറിയെന്ന ബോധമേ എനിക്കുണ്ടായിരുന്നില്ല. ആ കൂട്ടത്തിലാണു് ഞാൻ അതുവരെ നടന്നതു് എന്ന ബോധമായിരുന്നു എനിക്കു്.

കുറച്ചുനേരം കഴിഞ്ഞപ്പോൾ ആ സംഘത്തിൽ എന്റെ കുടുംബത്തിൽപ്പെട്ട പലരേയും കാണാൻ കഴിഞ്ഞു. ചെറിയമ്മയുടെ രണ്ടു മക്കളേയും ഒരു അമ്മാമനേയും പിതൃസഹോദരനേയും ചില മുത്തശ്ശിമാരേയും ഞാൻ കണ്ടു. അവരെല്ലാംകൂടി എന്റെ അച്ഛന്റെ ശവം ചുമന്നു കൊണ്ടുവരികയാണു്. അപ്പുറത്തുവെച്ചു് മുസൽമാന്മാരുടെ ആക്രമണംനിമിത്തം അദ്ദേഹം കൊല്ലപ്പെട്ടിരുന്നു.

# 10

അച്ഛൻെറ ശവം ഒരു തുണികൊണ്ട് മൂടി ഒരു ഭാഗത്ത് വെച്ചു. ആളുകൾ കരഞ്ഞു തൊഴിച്ച് നിശ്ശബ്ദരായി. ജ്യേഷ്ഠൻ ചിത തെയ്യാറാക്കുന്നതിന്ന് പോയിരുന്നു. ഞാൻ തലക്ക് കൈവെച്ച് അവിടെ ഇരിക്കുകയാണ്. അപ്പോൾ ഒരുക്കൂട്ടം ഹിന്ദു-സിക്ക് പ്രവർത്തകന്മാർ അവിടെ വന്നു. അവരുടെ നേതാവ് ലാഹോറിലെ പ്രസിദ്ധ ഗുസ്തിക്കാരനായ ബല്ലൊ ആയിരുന്നു. ബല്ലൊ ഒറ്റക്കണ്ണനാണ്, മറേറക്കണ്ണ് പൂച്ചയുടേതുപോലെയാണ്. അതുകൊണ്ടാണ് എല്ലാവരും ആയാളെ ബല്ലൊ എന്ന് വിളിച്ചിരുന്നതു്. ലാഹോർ ഗെയിററിന്നുള്ളിൽ മേഹന്തിശാഹ് കളരിയിൽവെച്ച് ഹിന്ദുക്കളുടെ ഒരു ഗുസ്തിസംഘം ആയാൾ തെയ്യാറാക്കിയിരുന്നു. വർഗ്ഗീയലഹളകളിൽ പണക്കാരുടെ പ്രേരണയനുസരിച്ച് ഇവർ ഹിന്ദുക്കളുടെ രക്ഷക്ക് പൊരുതിക്കൊണ്ടിരുന്നു. ലാഹോറിൽവെച്ച് ബല്ലൊ എന്നോട്ട് രണ്ടുമൂന്നുതവണ വ

രി ചോദിക്കാൻ വന്നിട്ടുണ്ട്. എന്നാൽ ഞാൻ കൊടുത്തിരുന്നില്ല. അതിനാൽ ഇത്തവണ എന്നെ കണ്ടപ്പോൾ ആയാൾ വെറുപ്പോടെ ഒന്നു നോക്കി. ഔദ്ധത്യത്തോടെ പറഞ്ഞു: "ഞങ്ങൾ ഈ നില്ക്കുന്ന മുസ്ലീം അഭയാൎത്ഥികളെ ആക്രമിക്കാൻ പോകയാണ്. നേരം സന്ധ്യയായി. മൂന്നിൽ രണ്ടുഭാഗം ആളുകളും കടന്നുപോയി. എനി വാലുമാത്രമേ ബാക്കിയുള്ളു. ആക്രമണത്തിന്നു പററിയ സമയമാണിതു്;"

ഞാൻ: ആക്രമിച്ചുകൊള്ളുവിൻ. എനിക്കെന്തുവേണം?

ബല്ലൊ കൎക്കശസ്വരത്തിൽ പറഞ്ഞു: "അതെയതെ, നിങ്ങൾക്കെന്തുവേണം! ഇങ്ങിനത്തെ ഭീരുക്കളായ ഹിന്ദുക്കളാണ് പാക്കിസ്ഥാൻ ഉണ്ടാക്കിയതു്. അച്ഛൻ മരിച്ചാൽപോലും ഞങ്ങൾക്കെന്തുവേണം എന്നുപറഞ്ഞ് ഒഴിഞ്ഞുമാറുന്ന കൂട്ടരാണ് ഇവർ."

ഞാൻ അച്ഛൻെറ ശവത്തിന്നടുത്തു് ഇരിക്കുകയായിരുന്നു. പെട്ടെന്നു് എനിക്ക് കലശലായ ദേഷ്യംവന്നു. ഞാൻ അവിടെനിന്നു് എഴുന്നേററ് ബല്ലോവിന്റെ സമീപത്തുചെന്നു് നിവൎന്നുനിന്നു. ബല്ലൊ നിശ്ചിന്തനായി എന്നെ നോക്കി പറഞ്ഞു: "ആക്രമണത്തിന്നു ഓരോ വീട്ടിൽനിന്നു് ഓരോ ആളെ കണ്ടു് ഞങ്ങൾ ശേഖരിക്കുന്നുണ്ടു്. അരമണിക്കൂറിനുള്ളിൽ റേഷൻ ഡിപ്പോവിന്നടുത്തു് വരണം. വാളും തോക്കും കുന്തവും കതിരകളുമെല്ലാം അവിടെയുണ്ടാവും."

നാലുഭാഗത്തുനിന്നും കൂർത്തുമൂർത്ത ദൃഷ്ടികൾ എൻെറ മേൽ തുളച്ചുകയറി. ഞാൻ പല്ലുകടിച്ചുകൊണ്ട് പറഞ്ഞു: "ശരി, ഞാൻ വരാം."

ബല്ലോ ചിരിച്ചുകൊണ്ട് അവിടെനിന്ന് പോയി. ആയാളുടെ ചിരി എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ ആയാളുടെ പിന്നാലെ നടന്നു. ഓരോ വീട്ടിൽ നിന്നും ഒരോരുത്തർവീതമുണ്ടായിരുന്നു. ആക്രമണകാരികളുടെ എണ്ണം നിമിഷനേരംകൊണ്ട് വർദ്ധിച്ചു. പൈശാചികത്വം പ്രകടമായിത്തുടങ്ങി. രക്തദാഹം മൂത്തു. റേഷൻ ഡിപ്പോവിൻെറ അടുത്തെത്തിയപ്പോഴേക്കും അഞ്ഞൂറോളം വരുന്ന ഒരു സംഘം ആളുകൾ ഉണ്ടായിരുന്നു. മുസൽമാന്മാർക്കെതിരായ മുദ്രാവാക്യങ്ങൾ മുഴങ്ങാൻ തുടങ്ങി.

ഞാനും അവരുടെ ഒന്നിച്ച് നടക്കുകയായിരുന്നു. എന്നാൽ ഒരു സ്വപ്നത്തിലെന്നോണമാണ് ഞാൻ നടന്നിരുന്നത്. എൻെറ ചുററുപാടുമുണ്ടായിരുന്ന ആളുകൾ ഒരു സ്വപ്നത്തിലെ നിഴലുകൾപോലെ എനിക്ക് തോന്നി. റേഷൻഡിപ്പോവിന്നടുത്ത് ഹിന്ദുയുവാക്കൾ കുന്തങ്ങളും വാളുകളും വിതരണം ചെയ്യുകയാണ്. തോക്ക് നേതാക്കൾക്കുമാത്രം കൊടുത്തു. ഒരാൾ എൻെറ കയ്യിൽ ഒരു കുന്തം തന്നു; ഞാനതു് വാങ്ങി. "അതാണ് നിങ്ങളുടെ കുതിര" ആരോ പറഞ്ഞു. ഞാൻ കുന്തമെടുത്ത് കുതിരപ്പുറത്ത് കയറി.

തിരിവില്ലുള്ള വലിയ ആൽവൃക്ഷത്തിൻെറ ചുവട്ടിൽ നില്ക്കുന്ന മുസൽമാന്മാരെ ഞങ്ങൾ ആക്രമിച്ചു. 'സ

ത്'സിരി അകാൽ' 'ഹരഹര മഹാദേവ' എന്ന മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തിൽ മാറെറാലികൊണ്ടു. മുസൽമാൻ അഭയാത്ഥികളുടെ ദീനരോദനം മുഴങ്ങി. അവർ റോഡുവിട്ടു് മണൽ നിറഞ്ഞ മൈതാനത്തിൽക്കൂടി ഓട്ടം തുടങ്ങി. ചില മുസൽമാൻ യുവാക്കൾ അല്ലാഹോ അക്ബർ എന്നു് വിളിച്ചുപറഞ്ഞ് ധൈര്യപൂർവ്വം എതിരിടാൻ വന്നു. എന്നാൽ ആക്രമണകാരികൾ റോഡിലേക്കുള്ള വഴി തടഞ്ഞു് അഭയാർത്ഥികളെ മണലാരണ്യത്തിലേക്കു് തള്ളി വളഞ്ഞിരുന്നു. അവിടെവെച്ച് നൂറുകണക്കിൽ മുസൽമാന്മാരെ വധിച്ചിട്ടുള്ളതാണു്.

എൻെറ നാലു ഭാഗത്തും തീക്കൊളുത്തിയ പന്തങ്ങൾ പ്രകാശിക്കുന്നുണ്ടായിരുന്നു. ഭയങ്കര യുദ്ധമാണ് നടക്കുന്നത്. കുന്തവുമേന്തി കുതിരപ്പുറത്ത് ഞാൻ ഇരയെ അന്വേഷിച്ചു നടക്കുകയാണ്. എൻെറ മുമ്പിലൂടെ വൃദ്ധനായ ഒരു മുസൽമാൻ ഒരു ചെറിയ കുട്ടിയേയും മാറോടണച്ചുപിടിച്ച് ഓടുന്നുണ്ടായിരുന്നു. മുഷിഞ്ഞുനാറിയ ആയാളുടെ ബനിയൻ പല സ്ഥലത്തും കീറിയിട്ടുണ്ടു്. ഒരു കറുത്ത തലക്കെട്ടാണു് ആയാൾ ധരിച്ചിരുന്നതു്. കുട്ടി ഭയപ്പെട്ടു് ഉറക്കെ നിലവിളിച്ചിരുന്നു. തൻെറ കുഞ്ഞിക്കൈകൾകൊണ്ടു് അവൻ വൃദ്ധൻെറ കഴുത്തിൽ മുറുകെ പിടിച്ചിട്ടുണ്ടു്. ഓടി ഓടി ആ മുസൽമാൻ തടഞ്ഞു വീണു. ഉടനെ ഞാൻ അവിടെ എത്തി കുന്തം ആയാളുടെ നെഞ്ചത്തുവെച്ചു. വൃദ്ധൻ പെട്ടെന്നു് എഴുന്നേററുനിന്നു. ആയാൾ വിനയപൂർവ്വം എൻെറ മുഖത്തുനോക്കി കൈ ഇളക്കിക്കൊണ്ടു് പറഞ്ഞു:

"വേണ്ട, മകനെ എന്നേ കൊല്ലണ്ട"

ആ ചിത്രം ഇന്നും ഞാൻ ഓക്കുകയാണ്. വൃദ്ധന്റെ മുഖം ഭയംകൊണ്ടു് വിളത്തിരുന്നു. മേൽപ്പോട്ടു പൊന്തിച്ച കൈകൾ വിറക്കുന്നതായി ഞാൻ കണ്ടു. കീറിയ ബനിയനുള്ളിലൂടെ ആയാളുടെ മാറിടം എനിക്കു് കാണാമായിരുന്നു; എന്റെ കുന്തത്തിന്റെ മുന അവിടെയാണ് ഞാൻ വെച്ചിരുന്നതു്. നരച്ച രോമങ്ങൾ അവിടെയുണ്ടായിരുന്നു. എന്റെ അച്ഛന്റെ മാറത്തുള്ളതു പോലെ. ആ വൃദ്ധന്റെ പുരികംപോലും നരച്ചിരുന്നു. ഒരു പിതാവിന്റെ സ്വരത്തിലാണ് ആയാൾ "വേണ്ട മകനെ എന്നെ കൊല്ലണ്ട" എന്നു അപേക്ഷിച്ചതു്. ആ സ്വരം എന്റെ അച്ഛന്റെ സ്മരണ എന്നിൽ ഉളവാക്കി. ഞാൻ ആ കുന്തം ആയാളുടെ നെഞ്ചത്തുനിന്നു് എടുക്കാൻ തുടങ്ങിയപ്പോഴേക്കും പിന്നിൽനിന്നു് കട്ടത്ത ഒരു സ്വരം കേട്ടു: "എടാ നായേ, ബ്രാഹ്മണാ, ഇതാണോ നിന്റെ ശൌര്യം, മാറിനില്ക്കു്, കഴുതേ."

ഇത്രയും പറഞ്ഞു് ബല്ലോ തന്റെ കറുത്ത കുതിരപ്പുറത്തു് കയറി അവിടെ എത്തി. ആയാൾ തന്റെ കുന്തംകൊണ്ടു് വൃദ്ധനായ ആ മുസൽമാന്റെ നെഞ്ചു് പിളന്നു് അവിടെനിന്നു് ഓടിപ്പോയി.

ഉടൻതന്നെ ആ കറുത്ത കുതിരയുടെ കാൽക്കൽ വൃദ്ധൻ പിടഞ്ഞുവീഴുന്നതു് ഞാൻ കണ്ടു. ആ പിഞ്ചു പൈതൽ ആയാളുടെ കയ്യിൽനിന്നു് തെറിച്ചു് അടുത്തുണ്ടായിരുന്ന ഒരു കുഴിലേക്കു് ഉരുണ്ടു.

പിന്നെ നിരവധി ആക്രമണകാരികൾ ആ വഴി യെ ഓടിപ്പോയി; എൻെറ കണ്ണുകൾ നിറഞ്ഞു. എനി ക്കു് യാതൊന്നും കാണാൻ വയ്യാതായി. കുതിരപ്പുറത്തി രുന്ന എൻെറ ശരീരം വിറച്ചുതുടങ്ങി. മനസ്സിൽ അതി കഠിനമായ ഒരു വേദന അനുഭവപ്പെട്ടു. ഉടനെ ഞാൻ എൻെറ കയ്യിലുണ്ടായിരുന്ന കുന്തം ദൂരെ എറിഞ്ഞ് ആ കശാപ്പ്സ്ഥലത്തുനിന്നു് പുറത്തേക്കു വന്നു.

നാലഞ്ചു മണിക്കൂറുകൾക്കുള്ളിൽ അവിടെ പട്ടാള ത്തിൻെറ സഹായം എത്തിയതായി ഞാൻ കേട്ടു. അ പ്പോഴേക്കും അക്രമികൾ അവരുടെ കാര്യം നടത്തി ഓടി പ്പോയിരുന്നു. മൈതാനത്തിൽ ആയിരക്കണക്കിൽ മു സൽമാന്മാരുടെ ശവശരീരം കിടപ്പുണ്ടായിരുന്നു.

# 11

ആ രാത്രി എനിക്ക് തീരെ ഉറക്കം വന്നില്ല. ഇടയ്ക്കിടെ ഒന്നു മയങ്ങും; ഉടനെ ഞെട്ടിയുണരും. അച്ഛൻെറ മുഖമായിരിക്കും ചിലപ്പോൾ കാണുന്നത്. ചിലപ്പോൾ ആ വൃദ്ധനായ മുസൽമാൻെറ കുന്തംകൊണ്ട് പിളന്ന മാറിടവും. പിന്നെ കുറേനേരത്തിന്ന് ഞാൻ തീരെ അസ്വസ്ഥനാവും; അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞു കിടക്കും. ഷാദാം മുടിയഴിച്ചിട്ട് പൂൽപ്പുല്ലിൻെറ ആ കാട്ടുകളിലേക്ക് ഉറക്കെ നിലവിളിച്ചുകൊണ്ട് ഓടുന്നതും, കാടിന്ന് തീപ്പിടിച്ചതും ഞാൻ കാണും. കണ്ണുതുറന്നാൽ ഒന്നുമുണ്ടാവില്ല. അങ്ങിനെ നേരം കഴിച്ചുകൂട്ടി. കണ്ണിൽ ഉറക്കമാകട്ടെ കണ്ണുനീരാകട്ടെ ഇല്ല. ഞാൻ അവിടെനിന്ന് എഴുന്നേററ് പുറത്തേക്ക് നടന്നു.

പ്രഭാതമായിരുന്നില്ല. നല്ല ഇരുട്ട്. ആകാശത്തിൻെറയും ഭൂമിയുടെയും നടുക്ക് നേരിയ വെളിച്ചം മാ

ന്നുണ്ട്. പുലരാൻ കാലമായി എന്ന സൂചന നല്കുന്നതായിരുന്നു അത്, ഞാൻ ആ വെളിച്ചത്തിലാണ് ക്യാമ്പിൽനിന്നു് പുറത്തേക്കു് കടന്നതു്. ഞാൻ ഡക്കി മൈതാനത്തിന്നുനേരെ നടന്നു. അവിടെക്കു് പോകണമെന്നു് ആഗ്രഹമുണ്ടായിരുന്നില്ലെങ്കിൽകൂടി എന്തോ ഒരു ശക്തി എന്നെ അങ്ങോട്ടു് കൊണ്ടുപോയി.

കുറച്ചു കഴിഞ്ഞപ്പോൾ വെളിച്ചം പരന്നുതുടങ്ങി. എന്നാൽ ഇരുട്ട് നല്ലവണ്ണം പോയിരുന്നതുമില്ല. കുന്നും കുണ്ടുമെല്ലാം തിരിച്ചറിയാൻ തുടങ്ങി. മങ്ങിയ നിഴലുകൾ വെളിച്ചത്തേയും പ്രതീക്ഷിച്ചിരുപ്പാണു്. എൻെറ കാലിന്നടിയിൽനിന്നു് ഒരു മുയൽ ചാടി ഓടിപ്പോയി. അത് ദൂരെയുള്ള ഒരു കുന്നിൻെറ മുകളിലേക്കു് ഓടിമറഞ്ഞു. പെട്ടെന്നു് ഞാൻ ഒന്നു ഞെട്ടി. പിന്നെ ധൈര്യപൂർവ്വം മുമ്പോട്ടുനടന്നു.

മുമ്പിലുള്ള ആ വളവിൽ ആൽവൃക്ഷം മുഴുത്ത അന്ധകാരവും പരത്തിക്കൊണ്ടു് നിൽപുണ്ടു്. വളവുതിരിഞ്ഞു് മുമ്പോട്ടുനടന്നു് ഞാൻ ആ മൈതാനത്തിലേക്കു് നോക്കി. പട്ടാളക്കാർ അങ്ങുമിങ്ങും കാവൽ നില്ക്കുന്നുണ്ടു്. ഇപ്പോഴാണു് അവർ എത്തിയതു്. മനുഷ്യജീവിതം ദയനീയമായി വിളിച്ചുകൊണ്ടിരുന്ന അവസരങ്ങളിൽ അവർ എന്തുകൊണ്ടു് വന്നില്ല.

എന്നെക്കണ്ട സെൻറി ഉടനെ 'ഹാൾട്ട്" എന്നു പറഞ്ഞു. ഞാൻ അവിടെ നിന്നു. സെൻറി അടുത്തുവന്നു് എന്നെ സൂക്ഷിച്ചുനോക്കി. കടുത്ത സ്വരത്തിൽ പറഞ്ഞു: "നീ ആരാണു്?"

ഞാൻ: ഹിന്ദുവാണ്.

സെൻറി: എന്തിനാണ് ഇവിടെ വന്നതു്?

പെട്ടെന്നു് ഞാൻ പറഞ്ഞുപോയി: "എൻെറ തോക്കു് ഇവിടെ വീണുപോയി. അതെടുക്കാൻ വന്നതാണ്."

സെൻറി ഒന്നു് പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു: "പോയി തിരഞ്ഞുനോക്കൂ."

ഞാൻ മൈതാനത്തിൽ പ്രവേശിച്ചു. നാലുഭാഗത്തും ശവങ്ങൾ നിറഞ്ഞുകിടക്കുന്നു. ചെറുപ്പക്കാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ശവങ്ങൾ അങ്ങിനെ തലങ്ങും വിലങ്ങും കിടക്കുന്നു. ചില ശവങ്ങൾ നഗ്നങ്ങളാണ്; ചിലവയുടെ കൈകാലുകൾ മുറിഞ്ഞിരുന്നു. ചിലവ കണ്ണുതുറിച്ചു കിടക്കുന്നു. ചിലവ കണ്ണടച്ചാണ് കിടക്കുന്നതു്. ജീവിതത്തിൻെറ വിഷം മുഴുവൻ കുടിച്ചുതീർത്ത ആ ശവങ്ങൾ എന്നെന്നേയ്ക്കുമായി ഉറങ്ങുകയാണ്.

ദൂരത്തുനിന്നു് ഒരു കുട്ടിയുടെ കരച്ചിൽ കേട്ടു. ഞാൻ ആ ഭാഗത്തേക്കു് നടന്നു. ശവങ്ങളെ ചാടിക്കടന്നും ചവിട്ടിയുംകൊണ്ടു് ധൃതഗതിയിൽ ഞാൻ നടന്നു. അവിടെ എത്തിയപ്പോൾ കണ്ടതെന്താണ്! നാലുഭാഗത്തും ശവങ്ങൾ കൂടിക്കിടക്കുന്നുണ്ടു്. അതിൻെറ ഇടയിൽ ഒരു കുട്ടി രണ്ടു കൈകൾകൊണ്ടും കണ്ണുപൊത്തി കരയുകയാണ്. "അച്ഛാ, അച്ഛാ എനിക്കു് വല്ലാതെ വിശക്കുന്നു."

അച്ഛൻ കുട്ടിയുടെ അടുത്തു് മരിച്ചുകിടക്കുന്നു. ആയാളുടെ നരച്ച രോമമുള്ള മാറിടം കുന്തംകൊണ്ടു് പിളർന്നിട്ടുണ്ടു്. കറുത്ത ഒരു വലിയ മുറി. മുറിയുടെ ചുററും രക്തം മനുഷ്യവിദ്വേഷംപോലെ കട്ടിപിടിച്ചു കിടപ്പുണ്ടു്.

കുറച്ചുനേരം ഞാൻ തരിച്ചു നിന്നുപോയി. കരയുന്ന കുട്ടിയെ ഞാൻ നിഷ്പന്ദനായി നോക്കി. കുട്ടി എന്നെക്കണ്ടു് കരച്ചിൽ നിർത്തി. അവൻ എന്നെയും ഞാൻ അവനെയും നോക്കിനിന്നു. ഞങ്ങൾ രണ്ടുപേരും അപരിചിതർ. ശവങ്ങളുടെ നടുവിൽവെച്ചാണു് കണ്ടുമുട്ടുന്നതു്. ഇതിൻെറയെല്ലാമർത്ഥമെന്താണെന്നു് മനസ്സിലാക്കാൻ കഴിയാതെ അത്ഭുതത്തോടുകൂടിയാണു് ഞങ്ങൾ അന്യോന്യം നോക്കിയിരുന്നതു്.

കുട്ടി എന്നെ നോക്കി; പിന്നെ അടുത്തുകിടക്കുന്ന ശവങ്ങളെ നോക്കി. ആ പിഞ്ചു മനസ്സിന്നു് ഒന്നുംതന്നെ മനസ്സിലായില്ല. അപ്പോൾ അവൻ തൻെറ കുഞ്ഞിവിരൽ വായിലിട്ടു് അതു് കുടിക്കാൻ തുടങ്ങി. കുറേനേരം അങ്ങിനെ കുടിച്ചു് അവൻ തലപൊന്തിച്ചു് നിഷ്കളങ്കമായ ആ മുഖം എൻെറ നേക്കു് തിരിച്ചു. എനിക്കു് ഹൃദയത്തിൽ തീക്കോരി ഇട്ടന്നതുപോലെ തോന്നി. ഭയാനകമായ ആ കാളരാത്രിയെപ്പററി ഞാൻ ഓർത്തു. എൻെറ ആത്മാവിന്നു് ദുസ്സഹമായ അസ്വാസ്ഥ്യം തോന്നി. വിശന്നു കരയുന്ന ആ പിഞ്ചു പൈതലിൻെറ ആത്മാവ് എൻെറ ആത്മാവിൽവന്നു് അള്ളിപ്പിടിച്ചു: അനായാസമായി എൻെറ കൈകൾ ആ കുട്ടിയുടെ നേക്കു്

നീങ്ങി. ഞാൻ അവനെ ശവങ്ങളുടെ ഇടയിൽനിന്ന് എടുത്തു് മാറോടണച്ചു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഞാൻ അവന്റെ മുഖം തെരുതെരെ ചുംബിച്ചു.

ആ മുസൽമാൻ കുട്ടി തേങ്ങിക്കരഞ്ഞു് എന്റെ മാറത്തുപററി. അവന്റെ കുഞ്ഞിക്കൈകൾ എന്റെ കഴുത്തിൽ ചുററിപ്പിടിച്ചു. ആ സമയത്തു് എനിക്കു് എന്റെ പ്രതികാരവാഞ്ഛ മുഴുവൻ ആവിയായി പോയതുപോലെ തോന്നി. ഹൃദയം ശുദ്ധമായി; വിദ്വേഷങ്ങൾ അസ്തമിച്ചു. എന്റെ ആത്മാവിന്റെ നീറലും പുകച്ചിലും മാറി. ആ നിമിഷത്തിൽ എനിക്കു് എന്റെ കുട്ടിയെ കിട്ടിയ ഒരു പ്രതീതിയാണു് ഉണ്ടായതു്. ഞാൻ ആ കുട്ടിയേയുമെടുത്തു് നാലുഭാഗവും നോക്കുവാൻ തുടങ്ങി. എന്റെ ചുററും ശവങ്ങൾ മാത്രമാണു് ഉണ്ടായിരുന്നതു്.

ഞാൻ ഇങ്ങിനെ വിചാരിച്ചു: "എന്തിനാണു് നമ്മൾ തലയുയർത്തി നടക്കുന്നതു്? സംസ്കാരത്തെപ്പററി പൊങ്ങച്ചം പറയുന്നതു്? തെററു് സമ്മതിക്കുവാൻ എന്തിനു് നമ്മൾ മടിക്കുന്നു? അപൂർണ്ണവും അപകപവുമായ ഈ സംസ്കാരങ്ങൾ ഗഹനമായ അന്ധകാരത്തേയും ഭേസിയാണു് നടക്കുന്നതു്. ഹിന്ദുസംസ്കാരവും മുസൽമാൻ സംസ്കാരവും ക്രിസ്ത്യൻ സംസ്കാരവും സിക്കു് സംസ്കാരവും യൂറോപ്യൻ സംസ്കാരവും എഷ്യൻ സംസ്കാരവും എല്ലാം ഒരുപോലെത്തന്നെ. പുറമേക്കു് പ്രകാശമാനമായിത്തോന്നുന്ന ഈ സംസ്കാരങ്ങൾക്കുള്ളിൽ എത്ര ഭീമമായ ഗർത്തങ്ങളും അന്ധകാരവു

മാണ് അടങ്ങിയിരിക്കുന്നതു്? ഇവയെക്കുറിച്ച് ആരും പറയുന്നില്ല. പറയുന്നതെല്ലാം വളരെ കേമമായിട്ടാണു്. ഈ സംസ്കാരങ്ങളുടെ സുന്ദരമായ മൂട്ടപടം പൊന്തിച്ച് ആരെങ്കിലും നോക്കാൻ പുറപ്പെട്ടാൽ അവൻ അവിശ്വാസിയായി. അവന്നു് രക്ഷയില്ല. കുന്തംകൊണ്ടു് അവൻെറ നെഞ്ച് പിളക്കുകയായി. എന്നാൽ എനിക്കു് ഇനി ആരേയും ഭയമില്ല."

ആ ശവങ്ങളുടെ ഇടയിൽക്കൂടി നടന്നു് നടന്നു് ഭയമെന്നതു് എന്തെന്നറിയാതായി എനിക്കു്, സ്വന്തം തലയറുത്തു് എറിഞ്ഞതുപോലുള്ള ഒരനുഭവമാണു് എനിക്കുണ്ടായതു്. എനി ഒരു കാര്യത്തിലും എനിക്കു് അത്ഭുതം തോന്നില്ല. കഠാരി പിന്നിൽ ഒളിപ്പിച്ചുവെച്ചു കൊണ്ടു് പറയപ്പെടുന്ന വാക്കുകൾ എനിമേൽ എൻെറ ചെവികളെ വഞ്ചിക്കുകയില്ല. ഞാൻ ആരുടെ കുററവും മണത്തറിയാനും പോകുന്നില്ല.

ആ ശവങ്ങളിൽക്കൂടി നടക്കുന്ന അവസരത്തിൽ ഞാൻ സമുദായത്തിൻെറ ആദശ്ശങ്ങളെ ഒന്നു് പരിശോധിച്ചുനോക്കി പകച്ചുനിന്നുപോയി. വെറും പുറംപൂച്ച്! ആ മുസൽമാൻകുട്ടിയെ മാറോടണച്ച് ഞാൻ പഴയ ആചാരക്രമങ്ങളെ ദഹിപ്പിച്ചുകളഞ്ഞു. നിശ്ചിന്തതയും ശാന്തിയും എനിക്കു് കൈവന്നതായി തോന്നി. എനി ആക്കും എന്നെ ഒന്നും ചെയ്യുക സാദ്ധ്യമല്ല. തല തിരിഞ്ഞ ഒരു മനുഷ്യനായിത്തീന്നിരുന്നു ഞാൻ.

മൈതാനത്തിൽനിന്നു് പുറത്തേയ്ക്കു് പോരുമ്പോൾ

കാവല്ക്കാരൻ എന്നെ തടഞ്ഞു. ഞാൻ പറഞ്ഞു: "തോക്ക് കിട്ടിയില്ല."

ആയാൾ: പിന്നെ എന്തിനാണ് കുട്ടിയെ എടുത്ത് കൊണ്ടുപോകുന്നത്?

ഞാൻ: ഈ കുട്ടിക്ക് ജീവനുണ്ട്.

ആയാൾ: ജീവനുണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി; കുട്ടിയെ എടുത്ത് കൊണ്ടുപോകാൻ നിങ്ങൾക്കധികാരമില്ല; അവിടെ കിടന്നോട്ടെ.

ഞാൻ: ഞാൻ ഇതിനെ കൊല്ലും. പാമ്പിൻെറ കുട്ടിയാണ്, എന്തിനു് ജീവിക്കാൻ വിടുന്നു?

കാവല്ക്കാരൻെറ മുഖത്ത് സംശയവും ശങ്കയും നിഴലിക്കുന്നത് കണ്ടു. ആയാൾ നിത്തിനിത്തി പറഞ്ഞു: "നിങ്ങൾ ഇതിനെ കൊല്ലുമെന്നു് തീച്ച്യയാണോ?"

ഞാൻ: ഞാൻ വെട്ടിനുറുക്കും. എന്നിട്ട് പുഴയിൽ ഒഴുക്കും.

ഞാൻ കാവൽക്കാരൻെറ നേരെ നോക്കി ഒന്ന് കണ്ണിട്ടു. ആയാൾ ഒന്ന് ചിരിച്ചു. ,പിന്നീട് പറഞ്ഞു: "നിങ്ങൾ കൊണ്ടുപോകു."

കുട്ടി ഉറക്കെ കരയുവാൻ തുടങ്ങി. ഞാൻ അവനെ എടുത്തു് അതിവേഗം നടന്നു. പെട്ടെന്നു് കാവൽക്കാരൻ പിന്നിൽനിന്നു് വിളിച്ചു: "നില്ലവിടെ."

എന്നാൽ ഞാനതു് കേട്ടഭാവം നടിക്കാതെ ഓടി. ഉടൻതന്നെ ഒരു വെടിപൊട്ടുന്ന ശബ്ദം കേട്ടു. ഒരു ഉണ്ട എന്റെ കാലിന്മേൽ ഉരസിക്കൊണ്ടു് പാഞ്ഞുപോയി. എന്നിട്ടും ഞാൻ ഓടിക്കൊണ്ടിരുന്നു. ഒടുവിൽ ഓടിയോടി ഒരു കുന്നിന്റെ താഴ്‌വരയിൽ എത്തി. അവിടെയിരുന്നു് കാലിന്മേൽ പററിയ മുറി നോക്കി. അതിൽനിന്നു് ചോരയൊലിക്കുന്നുണ്ടായിരുന്നു.

രാവിനദീതീരത്തെത്തിയപ്പോൾ നേരം വെളുത്തിരുന്നു. കുട്ടിയെ അവിടെ ഇരുത്തി ഞാൻ ആലോചിക്കുവാൻ തുടങ്ങി:

"എനി എവിടേക്കാണു് ബൈജ്നാഥ് നീ പോകുക? ഹിംസയുടെയും അക്രമത്തിന്റെയും വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും കൊടുങ്കാററിൽനിന്നു് രക്ഷപ്പെട്ടാണു് നീ ഇങ്ങോട്ടു് വന്നതു്. അതിവിടെയും ഉണ്ടു്. രണ്ടു സംസ്കാരങ്ങളേയും നീ അംഗീകരിക്കുന്നില്ല. ഇതിൽനിന്നു് രക്ഷപ്പെട്ടു് നീ എവിടെ പോകും? നീ ഹിന്ദുസ്ഥാനിയുമല്ല, പാക്കിസ്ഥാനിയുമല്ല. രണ്ടു വിഭാഗത്തിന്നും നിന്നോടു് വെറുപ്പാണു്. അതുകൊണ്ടു് മനുഷ്യത്വരഹിതവും ശൂന്യവുമായ ഈ ലോകത്തിൽ നീ ഈ കുട്ടിയേയുംകൊണ്ടു് എവിടെയാണു് താമസിക്കാൻ പോകുന്നതു്? മഹത്തായ ആദർശങ്ങളെല്ലാം മറന്നു് കുട്ടിയെ ആ കൊടുങ്കാററിലേക്കു് തള്ളിവിട്ടു് വീട്ടിലേയ്ക്കു് മടങ്ങിപ്പോകുക. സ്വന്തം രാജ്യത്തിൽ അവനവന്റെ ആൾക്കാരുടെയും സമുദായത്തിന്റെയും ഇടയിൽ പ്രസ്തുതസംസ്കാരത്തിൽ ജീവിക്കാൻ ശ്രമിക്കുക. പാ

ക്കിസ്ഥാൻ എനി നിൻ്റെ രാജ്യമല്ല. ഇതാണ് നിൻ്റെ രാജ്യം.

"എന്നാൽ എൻെറ രാജ്യം അതല്ലെന്ന് എങ്ങിനെ പറയാം? അവിടുത്തെ ഓരോ മൺതരിയും എൻ്റെ ഹൃദയത്തിൽ രത്നംപോലെ പ്രകാശിക്കുന്നു. ഇതാണെൻെറ ദേശമെന്ന് എങ്ങിനെ പറയും? ഇവിടുത്തെ അന്തരീക്ഷം എനിക്കപരിചിതമാണ്. രാവിയുടെ അക്കരയും ഇക്കരയും തമ്മിൽ ഞാൻ ഒരു വ്യത്യാസവും കാണുന്നില്ല. രണ്ടുഭാഗത്തും മണൽ കൂടിക്കിടക്കുന്നു. ശവങ്ങൾ നിറഞ്ഞുകിടക്കുന്നു. മദ്ധ്യത്തിൽക്കൂടി രാവിയുടെ ജലം ഒഴുകുന്നു. ഹിന്ദുക്കളും മുസൽമാന്മാരും ഈ രാജ്യത്ത് വരുന്നതിന്നുമുമ്പും അത് അങ്ങിനെ ഒഴുകിക്കൊണ്ടിരിക്കയാണ്"

"എന്നാൽ ഒരു കാലം അടുത്തുവരുമെന്നുള്ളത് തീർച്ചയാണ്. അന്ന് ഇന്ത്യയും ഇറാനും അഫ്ഗാനിസ്ഥാനും അമേരിക്കയും റഷ്യയും ചീനയും ജപ്പാനും എല്ലാം ഉണ്ടാവുമെങ്കിലും ഇല്ലാത്ത ഫലമായിരിക്കും. ഭൂമി മുഴുവൻ അതിൽ താമസിക്കുന്ന മനുഷ്യക്ക് ഒരു ഗ്രാമംപോലെ തോന്നും. അങ്ങിനെ ഓരോരുത്തനും അവനവൻ്റെ സ്ഥലത്ത് താമസിച്ച് ജോലിയെടുത്ത് ജീവിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യും. സ്വാതന്ത്ര്യവും ക്ഷേമവും സമൃദ്ധിയും വിളയാടുന്ന ഒരു കാലമായിരിക്കും അത്"

"ഞാൻ എന്തിനാണ് ഇങ്ങിനെയെല്ലാം ചിന്തിക്കുന്നത്? മാന്യന്മാരും സഭ്യരും ബുദ്ധിമാന്മാരും പഠിപ്പുള്ളവരും ആയ മനുഷ്യന്മാർ ഇതേപ്രകാരത്തിലായിരി

ക്കുമോ ചിന്തിക്കുക? അവർ എന്തിന്നു് സ്വന്തം രാജ്യങ്ങളേയും ജാതികളേയുംപററി ഇത്രയധികം മമതയുള്ളവരായിത്തീരുന്നു! എനിക്കെന്തുപററി? എന്തിനാണു് ഇത്തരം ചിന്തകൾ എൻെറ ആത്മാവിനെ ഇങ്ങിനെ മഥിക്കുന്നതു്? ആർ എന്തുതന്നെ വിചാരിച്ചാലും ശരി, പറഞ്ഞാലും ശരി, ഒരു കാലത്തു് ഞാൻ വിഭാവനം ചെയ്യുന്ന ലോകം വരുമെന്നു് എൻെറ ആന്തരാത്മാവ് എന്നോട്ട് മന്ത്രിക്കുകയാണു്. ഒരുപക്ഷെ അതു് നാളെ ഉണ്ടായെന്നുവരാം; വളരെക്കാലം താമസിച്ചു എന്നും വരാം. എന്തായാലും ജീവികളിൽവെച്ച് ഏററവും ശ്രേഷ്ഠൻ മനുഷ്യനാണെന്നും അവൻെറ ജീവിതത്തിന്നു് ഒരു ലക്ഷ്യമുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. അവന്റെ സംസ്ക്കാരം ഉദ്ദേശരഹിതമല്ല. ഒരു നല്ല ഭാവിയ്ക്കുവേണ്ടി പ്രയത്നിക്കുന്നതിന്നു് സഹായം നൽകുന്ന ഒന്നാണതു്. അങ്ങിനെ മനുഷ്യൻ തൻെറ ദോഷങ്ങളോട്ട് മല്ലിട്ടു്, മൃഗീയസ്വഭാവത്തെ ദമനംചെയ്തു് പ്രകൃതിരഹസ്യങ്ങൾ കണ്ടറിഞ്ഞു് മനുഷ്യത്വത്തെ ആരാധിക്കുന്ന ഒരു കാലം വന്നുചേരാതിരിക്കുകയില്ല. ജീവിതത്തിൻെറ പരമമായ ലക്ഷ്യം അതാണു്."

ആ കാലത്തേയും പ്രതീക്ഷിച്ച് ഞാൻ ജീവിക്കുക തന്നെവേണം. ഈ കുട്ടിയെ വളർത്തണം; അവനും ജീവിക്കണം. ഇരുട്ടിനെ പേടിച്ചോട്ടുന്ന വെളിച്ചത്തെ പിടിച്ചുനിർത്തണം. അതിൻെറ പ്രകാശം ലോകത്തിന്നു് അനുഭവപ്പെട്ടുത്തിക്കൊടുക്കണം. അവർ ഒരുപക്ഷെ എന്നെ പരിഹസിക്കും, വെറുക്കും, തള്ളിക്കളയും. എന്നാൽ മനുഷ്യത്വത്തിൻെറ മാഹാത്മ്യത്തെ എന്തു സഹി

ച്ചും ഞാൻ നിലനിൽക്കതന്നെ ചെയ്യും. അവിരതം ഞാൻ മുന്നോട്ടുപോകും.

കുട്ടി എൻെറ മുഖത്തു് ആശ്ചര്യത്തോടെ നോക്കി പറഞ്ഞു: "നീ ആരാണു്?"

ഞാൻ: നിൻെറ അമ്മാമൻ.

"അമ്മാമനോ?" ഭയപ്പെട്ടുകൊണ്ടു് അവൻ ചോദിച്ചു: "നീ എനിക്കു് അപ്പം തരുമോ?"

ഞാൻ ഇടറിയ തൊണ്ടയോടുകൂടി പറഞ്ഞു: "തരാം, ഞാൻ നിനക്കു് അപ്പം തരാം."

നദിയുടെ ഇക്കരയിൽനിന്നു് അക്കരയിലേക്കു് നല്ല പ്രകാശം പരക്കുന്നതായി ഞാൻ കണ്ടു. ഞാൻ കുട്ടിയെ എടുത്തു് മാറോടണക്കുകയും അവൻെറ കവിളത്തു് ഉമ്മ വെക്കുകയും ചെയ്തു. പിന്നെ ഞാൻ അവനെ എടുത്തു് ചുമലിൽ കിടത്തി ആശയുടെ താഴ്‌വരയിലേയ്ക്കു് നടന്നു. സൂര്യഭഗവാൻ എന്നെന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആശയുടെ താഴ്‌വരയിലേക്കു്.

SENGUPTA PUBLIC LIBRARY • KOZHIKODE-1.
A. 2011
5897

MICAL STUD

SOVIET SCIENCE AND TECHNOLOGY

# Soviet Scientific Exhibition in Delhi



240570



*Young visitors evinced keen interest in the exhibits.*

Photo by V. ARUTIUNOV

അവിശ്വാസി
കിഷൻചന്ദർ

'KIEV, the Scientific and Indus[illegible] Capital of the Soviet Ukraine" exhibition was inaugurated by the then Mayor of Delhi Mr. M.S. Sa[illegible] at the House of Soviet Science, Culture and Art on January 5.

The exhibition, which was the first of its kind in India, displayed the latest scientific developments in various branches of the national [illegible]onomy and introduced viewers to [illegible] dynamic world of scien[illegible] and [illegible] and to the specific [illegible] [illegible]de by the Ukraini[illegible] [illegible] the exhibition [illegible] of both the countries. Underlining the ongoing cooperation between the scientists of the Soviet Union and India he said that it would immensely benefit India.

Among the participants in the exhibition were the Ukrainian Academy of Sciences, one of the major Soviet scientific centres, Yevgeny Paton Electrical Welding Institute, the Institute of Superhard Materials, the Kiev Polytechnic and the Institute of Civil Engineering, to name just a few.

[illegible] scientists of Kiev are taking [illegible] major development [illegible] me[illegible] CMEA [illegible] low-waste and energy-saving technologies.

The industries section in the exhibition displayed a series of tools, products and equipment manufactured in Kiev, including model aircraft representing the designs of the Soviet Union's leading aircraft named after Antonov, photo cameras made at the "Arsenal" plant, industrial and consumer products of Korolov and electrical appliances made by industrial amalgamations and different types of medical equipment.

Visitors to the exhibition were [illegible]ed the opportunity to take

A. 2011
240570